# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 മാർച്ച് വോള്യം: 9 ലക്കം: 7



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർധിക്കുമ്പോഴും കുറച്ചുപേരിൽ മാത്രം സമ്പത്ത് കുമിഞ്ഞുകൂടുന്നത് സംബന്ധിച്ച് പൊതുവായ ചർച്ചകൾ പോലും നടക്കുന്നില്ല. അവസരങ്ങളിലെ സമത്വം പോലും ചിലയാളുകൾക്ക് അപ്രായോഗികമായ സ്വപ്നമായി തുടരുകയാണ്.

**07** മുതലാളിത്തത്തിന്റെ സ്വത്ത് കൈമാറ്റം — പ്രഭാത് പട്നായിക്




**09** സാർവദേശീയ വനിതാ ദിനത്തിന്റെ പ്രതിജ്ഞ — കെ. ഹേമലത

മുതലാളിത്ത പ്രതിസന്ധിയും അത് മറികടക്കാൻ സ്വീകരിക്കുന്ന കർഷക തൊഴിലാളി ജനവിരുദ്ധ കുത്തക പ്രീണന നയങ്ങളും അതിനെതിരെ രൂപം കൊണ്ട വർഗസമരവും മൂലം വിവിധ ഭരണ വർഗ്ഗങ്ങൾക്കിടയിൽ സംഘർഷങ്ങൾ രൂപം കൊണ്ടിരിക്കുന്നു.

**12** സമരങ്ങളുടെ വേലിയേറ്റം — എ.ആർ. സിന്ധു



**17** ബൈഡന്റെ ചൈനാ നയവും ക്വാഡും — ജോസ് ടി എബ്രഹാം

**22** സിഐടിയു ഡിവൈഎഫ്ഐ എസ്എഫ്ഐ സംയുക്ത ദേശീയ കൺവെൻഷൻ പ്രഖ്യാപനം

തൊഴിൽ നിയമഭേദഗതി

**26** ഒക്യുപേഷണൽ ഹെൽത്ത് സേഫ്റ്റി ആൻഡ് വർക്കിങ് കണ്ടീഷൻ കോഡ് (OSHWC) 2020ന്റെ കരട് ചട്ടം — ആർ. കരുമലയൻ

**30** എണ്ണവിലയും ജിഎസ്ടിയും




ബാങ്ക് ഇൻഷുറൻസ്

**34** സ്വകാര്യവൽക്കരണത്തിന്റെ കാണാപ്പുറങ്ങൾ — സി.ജെ. നന്ദകുമാർ



**38** കിഫ്ബിയെ അംഗീകരിച്ചത് ആർബിഐയും സെബിയും

**42** എൽഡിഎഫ് ഭരണ തുടർച്ചക്കായി പോരാടാം — എൻ. പത്മലോചനൻ



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# ഉറപ്പാണ് എൽഡിഎഫ് വിജയം

2021 ഏപ്രിൽ 6 ന് പോളിംഗ് ബൂത്തിലെത്തുന്ന കേരള ജനത എൽഡിഎഫിന് തുടർ ഭരണം ലഭിക്കാൻ വോട്ട് രേഖപ്പെടുത്തുമെന്നുറപ്പാണ്. 2016 മുതൽ അഞ്ച് വർഷക്കാലം പിണറായി വിജയൻ സർക്കാരിന്റെ ഭരണ മികവാണ് ഈ സാഹചര്യമൊരുക്കിയത്. ജനങ്ങളെ ദുരിതത്തിലാഴ്ത്തിയ പ്രളയകാലത്തും കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികാലത്തും ജനങ്ങൾക്ക് താങ്ങായി നിന്ന കേരള സർക്കാരിനെ വിസ്മരിക്കാൻ ഒരാൾക്കും കഴിയില്ല. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ലഭിക്കാത്ത സാന്ത്വന സ്പർശമാണ് കേരളത്തിൽ ലഭിച്ചത്. ആത്മവിശ്വാസത്തോടെ മുന്നോട്ട് പോവാൻ ജനങ്ങളെ സഹായിച്ച സർക്കാരിന് വീണ്ടും അധികാരമേൽക്കാൻ അവസരമൊരുക്കാൻ കേരള ജനത സന്നദ്ധമായിക്കഴിഞ്ഞു.

യുഡിഎഫ് ഭരണകാലം, ജനവിരുദ്ധ നയങ്ങളുടെയും അഴിമതിയുടെയും കൂത്തരങ്ങായിരുന്നു. അന്നത്തെ മുഖ്യമന്ത്രിക്കും മറ്റ് ഏതാനും മന്ത്രിമാർക്കും നേരെ ഉയർന്ന് വന്ന 'സോളാർ' ആരോപണങ്ങൾ ജനങ്ങളെ ലജ്ജിപ്പിക്കുന്നതായിരുന്നു. മുമ്പൊരുകാലത്തും ഇത്രയും വൃത്തികെട്ട ആരോപണങ്ങൾക്ക് ഭരണ നേതൃത്വം വിധേയമായിട്ടില്ല. സോളാർ കമ്മീഷൻ കുറ്റവാളികളാണെന്ന് കണ്ടെത്തിയ യുഡിഎഫ് സർക്കാരിലെ മുൻ മന്ത്രിമാരും ഏതാനും പ്രമുഖ നേതാക്കളും നിയമ നടപടികൾ നേരിടുകയാണ്. എന്നാൽ അവരെല്ലാം ഈ തെരഞ്ഞെടുപ്പിൽ യുഡിഎഫിന്റെ സ്ഥാനാർത്ഥികളാണെന്നത് ലജ്ജാകരമാണ്.

അഴിമതിയിൽ മുങ്ങിക്കുളിച്ച ഉമ്മൻചാണ്ടി സർക്കാരിലെ മന്ത്രിമാരും എംഎൽഎമാരായ ചിലരും ജയിലിൽ പോയി. അവരുടെ പേരിലും നിയമ നടപടികൾ തുടരുകയാണ്. അത്തരം അഴിമതിക്കാരെയും സ്ഥാനാർത്ഥി പട്ടികയിൽ ഉൾപ്പെടുത്തുന്നതിൽ യുഡിഎഫിന് ഒരു മനസാക്ഷിക്കുത്തുമുണ്ടായില്ല. ഇത് കേരള ജനതയോടുള്ള വെല്ലുവിളിയാണ്. രാഷ്ട്രീയ ധാർമികതയും പൊതു ജീവിതത്തിലെ സംശുദ്ധിയും തൊട്ടു തീണ്ടിയിട്ടില്ലാത്ത യുഡിഎഫിനെ വെറുപ്പോടെയാണ് ജനങ്ങൾ കാണുന്നത്.

യുഡിഎഫ് ഭരണകാലം വികസന മുരടിപ്പിന്റെയും ജനവിരുദ്ധ നയങ്ങളുടെയും കാലമായിരുന്നു. പൊതുമേഖലാ വ്യവസായങ്ങൾ പലതും തകർന്നു. പുതിയ തൊഴിൽ സൃഷ്ടിക്കുന്ന ഒരു പദ്ധതിയും വന്നില്ല. ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായങ്ങളും തകർന്നു. നാഷണൽ ഹൈവേ വികസനം മുടങ്ങി. വൈദ്യുതി ഉൽപാദനത്തിൽ വർധനവുണ്ടായില്ല. പുറത്ത് നിന്ന് വൈദ്യുതി വാങ്ങുമ്പോൾ കമ്മീഷൻ ലക്ഷ്യം വെച്ചാണ് ആ സർക്കാർ നീങ്ങിയത്. എല്ലാ മന്ത്രിമാരുടെയും ലക്ഷ്യം അഴിമതി മാത്രമായിരുന്നു.

2014 മുതൽ കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ രാഷ്ട്ര താല്പര്യം ബലി കഴിച്ച് എല്ലാ മേഖലയും കോർപറേറ്റുകൾക്ക് കീഴ്പ്പെടുത്തി. "സർക്കാർ യാതൊരു വ്യവസായവും നടത്തേണ്ടതില്ല" എന്ന നയമാണ് മോഡി സർക്കാർ നടപ്പാക്കിയത്. രാജ്യത്തിന്റെ അഭിമാനമായ പൊതു മേഖലാ സ്ഥാപനങ്ങളുടെയെല്ലാം ചരമഗീതം രചിക്കുകയാണ് ബിജെപി സർക്കാർ. റെയിൽവെ, വൈദ്യുതി, പൊതുമേഖലാ ബാങ്കുകൾ, ഇൻഷുറൻസ്, കൽക്കരി, തുറമുഖങ്ങൾ, എയർപോർട്ടുകൾ, ഉരുക്കു വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം കോർപറേറ്റുകളെ ഏൽപിക്കുകയാണ്. കടുത്ത രാജ്യദ്രോഹമാണ് ബിജെപി സർക്കാരിന്റെ നയങ്ങൾ.

രാജ്യത്തെ കർഷകരെ കോർപറേറ്റുകളുടെ ചൂഷണത്തിനെറിഞ്ഞു കൊടുക്കുന്ന നിയമങ്ങൾ ഉണ്ടാക്കി. കർഷകർ ഒറ്റക്കെട്ടായി, ഇതിനെതിരായി സമര രംഗത്ത് വന്നപ്പോൾ അവരെ ഭീകരർ, രാജ്യദ്രോഹികൾ എന്നെല്ലാം ആക്ഷേപിക്കാൻ ബിജെപി മടിച്ചില്ല തൊഴിലാകളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന പുതിയ തൊഴിൽ നിയമങ്ങൾ പാസാക്കിയതും കോർപറേറ്റുകളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ്. തൊഴിലാളികൾ ഒറ്റക്കെട്ടായി ഉയർത്തിയ പ്രതിഷേധങ്ങളെ സർക്കാർ ഒട്ടും ഗൗനിച്ചില്ല. തൊഴിലില്ലായ്മ കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കിലെത്തി. കോവിഡ് കാലത്ത് ഏകദേശം 15 കോടിയോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. കുടിയേറ്റ തൊഴിലാളികൾ നേരിട്ട ദുരിതം വിവരണാതീതമാണ്. തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർക്ക് ഒരു സഹായവും കേന്ദ്ര സർക്കാർ നൽകിയില്ല. കോവിഡ് മഹാമാരിയെ തടയുന്നതിലും രോഗ ബാധിതർക്ക് ചികിത്സ നൽകുന്നതിലും ലോകമാസകലം പ്രശംസിക്കപ്പെട്ട നടപടികൾ സ്വീകരിച്ച കേരളവും കേന്ദ്ര സർക്കാർ നടപടികളും തമ്മിൽ യാതൊരു താരതമ്യവുമില്ല. കൊറോണ വാക്സിൻ സൗജന്യമായി നൽകാൻ പോലും കേന്ദ്ര സർക്കാർ സന്നദ്ധമായില്ല. കേരളത്തിൽ മാത്രമാണ് വാക്സിനേഷൻ സൗജന്യമായി നടത്തപ്പെടുന്നത്.

പെട്രോളിയം ഉൽപന്നങ്ങളുടെ വിലക്കയറ്റം, കോർപറേറ്റുകളുടെ മടിശീല വീർപ്പിക്കുമ്പോൾ ജനങ്ങൾ തീരാദുരിതത്തിലായി. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ രാജ്യത്താകെ വർധിച്ചു. ജീവിത പ്രശ്നങ്ങളുയർത്തി പ്രക്ഷോഭരംഗത്ത് വരുന്ന ജനങ്ങളെ നിഷ്ഠൂരമായി അടിച്ചമർത്തുകയാണ് കേന്ദ്ര സർക്കാർ. കർഷക സമരം തകർക്കാൻ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ അന്തർദേശീയ പ്രതിഷേധത്തിനിടയാക്കി. കരിനിയമങ്ങൾ ഉപയോഗിച്ച് ജനകീയ സമരങ്ങളെ നേരിടുകയാണ് കേന്ദ്ര സർക്കാർ. ജനാധിപത്യ വ്യവസ്ഥയെ പരസ്യമായി വെല്ലുവിളിക്കുന്ന നടപടികളാണ് മോഡി സർക്കാർ കൈക്കൊള്ളുന്നത്.

ജനങ്ങളുടെ ഐക്യം തകർക്കാൻ വർഗീയത ആയുധമാക്കുകയാണ് സംഘപരിവാർ. ഗോവധ നിരോധനം, മിശ്ര വിവാഹ നിരോധന നിയമങ്ങൾ തുടങ്ങിയവ ഈ ലക്ഷ്യം വെച്ചാണ് പ്രയോഗിക്കുന്നത്. 1991 ലെ ആരാധനാലയ സംരക്ഷണ നിയമം പുനഃപരിശോധിക്കണമെന്ന സുപ്രീം കോടതിയുടെ നിർദേശം സംഘപരിവാറിന്റെ കയ്യിൽ മറ്റൊരു ആയുധമായി മാറാൻ പോവുന്നു. പൗരത്വ രജിസ്റ്റർ തയാറാക്കൽ ഉടൻ ആരംഭിക്കുമെന്ന അമിത്ഷായുടെ ഭീഷണി. മതന്യൂനപക്ഷങ്ങളെ ലക്ഷ്യം വെച്ചാണ്. ഈ ബഹളങ്ങൾക്കിടയിൽ ജനങ്ങളുടെ ജീവിത ക്ലേശങ്ങൾ, ശ്രദ്ധിക്കപ്പെടാതെ പോവുകയും ജനങ്ങളെ കൊള്ളയടിച്ച് മുകേഷ് അംബാനിയെ പോലുള്ള കുത്തക മുതലാളിമാരുടെ ആസ്തി വർധിക്കുകയും ചെയ്യുന്നു.

സംഘപരിവാർ ഉയർത്തുന്ന വർഗീയ ഭീഷണിയെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്നത് ഇടത്പക്ഷം മാത്രമാണ്. എല്ലാ വിഭാഗങ്ങൾക്കും ആത്മ വിശ്വാസം ഉണ്ടാക്കുന്ന നിലപാട് ഇടതുപക്ഷത്തിന് മാത്രമെയുള്ളൂ. ഉദാരവൽക്കരണ നയങ്ങളെ ചെറുക്കാൻ മുൻപന്തിയിൽ ഇടതുപക്ഷമാണ്. ദീർഘകാലം ഇന്ത്യ ഭരിച്ച ദേശീയ പാർടിയായ കോൺഗ്രസ് രാജ്യം നേരിടുന്ന ഗൗരവമായ പ്രശ്നങ്ങൾക്ക് മുമ്പിൽ ചാഞ്ചാടുകയും അവസരവാദ നിലപാട് സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. കോൺഗ്രസ് നേതൃത്വത്തിന്റെ ഇത്തരം നിലപാടുകൾ ബിജെപിക്ക് വലിയ തോതിൽ ഗുണം ചെയ്യുന്നു.

കലുഷിതമായ ദേശീയ രാഷ്ട്രീയത്തിലെ ഏക രജതരേഖ ഇടതുപക്ഷവും കേരളത്തിലെ എൽഡിഎഫ് സർക്കാരുമാണ്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കും സംഘപരിവാറിന്റെ വർഗീയ അജണ്ടക്കും ബദൽ ഉയർത്തുന്ന രാജ്യത്തെ ഏക സംസ്ഥാന സർക്കാരാണ് എൽഡിഎഫിന്റെ കേരള സർക്കാർ. അസംബ്ലി തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ എതിർക്കുന്നതിൽ ബിജെപിയും കോൺഗ്രസ് നേതൃത്വം നൽകുന്ന യുഡിഎഫും ഒരേ വഞ്ചിയിലാണ് സഞ്ചരിക്കുന്നത്.

എൽഡിഎഫ് സർക്കാരിന്റെ ഭരണ നടപടികളെ വസ്തുനിഷ്ഠമായി നേരിടാൻ എതിരാളികൾക്ക് കഴിയുന്നില്ല. സംസ്ഥാന വികസന രംഗത്ത് സമാനതകളില്ലാത്ത നടപടികളാണ് പിണറായി സർക്കാർ കൈക്കൊണ്ടത്. സാമൂഹ്യ ക്ഷേമം, പൊതു വിദ്യാഭ്യാസം, ആരോഗ്യ മേഖല, കാർഷിക മേഖല, വ്യവസായ മേഖല തുടങ്ങിയ എല്ലാ രംഗത്തും എൽഡിഎഫ് സർക്കാർ വൻ നേട്ടങ്ങൾ കൈവരിച്ചു. അന്തർദേശീയ ദേശീയ ഏജൻസികൾ പലതും എൽഡിഎഫ് ഭരണകാലത്ത് കേരളം കൈവരിച്ച നേട്ടങ്ങളെ പ്രകീർത്തിച്ചു. ഇതെല്ലാം സൃഷ്ടിച്ച അന്തരീക്ഷമാണ് എൽഡിഎഫിന് തുടർഭരണം ഉറപ്പാക്കുന്നത്. യുഡിഎഫും ബിജെപിയും ഈ സാഹചര്യത്തിൽ വലിയ പരിഭ്രാന്തിയിലാണ്.

നേരിട്ടുള്ള ഏറ്റുമുട്ടലിൽ പരാജയം ഉറപ്പായപ്പോൾ എൽഡിഎഫിന്റെ എതിരാളികൾ ഒളിയുദ്ധത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാർ കേന്ദ്ര ഏജൻസികളെ ഉപയോഗിച്ചാണ് ഈ യുദ്ധം നയിക്കുന്നതെങ്കിൽ, 'മ' പത്രങ്ങളെയും മറ്റ് ബൂർഷ്വാ മാധ്യമങ്ങളെയും ഉപയോഗിച്ചാണ് യുഡിഎഫ് തങ്ങളുടെ പങ്ക് നിർവഹിക്കുന്നത്. സ്വർണ കള്ളക്കടത്തായിരുന്നു കുറെ മാസങ്ങൾ പ്രചരണ കോലാഹലമാക്കിയത്. മന്ത്രിമാരെ ഒരാളെപോലും തൊടാൻ കഴിയില്ല എന്ന് ബോധ്യപ്പെട്ട കേന്ദ്ര ഏജൻസികൾ മാധ്യമങ്ങൾ ഉപയോഗിച്ച് സർക്കാരിനെതരിരെ ചെളിവാരി എറിയൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

അടിസ്ഥാനരഹിതമായ ആരോപണങ്ങൾ തുടർച്ചയായി ഉന്നയിച്ചുകൊണ്ടിരുന്ന പ്രതിപക്ഷ നേതാവ് പരിഹാസ്യനായി. എന്നിട്ടും അവിശ്രമം അദ്ദേഹം തന്റെ വികൃതികൾ തുടരുകയാണ്. എൽഡിഎഫിനെ എതിർക്കുന്നതിൽ യുഡിഎഫും ബിജെപിയും തമ്മിൽ "ശത്രുവിന്റെ ശത്രു മിത്രം" എന്ന തത്വ പ്രകാരമുള്ള ഒരു അവിശുദ്ധ സഖ്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സ്ഥാനാർത്ഥി നിർണയത്തിൽ ഈ അവസ്ഥ തെളിഞ്ഞ് കാണാം. മതരാഷ്ട്രവാദികളായ ജമാ അത്തെ ഇസ്ലാമിയെ ഒരു വശത്തും ബിജെപിയെ മറുഭാഗത്തും ഊന്നുവടിയായി ഉപയോഗിച്ചാണ് യുഡിഎഫിന്റെ നീക്കങ്ങൾ. ഇത്തരം അവിശുദ്ധ സഖ്യം കേരളം നേരത്തെയും കണ്ടതാണ്.

ജനവിധിയെ അട്ടിമറിക്കാൻ എന്ത് ഹീനമാർഗവും സ്വീകരിക്കുന്ന യുഡിഎഫിനെയും ബിജെപിയെയും പരാജയപ്പെടുത്തലാണ് നമ്മുടെ കർത്തവ്യം. കോർപറേറ്റു താല്പര്യങ്ങൾക്കെതിർ നിൽക്കുന്ന ഇടത്പക്ഷത്തെ ദുർബലമാക്കാൻ എൽഡിഎഫിന്റെ എതിരാളികളുടെ മുമ്പിൽ സമ്പന്ന വർഗത്തിന്റെ മടിശീലകൾ തുറന്ന് വെക്കപ്പെടും. കോർപറേറ്റ് മാധ്യമങ്ങൾ നിറം പിടിപ്പിച്ച നുണകൾ തുടർച്ചയായി എഴുന്നെള്ളിക്കും. ഈ നികൃഷ്ട ശക്തികളെ മുഴുവൻ നേരിട്ട് വേണം എൽഡിഎഫിന് വിജയിക്കാൻ. ഈ പോരാട്ടത്തിൽ വിജയത്തിൽ കുറഞ്ഞ യാതൊന്നും നമ്മുടെ അജണ്ടയിലില്ല. ആ ലക്ഷ്യം നാം നേടുക തന്നെ ചെയ്യും.

ഈ തെരഞ്ഞെടുപ്പിൽ കേരളം ചരിത്രം തിരുത്തിക്കുറിക്കും. എൽഡിഎഫിന് തുടർഭരണമുണ്ടാവും. ഒന്നാം പിണറായി സർക്കാർ തുടങ്ങിവെച്ച വികസന പദ്ധതികൾക്ക് തുടർച്ചയുണ്ടാവും. കേരളം ഒരു വികസിത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കും. അതിനായി അരയും തലയും മുറുക്കി രംഗത്തിറങ്ങാൻ എല്ലാ തൊഴിലാളികളോടും അഭ്യർത്ഥിക്കുന്നു.





പ്രഭാത് പട്നായിക്

# മുതലാളിത്തത്തിന്റെ സ്വത്ത് കൈമാറ്റം

> ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർധിക്കുമ്പോഴും കുറച്ചുപേരിൽ മാത്രം സമ്പത്ത് കുമിഞ്ഞുകൂടുന്നത് സംബന്ധിച്ച് പൊതുവായ ചർച്ചകൾ പോലും നടക്കുന്നില്ല. അവസരങ്ങളിലെ സമത്വം പോലും ചിലയാളുകൾക്ക് അപ്രായോഗികമായ സ്വപ്നമായി തുടരുകയാണ്. അവരുടെ ദുരിത ജീവിതത്തിൽ വല്ലപ്പോഴും ലഭിക്കുന്ന ആശ്വാസങ്ങളിൽ തൃപ്തരായി ജീവിക്കുകയാണവർ. ജനാധിപത്യത്തിൽ അവസരങ്ങളുടെ തുല്യതയാണ് ഏറ്റവും പ്രധാനം. മുതലാളിത്തരാജ്യങ്ങളിൽ അത് നടപ്പാവുകയുമില്ല.

സ്വന്തം സന്തതികളിലേക്ക് സ്വത്ത് കൈമാറുന്നത് മുതലാളിത്തത്തിന്റെ അവിഭാജ്യ ഘടകമായാണ് കണക്കാക്കുന്നത്. ഇക്കാര്യം കൂടാതെ മുതലാളിത്തത്തിന് നിലനിൽക്കാനാവില്ല. ഒരു പക്ഷേ അതിന്റെ ചലനാത്മകത തന്നെ നഷ്ടമായേക്കാം. എന്നാൽ ഇത് മുതലാളിത്ത വ്യവസ്ഥിതിയെക്കുറിച്ചുള്ള ബൂർഷ്വാ വിഭാഗത്തിന്റെ ന്യായീകരണങ്ങൾക്ക് വിപരീതമാണ്.

മുതലാളിത്ത വ്യവസ്ഥിതിയിൽ ഉൾപ്പെടുന്നവർക്ക് ചില പ്രത്യേക ഗുണങ്ങളുണ്ടെന്ന അവകാശ വാദമാണ് അവർക്കുള്ളത്. ഈ പ്രത്യേകതകളാണ് രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതെന്നും അതിനാൽ അവർ പ്രതിഫലത്തിന് അർഹരാണെന്നുമാണ് വാദം. എന്നാൽ ഈ പ്രത്യേക ഗുണങ്ങൾ എന്താണെന്നതിന് ബൂർഷ്വാസികൾക്കിടയിൽ തന്നെ ഒരു ഐക്യ ധാരണയില്ല. എന്നാൽ ഉൽപാദനത്തിന് അവർ മേൽനോട്ടം വഹിക്കുന്നതിലല്ല ഈ പ്രത്യേക ഗുണമിരിക്കുന്നത്. യഥാർഥത്തിൽ അതുള്ളത് ശമ്പളം വാങ്ങി ജോലി ചെയ്യുന്നവർക്കാണ്. എന്നാൽ അവർക്ക് ലഭിക്കുന്നത് ശമ്പളം മാത്രമാണ്. ലാഭമല്ല. ഈ വസ്തുത അംഗീകരിച്ചു കൊണ്ടാണ് കെന്നെത്ത് ഗാൽബ്രെത് സ്ഥാപനങ്ങൾ നടത്തുന്നത് മുതലളിമാരല്ല, മറിച്ച് അത് 'ടെക്നോസ്ട്രെക്ചർ' ആണെന്ന് പറഞ്ഞത്.

മുതലാളിമാരുടെ വരുമാനത്തെയും സ്വത്തിനെയും ന്യായീകരിക്കുന്ന മറ്റ് വാദങ്ങൾക്കും വിശ്വാസ്യതയില്ല. അതിലൊന്ന് മുതലാളിമാർ അപകട സാധ്യതയുള്ള പലതും ഏറ്റെടുക്കുന്നു എന്നതാണ്. എന്നാൽ അതേറ്റെടുക്കുന്നത് ബാങ്കുകൾ വഴി പദ്ധതികൾക്ക് പണം ചെലവിട്ടവരാണ്. ഒരു സംരംഭം തകരുമ്പോൾ ആ പണമാണ് ഇല്ലാതാകുന്നത്.

നിലവിൽ മുതലാളിത്ത രാജ്യങ്ങളിലെ സർക്കാരുകൾ ബാങ്കുകളെയും മറ്റ് സാമ്പത്തിക സ്രോതസുകളും സഹായിക്കാനെത്തും. ഇത് തന്നെ മുതലാളിമാർ പറയുന്ന ഈ അപകട സാധ്യതയെ സാമൂഹ്യവൽക്കരിക്കുന്നതാണ്. അതുകൊണ്ട് തന്നെ അപകട സാധ്യതയുള്ള ജോലികൾ ഏറ്റെടുക്കുന്ന




വർ എന്ന മുതലാളിമാർ വിശ്വസിക്കുന്ന പ്രത്യേക ഗുണത്തിന്റെ വിശ്വാസ്യത കൂടുതൽ തകർക്കുന്നതാണിത്.

അതുപോലെ തന്നെ മുതലാളിമാർ സ്വത്ത് സ്വന്തമാക്കുകയും അതിൽ നിന്ന് വരുമാനം നേടുകയും ചെയ്യുന്നു. ഇങ്ങനെ ഉപഭോഗത്തിൽ നിന്ന് വിട്ടുനിൽക്കുന്നതിലൂടെ പ്രതിഫലം ലഭിക്കേണ്ട ത്യാഗം ചെയ്യുന്നുവെന്നാണ് മുതലാളിമാർ കരുതുന്നത്. ഈ ത്യാഗത്തിന്റെ താത്വികമായ അവലോകനം മാറ്റി നിർത്തിയാൽ, ഈ കാഴ്ചപ്പാടിന് വളരെ ലളിതവും വ്യക്തവുമായൊരു പ്രതിവാദമുണ്ട്. അതായത് സമ്പാദ്യം നിർണയിക്കുന്നത് നിക്ഷേപമാണ്. നിക്ഷേപം നടത്തുമ്പോൾ ലഭിക്കുന്ന സമ്പാദ്യം തൊഴിലാളികളുടെ ശേഷിയെ ഉപയോഗശൂന്യമാക്കുകയാണ്. പണപ്പെരുപ്പത്തിലൂടെ യഥാർഥ വേതനം ഇല്ലാതാക്കുകയാണ്. അവസാനമായി മുതലാളിമാർ പുതിയ ആശയങ്ങൾ കൊണ്ടുവരുന്നത് വഴി സമ്പദ്ഘടനയുടെ ചലനാത്മകത നിലനിർത്തുന്ന സംരംഭകരാണ് എന്ന കാഴ്ചപ്പാടുമുണ്ട്. എന്നാൽ ഈ ഗുണം സമൂഹത്തിൽ അധികമായി കണ്ടുവരുന്ന ഗുണമല്ല. ഇതിന്റെ പ്രശ്നം പുതിയ ആശയങ്ങൾ ഇല്ലെങ്കിൽപോലും ഉള്ള സ്വത്തിൽ നിന്ന് മുതലാളിമാർക്ക് എപ്പോഴും ലാഭം ലഭിച്ചുകൊണ്ടിരിക്കും. അത് ചെറുകിട ഉൽപാദനമായാൽ പോലും.

സ്വത്ത് പാരമ്പര്യമായി ലഭിക്കുന്ന ഒരാൾക്ക് എങ്ങനെയാണ് സമ്പദ്ഘടനയെ ചലനാത്മകമാക്കുമെന്ന് മുതലാളിമാർ അവകാശപ്പെടുന്ന പ്രത്യേക ഗുണമുണ്ടാകുന്നത്. സവിശേഷ ഗുണമുള്ളവർക്കുള്ള പ്രതിഫലമാണ് സമ്പാദ്യം എന്ന വാദവും ഇവിടെ ഇല്ലാതാവുകയാണ്.

ഇക്കാരണം കൊണ്ടുതന്നെയാണ് പല മുതലാളിത്ത രാജ്യങ്ങളും പാരമ്പര്യമായ സ്വത്തവകാശത്തിന് നികുതി ഏർപ്പെടുത്തിയത്. ജപ്പാനിൽ 50 ശതമാനവും അമേരിക്കയിൽ 40 ശതമാനവുമാണ് നികുതി. മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും ഇതിന് 40 ശതമാനത്തോളം നികുതിയുണ്ട്.

ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർധിക്കുമ്പോഴും കുറച്ചുപേരിൽ മാത്രം സമ്പത്ത് കുമിഞ്ഞുകൂടുന്നത് സംബന്ധിച്ച് പൊതുവായ ചർച്ചകൾ പോലും നടക്കുന്നില്ല. അവസരങ്ങളിലെ സമത്വം പോലും ചിലയാളുകൾക്ക് അപ്രായോഗികമായ സ്വപ്നമായി തുടരുകയാണ്. അവരുടെ ദുരിത ജീവിതത്തിൽ വല്ലപ്പോഴും ലഭിക്കുന്ന ആശ്വാസങ്ങളിൽ തൃപ്തരായി ജീവിക്കുകയാണവർ. ജനാധിപത്യത്തിൽ അവസരങ്ങളുടെ തുല്യതയാണ് ഏറ്റവും പ്രധാനം. മുതലാളിത്തരാജ്യങ്ങളിൽ അത് നടപ്പാവുകയുമില്ല. രാജ്യത്ത് നിലവിലുള്ള സ്വകാര്യ സ്വത്തിന്റെ വിനിമയ നിരക്ക് കണക്കാക്കിയാൽ അത് 945 ലക്ഷം കോടിയെങ്കിലുമുണ്ടാകും. ഈ തുകയുടെ രണ്ട് ശതമാനം നികുതിപോലും എട്ട് ലക്ഷം കോടിയുണ്ടാകും. അമേരിക്കയിൽ എലിസബത്ത് വാറൻ പ്രസിഡന്റ് സ്ഥാനാർഥിയായിരിക്കെ 50 മില്യൺ ഡോറോളം സ്വത്തുള്ളവർക്ക് 2 ശതമാനത്തോളം സ്വത്ത് നികുതി വേണമെന്നത് മുന്നോട്ടുവച്ചിരുന്നു.

ഒരു രാജ്യത്ത് ജനങ്ങൾക്ക് താങ്ങാവുന്ന വിലയ്ക്ക് ഭക്ഷണം ലഭിക്കാനും, ഇഷ്ടമുള്ള തൊഴിലെടുക്കാനും, മികച്ച ആരോഗ്യപരിരക്ഷയ്ക്കും സർവകലാശാല തലം വരെ പൊതു വിദ്യാഭ്യാസത്തിനും വാർധക്യത്തിൽ പെൻഷനും അവകാശമുണ്ട്. ഇതിന് ജിഡിപിയുടെ 10 ശതമാനം മാത്രമാണ് വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നത്. ഇങ്ങനെയൊരു സാഹചര്യം നിലനിൽക്കെയാണ് രാജ്യത്ത് കാലങ്ങളായി അനുഭവിക്കുന്ന ദാരിദ്ര്യം ഇല്ലാതാക്കുന്നതിനാവശ്യമായ മാർഗങ്ങൾ ഇല്ലെന്ന് പറയുന്നത്. ●




## മാർച്ച് 8

# സാർവദേശീയ വനിതാ ദിനത്തിന്റെ പ്രതിജ്ഞ

**ഇന്ത്യയിൽ ബിജെപി കേന്ദ്രത്തിൽ ഭരണത്തിലെത്തിയതോടെ സ്ത്രീകളുടെ സാഹചര്യങ്ങൾ കൂടുതൽ ദയനീയമായി. സ്ത്രീകളുടെ ചുമതല കുടുംബം നോക്കുന്നതിലും കുട്ടികളെ പരിപാലിക്കുന്നതിലും ഒതുങ്ങിനിന്നാൽ മതിയെന്ന പിന്തിരിപ്പനും പുരുഷാധിപത്യപരവുമായ കാഴ്ച്ചപ്പാടുകൾക്ക് പ്രോത്സാഹനം നൽകുകയാണ് ബിജെപി ഭരണകൂടം. പ്രക്ഷോഭങ്ങളിൽ പങ്കുചേരുന്ന ലക്ഷക്കണക്കിന് സ്ത്രീകൾ അവരുടെ വർഗ താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമല്ല, പുരുഷാധിപത്യ മൂല്യങ്ങൾക്ക് എതിരായി കൂടിയാണ് പോരാടുന്നത്.**



കെ ഹേമലത

1910ൽ കോപ്പൻഹേഗനിൽ നടന്ന രണ്ടാം ഇന്റർനാഷണൽ സോഷ്യലിസ്റ്റ് വിമൻ സമ്മേളനത്തിലാണ് സ്ത്രീകളുടെ പ്രശ്നങ്ങൾ മുൻനിർത്തി സാർവദേശീയ മഹിളാ ദിനം ആചരിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. തൊട്ടടുത്ത വർഷം, അതായത് 1911ൽ സാർവദേശീയ മഹിളാ ദിനം ആചരിക്കാനായി ദശലക്ഷക്കണക്കിന് സ്ത്രീകൾ തെരുവിലിറങ്ങി. കുറേ വർഷങ്ങളായി മാർച്ച് എട്ട് സാർവദേശീയ മഹിളാ ദിനമായി അംഗീകരിച്ച്അതുപ്രകാരം ലോകമെങ്ങും ആ ദിനത്തിൽ മഹിളാ ദിനം ആചരിക്കുന്നു.

സമരങ്ങളിലൂടെ തീർച്ചയായും വനിതകൾക്ക് ചില അവകാശങ്ങൾ നേടാനായെന്നും അവരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെട്ടുവെന്നും നിസ്സംശയം പറയാം. എന്നാൽ സ്ത്രീകളുടെ തൊഴിലിനെയും വേതനത്തിലെ തുല്യതയെയും അവരുടെ അവസരങ്ങളെയും വില കുറച്ചു കാണുകയും അവരെ വിവേചനത്തിനു വിധേയമാക്കുകയും ചെയ്യുന്ന പുരുഷാധിപത്യ സമൂഹം ഇന്ന് ലോകമെങ്ങും സ്ത്രീകൾക്കുമേൽ ആധിപത്യം പുലർത്തുകയാണ്. തൊഴിലാളികളുടെയും അധ്വാനിക്കുന്ന മറ്റെല്ലാ വിഭാഗങ്ങളുടെയും തൊഴിൽ സാഹചര്യങ്ങൾക്കുമേൽ നടക്കുന്ന നവലിബറൽ കടന്നാക്രമണങ്ങളുടെ ആഘാതം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങേണ്ടി വരുന്നത് സ്ത്രീകളാണ്. ഇന്ത്യയിൽ ബിജെപി കേന്ദ്രത്തിൽ ഭരണത്തിലെത്തിയതോടെ സ്ത്രീകളുടെ സാഹചര്യങ്ങൾ കൂടുതൽ ദയനീയമായി. സ്ത്രീകളുടെ ചുമതല കുടുംബം നോക്കുന്നതിലും കുട്ടികളെ പരിപാലിക്കുന്നതിലും ഒതുങ്ങിനിന്നാൽ മതിയെന്ന പിന്തിരിപ്പനും പുരുഷാധിപത്യപരവുമായ കാഴ്ച്ചപ്പാടുകൾക്ക് പ്രോത്സാഹനം നൽകുകയാണ് ബിജെപി ഭരണകൂടം. സ്വന്തം താൽപര്യപ്രകാരം സൗഹൃദങ്ങളിൽ ഏർപ്പെടുകയും താൽപര്യമുള്ളവരെ വിവാഹം കഴിക്കുകയും ഇഷ്ടമുള്ള

"

**ലോകമെങ്ങും വേതനമില്ലാത്ത തൊഴിൽ ചെയ്യുന്ന സ്ത്രീകൾ അതിനായി ചെലവിടുന്ന സമയം പുരുഷന്മാരേക്കാളും എത്രയോ ഇര ട്ടിയാണ്. ചരിത്രപരമായി തന്നെ സ്ത്രീക്കും പുരുഷനും ഇടയ്ക്കുള്ള തൊഴിൽ വിഭജനവും സ്വകാര്യ സ്വത്തിന്റെ വികാസവും ദായക്രമവും എല്ലാം ചേർന്നാണ് സ്ത്രീയുടെ തൊഴിലിന്റെ വിലകുറച്ച് കാണലിന് വഴിവച്ചിട്ടുള്ളത്. 'സ്ത്രീ ശാക്തീകരണ'ത്തെക്കുറിച്ച് സർക്കാർ കൊ ട്ടിഘോഷിക്കുമ്പോഴും രാജ്യത്തെ സ്ത്രീകൾ ചെയ്യുന്ന തൊഴിലിനെ സർക്കാർ പോലും വില മതിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.**

"

വസ്ത്രം തെരഞ്ഞെടുക്കുകയും ഇഷ്ടപ്പെട്ട രീതിയിൽ ജീവിക്കുകയും ചെയ്യുന്ന സ്ത്രീകളെ ആക്രമിക്കാനാ ണ് വലതുപക്ഷ ശക്തികൾ തയ്യാറാകുന്നത്. സ്ത്രീ കൾക്കെതിരെയുള്ള ഇത്തരം ആക്രമണങ്ങൾ ഗണ്യ മായി വർധിച്ചിരിക്കുന്നു.

ലിംഗപരമായ വ്യത്യാസത്തിന്റെ ആഗോള സൂചിക (Global Gender Gap Index)യിൽ ഇന്ത്യ യുടെ സ്ഥാനം 2018- ലെ അവസ്ഥയിൽ നിന്ന് 2019-20 വർഷത്തിലെത്തുമ്പോൾ നാലു പടികൂടി താഴ്ന്നു. 153 രാജ്യങ്ങളിൽ 112-ാം സ്ഥാനമാണ് ഇന്ത്യക്ക് ഇപ്പോൾ. വേൾഡ്ഇക്കണോമിക് ഫോറത്തിന്റെ ജൻഡർ ഗ്യാപ് സൂചികയിൽ ഇന്ത്യ 14 വർഷത്തിനുള്ളിൽ 39 പടികൾ താഴ്ന്നു. അതായത് 2006ൽ 112 ആയിരുന്നത് 2020 ൽ 149 ലേക്ക് പതിച്ചു. ഇന്ത്യയിൽ സ്ത്രീകൾക്കുള്ള സാമ്പത്തികാവസരം ലോകത്തിലെ ഏറ്റവും താഴ്ന്ന നിലയിലാണ്. 2020 ജൂണിൽ ലോക ബാങ്ക് പുറത്തു വിട്ട സ്ഥിതിവിവരക്കണക്കുകൾ പ്രകാരം തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം (Female Labour Force Participation - FLFP) കുറഞ്ഞ ദക്ഷി ണേഷ്യൻ രാജ്യങ്ങളിൽ ഏറ്റവും പിന്നിലാണ് ഇന്ത്യ. 1990ൽ 30.3 ശതമാനമായിരുന്നത് 2020ൽ 20.3 ശതമാ നമായി കുറഞ്ഞു. പാകിസ്ഥാനിൽ ഇത് 22.2 ശതമാ നവും ബംഗ്ലാദേശിൽ 21.8 ശതമാനവുമാണ്.

ഇന്ത്യയിലെ സ്ത്രീകൾ തൊഴിലെടുക്കുന്നില്ല എന്നല്ല ഇതിനർഥം, മറിച്ച് ഭൂരിഭാഗത്തിന്റെയും തൊഴിലുകളുടെ മൂല്യം കുറച്ചുകാണിക്കുകയും വേതനം കൊടുക്കാതിരിക്കുകയും ചെയ്യുന്ന അവ സ്ഥയാണുള്ളത്. വേതനം ലഭിക്കുന്ന തൊഴിലിൽ നിന്നും വേതനം ലഭിക്കാത്ത തൊഴിലിലേക്ക് സ്ത്രീ കൾ മാറുന്നതിന്റെ ക്രൂരയാഥാർഥ്യമാണ് അവരുടെ തൊഴിലിൽ കുറവു വരുന്നതിന്റെ കണക്കുകൾ തീർച്ചയായും പ്രതിഫലിപ്പിക്കുന്നതെന്നാണ് വിഖ്യാത സാമ്പത്തിക വിദഗ്ധ ജയതി ഘോഷ് അഭിപ്രായപ്പെടുന്നത്. വീട്ടുജോലി 'തൊഴിൽ' ആയി പരിഗണിക്കപ്പെടുന്നില്ല. ഭക്ഷണവും വിറകും ശേഖ രിക്കലും കന്നുകാലികൾക്ക് തീറ്റ കണ്ടെത്തലും വീട്ടാവശ്യങ്ങൾക്കുള്ള വെള്ളമെത്തിക്കലും വീട്ടിലെ തുന്നൽപ്പണിയും തയ്യൽപ്പണിയും നെയ്ത്തുമൊന്നും 'തൊഴിൽ' ആയിട്ടല്ല പരിഗണിക്കപ്പെടുന്നത്. ഓർഗ നൈസേഷൻ ഫോർ ഇക്കണോമിക് കോ ഓപ്പറേ ഷൻ ആൻഡ് ഡവലപ്മെന്റ് (OECD) തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഇന്ത്യൻ സ്ത്രീകൾ വേതനമില്ലാതെ പ്രതിദിനം ആറു മണിക്കൂർ തൊഴിലെടുക്കുന്നുണ്ട്. അതേസമയം പുരുഷന്മാർ ഇത്തരം വീട്ടുപണികൾ ചെയ്യുന്നത് വെറും 52 മിനുട്ട് മാത്രം. സ്ത്രീകൾ ചെയ്യു ന്ന വീട്ടുജോലികളും അംഗീകൃതമല്ലാത്തതും മൂല്യം കണക്കാത്തതുമായ തൊഴിൽ കൂടി രേഖപ്പെടുത്തു ന്ന പക്ഷം രാജ്യത്തെ തൊഴിൽ ശക്തിയിലെ സ്ത്രീകളു ടെ പങ്കാളിത്തം പുരുഷന്മാരുടെ പങ്കാളിത്തത്തിന്റെ കണക്കായ 79.8 ശതമാനത്തിനും മുകളിൽ 86.2 ശത മാനത്തിലെത്തും.

സ്ത്രീകൾ ചെയ്യുന്ന ജോലികൾ അംഗീകരിക്കാ തിരിക്കുന്നത് സ്ത്രീകളെ മാത്രമല്ല പ്രധാനമായും ബാ ധിക്കുന്നത് എന്നത് പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒന്നാണ്. വീടുകളിൽ അവർ ചെയ്യുന്ന ജോലികളെ മൂല്യമുള്ളതായി കണക്കാക്കാതിരിക്കുമ്പോൾ അവർ വീടിനു പുറത്തുചെയ്യുന്ന ജോലികളും വി ലമതിക്കാതെ പോകുന്നു. അത്തരം ജോലികൾ ക്ക് ലഭിക്കുന്ന വേതനവും തുലോം തുച്ഛമാണ്. 'സ്ത്രീശാക്തീകരണ'ത്തെക്കുറിച്ച് സർക്കാർ കൊട്ടി ഘോഷിക്കുമ്പോഴും രാജ്യത്തെ സ്ത്രീകൾ ചെയ്യുന്ന തൊഴിലിനെ സർക്കാർ പോലും വിലമതിക്കുന്നി ല്ല എന്നതാണ് യാഥാർഥ്യം. കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളിൽ തൊഴിലെടുക്കുന്ന ഇന്റഗ്രേ റ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസിന് (ഐസിഡിഎസ്) കീഴിലെ ആംഗൻവാടി വർക്കർമാ രും ഹെൽപ്പർമാരും, നാഷണൽ ഹെൽത്ത് മിഷനു (എൻഎച്ച്എം) കീഴിലെ അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകളും (ആഷ), അർബൻ സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകളും (ഉഷ), മിഡ്ഡേ മീൽ തൊഴിലാളികളും അടക്കം ലക്ഷക്കണ ക്കിന് സ്ത്രീ തൊഴിലാളികളെ തൊഴിലാളികളായി പോലും പരിഗണിക്കുന്നില്ല. ഭക്ഷണമുണ്ടാക്കുക യും അത് കുട്ടികൾക്കും സ്ത്രീകൾക്കും നൽകുകയും അവരുടെ ആരോഗ്യ കാര്യങ്ങൾ നിരന്തരമായി ശ്ര ദ്ധിക്കുകയും ചെയ്യുന്ന ഈ സ്ത്രീതൊഴിലാളികൾക്ക് ലഭിക്കുന്നതാവട്ടെ ഓണറേറിയം എന്ന പേരിൽ തുച്ഛവേതനവും. വീട്ടുജോലികൾ എന്ന ഉത്തരവാദി

ത്തത്തിന്റെ തുടർച്ചയായണ് സാമൂഹ്യപ്രവർത്തനം എന്ന പേരിലുള്ള ഈ ജോലികളും.

ഇതു കൂടാതെയാണ് വേതന അസമത്വത്തിന്റെ പ്രശ്നം. ഒരേ ജോലി ചെയ്യുന്ന സ്ത്രീ പുരുഷന്മാർ തമ്മിലുള്ള വേതന അസമത്വം ഏറ്റവും കൂടുതൽ ഉള്ള രാജ്യമാണ് ഇന്ത്യ. പുരുഷന് ലഭിക്കുന്ന വേതനത്തിന്റെ ശരാശരി മൂന്നിൽ രണ്ടു മാത്രമാണ് സ്ത്രീക്ക് ലഭിക്കുന്ന വേതനം. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളോടും ഇതേ സമീപനമാണ് തുടരുന്നത്.

കൃഷിയുടെ നട്ടെല്ല് തന്നെ സ്ത്രീകളാണ്. കന്നുകാലി പരിപാലനം, വനവിഭവങ്ങളുടെ ശേഖരണം, കോഴി, താറാവ് തുടങ്ങിയവയെ വളർത്തൽ തുടങ്ങി കാർഷികവൃത്തിയിൽ വിവിധങ്ങളായ ചുമതലകളാണ് സ്ത്രീകൾ നിർവഹിക്കുന്നത്. ഗ്രാമീണ മേഖലയിൽ ഏതാണ്ട് 73 % സ്ത്രീ തൊഴിലാളികളും ആശ്രയിക്കുന്നത് കൃഷിയെയാണ്. എങ്കിലും കൃഷിക്ക് അവർ നൽകുന്ന സംഭാവനകൾ പരിഗണിക്കപ്പെടുന്നില്ല. അവർ അംഗീകൃത കർഷകർ അല്ല. ഈ പുരുഷാധിപത്യ സമീപനം ഈയിടെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് നടത്തിയ പരാമർശങ്ങളിൽ പ്രകടമാണ്. എന്തിനാണ് സ്ത്രീകളും പ്രായമായവരും പ്രതിഷേധ കേന്ദ്രങ്ങളിൽ സന്നിഹിതരാകുന്നത് എന്നാണ് അദ്ദേഹം ചോദിച്ചത്.

സ്ത്രീകളുടെ വേതനമില്ലാത്ത തൊഴിൽ ഇന്ത്യയുടെ മാത്രം പ്രത്യേകത അല്ല. ലോകമെങ്ങും വേതനമില്ലാത്ത തൊഴിൽ ചെയ്യുന്ന സ്ത്രീകൾ അതിനായി ചെലവിടുന്ന സമയം പുരുഷന്മാരേക്കാളും എത്രയോ ഇരട്ടിയാണ്. ലിംഗ സമത്വം എറ്റവും കൂടുതൽ ഉള്ള രാജ്യങ്ങളിൽ ഒന്നാണ് നോർവെ. 2020 ലെ ഗ്ലോബൽ ജെൻഡർ ഗ്യാപ് ഇൻഡക്സിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന നോർവെയിൽ പോലും വീട്ടു ജോലികൾക്ക് സ്ത്രീകൾ ചെലവിടുന്ന സമയം പുരുഷന്മാരെ അപേക്ഷിച്ച് ഇരട്ടിയാണ്. ജപ്പാനിൽ ഇത് നാലിരട്ടിയാണ്. ചരിത്രപരമായി തന്നെ സ്ത്രീക്കും പുരുഷനും ഇടയ്ക്കുള്ള തൊഴിൽ വിഭജനവും സ്വകാര്യ സ്വത്തിന്റെ വികാസവും ദായക്രമവും എല്ലാം ചേർന്നാണ് സ്ത്രീയുടെ തൊഴിലിന്റെ വിലകുറച്ച് കാണലിന് വഴി വച്ചിട്ടുള്ളത്.

തങ്ങൾ ചെയ്യുന്ന ജോലിയെ തൊഴിലായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടും അതിന്റെ മൂല്യം കുറയ്ക്കുന്നതിന് എതിരായും പൗരൻ എന്ന നിലയ്ക്ക് തുല്യാവസരങ്ങൾക്കും തുല്യ വേതനത്തിനും തുല്യ അവകാശങ്ങൾക്ക് വേണ്ടിയും ഇന്ന് അവരുടെ പോരാട്ടങ്ങൾ തുടരുകയാണ്.

സ്ത്രീ തൊഴിലാളികൾ പ്രത്യേകിച്ച് സ്കീം തൊഴിലാളികൾ തങ്ങളെ തൊഴിലാളികൾ ആയി അംഗീകരിക്കണമെന്നും ഓണറേറിയത്തിന് പകരം വേതനം നൽകണമെന്നും ആവശ്യപ്പെട്ടു സമരം ചെയ്യുകയാണ്. തുല്യ വേതനം, പ്രസവാനുകൂല്യങ്ങൾ, ശിശു സംരക്ഷണ കേന്ദ്രങ്ങൾ സുരക്ഷിതവും ലൈംഗിക അതിക്രമങ്ങൾ ഇല്ലാത്തതുമായ തൊഴിലിടങ്ങളും സമൂഹവും എന്നീ ആവശ്യങ്ങൾ മുൻനിർത്തി സ്ത്രീ തൊഴിലാളികൾ സമരത്തിലാണ്.

തൊഴിൽ കോഡുകൾ അടിച്ചേൽപ്പിച്ചും തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങൾ കവർന്നെടുത്തും സംഘടിക്കാനും കൂട്ടായി വില പേശാനുമുള്ള അവകാശം ലംഘിച്ചും തൊഴിലാളികൾക്ക് എതിരെ ഭരണ വർഗ്ഗം നടത്തുന്ന കടന്നാക്രമണങ്ങൾക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളിൽ അവർ പങ്കു ചേരുന്നുണ്ട്. ട്രേഡ് യൂണിയനുകളുടെ ആഹ്വാന പ്രകാരം നടക്കുന്ന പ്രക്ഷോഭങ്ങളിലും പണിമുടക്കുകളിലും ലക്ഷക്കണക്കിന് സ്ത്രീ തൊഴിലാളികൾ ഭാഗഭാക്കാകുന്നു.

കൃഷിയിൽ ഏർപ്പെട്ട സ്ത്രീകളെ കർഷകരായി അംഗീകരിക്കുക, ഭൂമി തങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുക, പുരുഷന്മാരായ കർഷകർക്ക് തുല്യമായ വിധം വായ്പയും മറ്റു ആനുകൂല്യങ്ങളും അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടിയും പ്രക്ഷോഭങ്ങൾ നടക്കുന്നു. കർഷകരുടെ നിലനിൽപ്പ് പോലും അപകടപ്പെടുത്തുന്ന, കാർഷിക മേഖലയെ കോർപറേറ്റുകൾക്ക് തീറെഴുതുന്ന മൂന്ന് കാർഷിക നയങ്ങൾക്കെതിരെ നടക്കുന്ന സമരങ്ങളിലും അവർ കണ്ണി ചേരുന്നു.

അടിയന്തര ആവശ്യങ്ങൾ ഉന്നയിക്കുന്നതിനൊപ്പം ഈ സമരം നരേന്ദ്ര മോഡി നയിക്കുന്ന ബിജെപി സർക്കാർ അതി ശക്തമായി അടിച്ചേൽപ്പിക്കുന്ന നവലിബറൽ നയങ്ങൾക്ക് എതിരെ കൂടിയാണ്. കോർപറേറ്റ് ഭീമന്മാർക്ക് ലാഭം കുന്നു കൂട്ടാനും കുറച്ച് അതിസമ്പന്നരിൽ സമ്പത്ത് കേന്ദ്രീകരിക്കാനും വേണ്ടിയാണ് ഈ നയങ്ങൾ നടപ്പാക്കുന്നത്.

അതിനെതിരെയുള്ള പ്രക്ഷോഭങ്ങളിൽ പങ്കു ചേരുന്ന ലക്ഷക്കണക്കിന് സ്ത്രീകൾ അവരുടെ വർഗ താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമല്ല, ഈ വ്യവസ്ഥയിൽ ശക്തി പ്രാപിക്കുന്ന പുരുഷാധിപത്യ മൂല്യങ്ങൾക്ക് എതിരായി കൂടിയാണ് പോരാടുന്നത്.

തൊഴിലെടുക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും കൂടുതൽ അണിനിരത്തി ഇത്തരം പ്രക്ഷോഭങ്ങൾ കൂടുതൽ തീവ്രതരമാക്കണം. സമൂഹത്തിൽ അർഹമായ അവകാശങ്ങൾക്ക് വേണ്ടിയുള്ള വിമോചന പോരാട്ടം സഫലമാകാൻ നവലിബറൽ നയങ്ങളുടെ പരാജയം ഉറപ്പ് വരുത്തുകയും പുരുഷാധിപത്യ മൂല്യങ്ങൾ തഴച്ചു വളരുന്ന ഈ വ്യവസ്ഥയെ മാറ്റി പണിയുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ഇത്തരം പോരാട്ടങ്ങൾ അതി ശക്തമായി മുന്നോട്ട് കൊണ്ടുപോകുമെന്ന് ഈ സാർവദേശീയ മഹിളാ ദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. ●

## പ്രതിരോധത്തിൽ നിന്ന് നിഷേധത്തിലേക്ക്

# സമരങ്ങളുടെ വേലിയേറ്റം



> മുതലാളിത്ത പ്രതിസന്ധിയും അത് മറികടക്കാൻ സ്വീകരിക്കുന്ന കർഷക തൊഴിലാളി ജന വിരുദ്ധ കുത്തക പ്രീണന നയങ്ങളും അതിനെതിരെ രൂപം കൊണ്ട വർഗസമരവും മൂലം വിവിധ ഭരണ വർഗ്ഗങ്ങൾക്കിടയിൽ സംഘർഷങ്ങൾ രൂപം കൊണ്ടിരിക്കുന്നു. വൻകിട ബൂർഷ്വാസിയും അന്താരാഷ്ട്രീയ പണമൂലധനവും ഒരു ഭാഗത്തും ഏതാണ്ട് ധനിക കർഷകരാകെതന്നെയും ഉൾപ്പെടെയുള്ള കർഷക വർഗ്ഗങ്ങൾ മറുഭാഗത്തുമായി ഒരു സംഘർഷം രൂപം കൊണ്ടിരിക്കുന്നു. വൻകിട ബൂർഷ്വാസിയും വൻകിടെതര ബൂർഷ്വാസിയും തമ്മിലും ഒരു സംഘർഷം സൃഷ്ടിച്ചിരിക്കുന്നു.



**എ ആർ സിന്ധു**
(സിഐടിയു ദേശീയ സെക്രട്ടറി)

കേരളമടക്കം അഞ്ചു സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പോലും ഇന്ത്യൻ ഭരണകൂടം കൊറോണയുടെയും ലോക്ക് ഡൗണിന്റെയും കെടുതികൾ മൂലം നട്ടം തിരിയുന്ന ജനങ്ങൾക്കെതിരെ ജനവിരുദ്ധ നയങ്ങളുടെ നിര തന്നെ വീണ്ടും കെട്ടഴിച്ചു വിടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകമുതലാളിത്ത വ്യവസ്ഥാ പ്രതിസന്ധിയുടെ അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് തങ്ങളെ ജനങ്ങൾക്കിടയിൽ ഇത്രയധികം ഒറ്റപ്പെടുത്തുന്ന നയങ്ങൾ ഏറ്റവുമൊടുവിലത്തെ പെട്രോൾ, ഡീസൽ, പാചക വാതക വിലവർധനയടക്കം പിന്തുടരാൻ ഒരു സർക്കാരിനെ നിർബന്ധിതരാക്കുന്നത്. മറുഭാഗത്ത് ഭരണം നിലനിർത്താനായി വർഗ്ഗീയതയുടെയും കപട ദേശീയതയുടെയും സഹായം പോലും മതിയാവാത്ത വിധം വർഗ്ഗപോരാട്ടം വളർന്നിരിക്കുന്നു. 'വർഗ്ഗീയതയ്ക്കെതിരെ വർഗ്ഗ ഐക്യം', 'പ്രതിരോധത്തിൽ നിന്ന് നിഷേധതിലേക്ക്' തുടങ്ങി സി ഐ ടി യു മുന്നോട്ടു വച്ച മുദ്രാവാക്യങ്ങൾ ഒന്നൊന്നായി യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നു. ഭരണകൂടമാകട്ടെ ജനാധിപത്യവും നവലിബറൽ നയങ്ങളും ഒപ്പം കൊണ്ടുപോകാനാവാത്ത

സ്ഥിതിയിൽ തങ്ങളുടെ എല്ലാ മുഖം മൂടികളും അഴിച്ചു മാറ്റി ഫാസിസ്റ്റ് സ്വഭാവത്തിലുള്ള (ചായ് വുള്ള) ഏകാധിപത്യ (authoritarianism with fascistic intend) സ്വഭാവത്തിലേക്കു വന്നുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

### വളരുന്ന പോരാട്ടങ്ങൾ

നൂറു ദിവസത്തിലേറെയായി തുടരുന്ന ഐതിഹാസിക കർഷക സമരം ഒരു ബഹുജനസമരമായി വളർന്നിരിക്കുന്നു. ഈ സമരമാകട്ടെ ഒരു സ്വയമേവ (spontaneous) സമരമല്ല. സ്വയമേവ ഘടകങ്ങൾ ഈ സമരത്തിന്റെ ജനകീയ സ്വഭാവത്തിൽ ഉണ്ടെങ്കിലും ഇതിന്റെ തുടക്കം കേന്ദ്ര ട്രേഡ് യൂണിയനുകളും കർഷക സംഘടനകളുടെ കൂട്ടായ്മയായ അഖിലേന്ത്യാ കിസാൻ സംഘർഷ് കോഓർഡിനേഷൻ കമ്മിറ്റിയും കൂട്ടായി ആഹ്വാനം ചെയ്ത നവംബർ 26ന്റെ പൊതുപണിമുടക്കും നവംബർ 26, 27 ന്റെ ദില്ലി ചലോ സമരവുമാണ്. ആ സമരമാകട്ടെ കഴിഞ്ഞ 30 വർഷങ്ങളായി നാം നടത്തുന്ന നവലിബറൽ വിരുദ്ധ സമരങ്ങളുടെ പരിണാമവും. ഐക്യവും സമരവും എന്ന മുദ്രാവാക്യവുമായി സിഐടിയു നടത്തിയ നിരന്തര സമരങ്ങൾ ട്രേഡ് യൂനിയൻ ഐക്യത്തിലേക്ക് വളരുകയും അതിനെ തൊഴിലാളി വർഗ്ഗ ഐക്യമാക്കാനുള്ള നിരന്തര ശ്രമങ്ങളാൽ ഏറ്റവുമൊടുവിലത്തെ പണിമുടക്കിൽ 25 കോടി തൊഴിലാളികൾ പങ്കെടുത്തിരുന്നു. ഇതോടൊപ്പം 2014 നു ശേഷം വളർന്ന കിസാൻ ലോങ്ങ് മാർച്ചടക്കമുള്ള കർഷക സമരങ്ങളുടെ പശ്ചാത്തലത്തിൽ തൊഴിലാളി കർഷക ഐക്യത്തിലേക്കുള്ള ചുവടുവയ്പ്പായി അഖിലേന്ത്യാ കിസാൻ സഭയുമായി ചേർന്ന് നടത്തിയ നിരന്തര പ്രചാരണ സമരപ്രവർത്തനങ്ങളും ഒരുക്കിയ സാഹചര്യമാണ് ട്രേഡ് യൂണിയനുകളുടെയും കർഷക സംഘടനകളുടെയും ഐക്യമായി, ഇന്ന് നാംകൂടി പങ്കാളികളായ ഐതിഹാസിക കർഷക സമരമായി വളർന്നത്.

### രണ്ടാം യുദ്ധമുഖം

കർഷക സമരത്തിന്റെ വിജയത്തിനു തൊഴിലാളി വർഗ്ഗത്തിന്റെ വെറും ഐക്യദാർഢ്യം മാത്രം പോരാ എന്നും തൊഴിലാളി വർഗ്ഗപോരാട്ടത്തിന്റെ സമരമുഖം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട് എന്ന സിഐടിയു തീരുമാനം ശരിവയ്ക്കുന്നതായിരുന്നു രണ്ടാം ഘട്ടത്തിൽ കർഷകസമരത്തെ തകർക്കാൻ സർക്കാർ നടത്തിയ ഗൂഢാലോചനയും തുടർന്നുള്ള അടിച്ചമർത്തലും. സംയുക്ത കിസാൻ മോർച്ചയുടെ എല്ലാ ആഹ്വാനങ്ങളും ഭാരത് ബന്ദ്, റെയിൽ തടയൽ, ടോൾ ഗേറ്റ് ഉപരോധം, രാജ്ഭവൻ ഉപരോധം തുടങ്ങി നിരുപാധിക പിന്തുണയോടെ നഗരങ്ങളിലും ഗ്രാമങ്ങളിലും വിജയിപ്പിച്ച് ഇന്ത്യൻ തൊഴിലാളി വർഗ്ഗം തങ്ങളുടെ രാഷ്ട്രീയ പക്വത തെളിയിച്ചിരിക്കുന്നു. അതോടൊപ്പം തങ്ങളുടെ രണ്ടാം യുദ്ധമുഖം കർഷക വിരുദ്ധ കരിനിയമങ്ങൾക്കൊപ്പം തൊഴിലാളികളെ അടിമത്തത്തിലേക്ക് നയിക്കുന്ന ലേബർ കോഡുകൾക്കും രാജ്യത്തെ കുത്തകകൾക്ക് തീറെഴുതുന്ന സ്വകാര്യവത്കരണതിനും ഓരോ വിഭാഗം തൊഴിലാളികളും വേവ്വേറെയും കൂട്ടായും

**കർഷക സമരത്തിന്റെ വിജയത്തിനു തൊഴിലാളി വർഗ്ഗത്തിന്റെ വെറും ഐക്യദാർഢ്യം മാത്രം പോരാ എന്നും തൊഴിലാളി വർഗ്ഗ പോരാട്ടത്തിന്റെ സമരമുഖം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട് എന്ന സിഐടിയു തീരുമാനം ശരിവയ്ക്കുന്നതായിരുന്നു രണ്ടാം ഘട്ടത്തിൽ കർഷകസമരത്തെ തകർക്കാൻ സർക്കാർ നടത്തിയ ഗൂഢാലോചനയും തുടർന്നുള്ള അടിച്ചമർത്തലും.**

നിരന്തര സമരങ്ങളിലാണ് കഴിഞ്ഞ നൂറു ദിവസങ്ങളിലയി.

### ഉജ്വലമായ തൊഴിലാളിവർഗ്ഗ ചെറുത്തുനില്പ്പും നിഷേധവും

ഏറ്റവുമൊടുവിൽ കൊറോണയ്ക്ക് ശേഷമുള്ള ബജറ്റിൽ സർക്കാർ ഇന്ത്യൻ ജനതയ്ക്കെതിരായി തുറന്ന യുദ്ധപ്രഖ്യാപനമാണ് നടത്തിയത്. പെട്രോൾ, ഡീസൽ, പാചകവാതക വിലവർധനവ് ദിനചര്യയുടെ ഭാഗമാക്കിയിരിക്കുന്നു. പൊതുമേഖല ബാങ്ക്, ഇൻഷുറൻസ്, പ്രതിരോധം, റെയിൽ, വ്യോമയാനം, റോഡ്, തുറമുഖം, കൽക്കരി, ഉരുക്ക്, പെട്രോളിയം, വൈദ്യുതി, ടെലികോം എന്നിങ്ങനെ തന്ത്രപരമായ മേഖലകൾ മാത്രമല്ല, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം തുടങ്ങി അവശ്യ സേവനങ്ങളെല്ലാം കുത്തകകൾക്ക് തീറെഴുതുമെന്നു പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു.

ബഹുജന മുന്നേറ്റമായി വളർത്തിയ ഉജ്വല സമരങ്ങളിലൂടെയാണ് തൊഴിലാളിവർഗ്ഗം ഇതിനു മറുപടി നൽകുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും, വിവിധ മേഖലകളിലും ഈ സമരങ്ങൾ ഉയർന്നു വരികയാണ്.

### വിശാഖപട്ടണത്തെ ബഹുജന മുന്നേറ്റം

വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ് സ്വകാര്യവത്കരണ പ്രഖ്യാപനം മുതൽ പ്ലാന്റിലെ ട്രേഡ് യൂനിയനുകളുടെ നേതൃത്വത്തിൽ വമ്പിച്ച പ്രതിഷേധപരിപാടികൾ ആരംഭിച്ചു. വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ് ആരംഭിച്ചത് തന്നെ 32 പേർ രക്ത സാക്ഷികളായ വലിയ ബഹുജന പ്രക്ഷോഭത്തെ തുടർന്നാണ്. വിശാഖപട്ടണത്തെയും ആന്ധ്രപ്രദേശിലെയും ട്രേഡ് യൂണിയനുകൾ ഈ പ്രക്ഷോഭത്തെ മറ്റു ബഹുജന സംഘടനകളുടെ പിന്തുണയോടെ ഒരു ജന മുന്നേറ്റമായി വളർത്തി. വൻ റാലികളും റോഡ് തടയലും വിശാഖപട്ടണത്തുനിന്നു ആന്ധ്രാപ്രദേശ് മുഴുവനും വളർന്നു. മാർച് 4 നു ആന്ധ്രപ്രദേശ് നിശ്ചലമാക്കിക്കൊണ്ട് ബന്ദ് നടന്നു. സ്വകാര്യവത്കരണം തുടങ്ങിവച്ച കോൺഗ്രസ്, ടിഡിപിയടക്കമുള്ള രാഷ്ട്രീയ പാർട്ടികളുടെ മാത്രമല്ല, ബിജെപിയുടെയടക്കം നേതാക്കൾക്ക് വിഎസ്പി സ്വകാര്യവത്കരണതിനെതിരെ പരസ്യമായ നിലപാടെടുക്കേണ്ടി വന്നിരിക്കുന്നു. തുടർച്ചയായ പ്രക്ഷോഭങ്ങളിലൂടെ ട്രേഡ് യുണിയനുകൾ സമരം തുടരുകയാണ്.

സ്വകാര്യവത്കരണതിനെതിരായി വിവിധ പൊതു മേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ വിവിധ സംസ്ഥാനങ്ങളിൽ വൻ പ്രക്ഷോഭം ഉയർത്തിക്കൊണ്ടു വരികയാണ്. കർണാടകത്തിൽ സ്വകാര്യവത്കരണ വിരുദ്ധ പ്ലാറ്റ്ഫോറം രൂപീകരിച് ബഹുജന പിന്തുണയുമായി മുന്നേറുന്നു. ആദിവാസികളുടെ വനാവകാശവും കൂടി കവരുന്ന കൽക്കരി മേഖലയിൽ വൻ ബഹുജന സമരങ്ങൾക്കായി യുണിയനുകൾ സിഐടിയുവിന്റെ നേതൃത്വത്തിൽ തയ്യാറെടുക്കുന്നു.

### സ്കീം തൊഴിലാളികളുടെ സമരങ്ങൾ

ലോക്ക് ഡൌൺ കാലത്ത് കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ സ്വന്തം ജീവൻ പണയം വച്ച് രംഗത്തി



**കൊറോണയ്ക്ക് ശേഷമുള്ള ബജറ്റിൽ സർക്കാർ ഇന്ത്യൻ ജനതയ്ക്കെതിരായി തുറന്ന യുദ്ധപ്രഖ്യാപനമാണ് നടത്തിയത്. പെട്രോൾ, ഡീസൽ, പാചകവാതക വിലവർധനവ് ദിനചര്യയുടെ ഭാഗമാക്കിയിരിക്കുന്നു. പൊതുമേഖല ബാങ്ക്, ഇൻഷുറൻസ്, പ്രതിരോധം, റെയിൽ, വ്യോമയാനം, റോഡ്, തുറമുഖം, കൽക്കരി, ഉരുക്ക്, പെട്രോളിയം, വൈദ്യുതി, ടെലികോം എന്നിങ്ങനെ തന്ത്രപരമായ മേഖലകൾ മാത്രമല്ല, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം തുടങ്ങി അവശ്യ സേവനങ്ങളെല്ലാം കുത്തകകൾക്ക് തീറെഴുതുമെന്നു പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു.**

റങ്ങിയ അങ്കണവാടി, ആശ, ആരോഗ്യ മിഷൻ ജീവനക്കാർ സുരക്ഷയ്ക്കും ന്യായമായ അവകാശങ്ങൾക്കും വേണ്ടിയുള്ള വൻ സമരങ്ങൾ നടത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും ഇവരുടെ സേവനങ്ങൾക്ക് അംഗീകാരവും മതിയായ പ്രതിഫലവും നൽകുന്നതിനു പകരം ഈ പദ്ധതികളെ തന്നെ സ്വകാര്യവത്കരിക്കുന്ന നടപടികളാണ് നടത്തിയത്. കേന്ദ്ര സംസ്ഥാന ബജറ്റുകൾക്ക് മുന്നോടിയായും അതിനു ശേഷവും വിവിധ സംസ്ഥാനങ്ങളിൽ വൻ പങ്കാളിത്തോടെയുള്ള സമരങ്ങളാണ് കഴിഞ്ഞ മൂന്നു മാസക്കാലമായി നടന്നത്.

അങ്കനവാടി ജീവനക്കാർ തമിഴ്നാട്ടിൽ എല്ലാ ജില്ല ആസ്ഥാനങ്ങളിലും സംസ്ഥാന ഡയറക്ടറേറ്റിലും മൂന്നു രാത്രിയും നാലു പകലുമായി നടത്തിയ ഖേരവോ ശമ്പളവും പെൻഷനും വർധിപ്പിക്കുമെന്ന ഉറപ്പിലാണ് അവസാനിച്ചത്. അസ്സമിൽ ഗുവഹത്തിയിലും ബീഹാറിലും പഞ്ചാബിലും നടന്ന അങ്കണവാടി ജീവനക്കാരുടെ സമരം പ്രീ പ്രൈമറി സ്വകാര്യവൽക്കരണത്തിനെതിരെയായിരുന്നു. ഹിമാചൽ പ്രദേശിൽ സ്വകാര്യ വത്കരണതിനെതിരയും ശമ്പള വർധനവിനായും നടത്തിയ പോരാട്ടം വിജയം കണ്ടു. കർണാടകത്തിൽ അങ്കണവാടി, പാചകതൊഴിലാളി സമരങ്ങൾ മന്ത്രിമാരെ സമരമുഖത്ത് എത്തിച്ച് തൊഴിലാളികളെ അഭിസംബോധന ചെയ്യാൻ നിർബന്ധിതരാക്കി. പശ്ചിമ ബംഗാളിൽ ശമ്പളം പോലും നിഷേധിച്ച മമതാ ഭരണത്തിനെതിരെ പാരാ ടീച്ചർമാർ തുടർച്ചയായി നടത്തിയ സമരം ശ്രദ്ധേയമാണ്.



**നൂറു ദിവസം പിന്നിട്ട കർഷകസമരത്തിൽ ഇതുവരെ ശരാശരി രണ്ട് ദിവസത്തിൽ അഞ്ചുപേർ എന്ന നിലയിൽ രക്തസാക്ഷികൾ ആവുകയാണ്. മോഡി സർക്കാരാകട്ടെ സമരത്തോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. മാത്രമല്ല, പിൻവലിക്കുമെന്ന് കർഷകർക്ക് ഉറപ്പു നൽകിയ ഇലക്ട്രിസിറ്റി ബിൽ ഈ പാർലമെന്റ് സമ്മേളനത്തിൽ വീണ്ടും കൊണ്ടുവന്നു വീണ്ടും വിശ്വാസ വഞ്ചന കാട്ടുകയാണ്.**

## വിവിധ സമരങ്ങൾ

ബീഡി തൊഴിലാളികൾ കേന്ദ്രനിയമത്തിനെതിരെ നടത്തിവരുന്ന പ്രക്ഷോഭങ്ങൾ, നിർമാണ തൊഴിലാളികൾ ക്ഷേമനിധിയെ സംരക്ഷിക്കാൻ നടത്തുന്ന സമരങ്ങൾ, തോട്ടം തൊഴിലാളികളുടെ നിരന്തര സമരങ്ങൾ, മുൻസിപൽ തൊഴിലാളികൾ അങ്ങനെ വിവിധ സംഘടിത അസംഘടിത മേഖലാ തൊഴിലാളി പ്രക്ഷോഭങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചു. ഈ സമരങ്ങളോടൊപ്പം സംയുക്ത കാർഷക മോർച്ചയുടെ എല്ലാ ആഹ്വനങ്ങളിലും വൻ തൊഴിലാളി പങ്കാളിത്തം പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഹരിയാനയിൽ കർഷകർക്കൊപ്പം സ്ഥിരമായ ടോൾ പ്ലാസാ ഉപരോധത്തിനും കിസാൻ പഞ്ചായത്തുകളിലും തുല്യപങ്കാളിത്തമാണ് സിഐടിയുവിനുള്ളത്. അതെ സമയം ആശാവർകർമാർ, അങ്കണ വാടി ജീവനക്കാർ, പാചകതൊഴിലാളികൾ, ഗ്രാമീൺ ചൗകിദാർമാർ, പഞ്ചായത്ത് തൊഴിലാളികൾ, നിർമാണ തൊഴിലാളികൾ അങ്ങനെ സമസ്ത മേഖലകളിലെയും തൊഴിലാളികൾ നടത്തി വന്ന സമരങ്ങൾ സിഐടിയു അഞ്ചു സംസ്ഥാന മന്ത്രിമാരുടെ വീട് ഉപരോധ സമരമാക്കിയപ്പോൾ മിനിമം കൂലി വർധനവടക്കമുള്ള കാര്യങ്ങൾ അംഗീകരിക്കാം സർക്കാർ നിർബധിതമായി.

## വളരുന്ന തൊഴിലാളി -കർഷകഐക്യം

നൂറു ദിവസം പിന്നിട്ട കർഷകസമരത്തിൽ ഇതുവരെ ശരാശരി രണ്ട് ദിവസത്തിൽ അഞ്ചുപേർ എന്ന നിലയിൽ

രക്തസാക്ഷികൾ ആവുകയാണ്. മോഡി സർക്കാരാക ട്ടെ സമരത്തോട് തികച്ചും നിഷേധാത്മകമായ സമീപ നമാണ് സ്വീകരിക്കുന്നത്. മാത്രമല്ല, പിൻവലിക്കുമെന്ന് കർഷകർക്ക് ഉറപ്പു നൽകിയ ഇലക്ട്രിസിറ്റി ബിൽ ഈ പാർലമെന്റ സമ്മേളനത്തിൽ വീണ്ടും കൊണ്ടുവന്നു വീണ്ടും വിശ്വാസ വഞ്ചന കാട്ടുകയാണ്.

ഈ അവസരത്തിൽ കർഷകരും തൊഴിലാളിക ളും തമ്മിലുള്ള ഐക്യത്തിന്റെ കൂടുതൽ ആവശ്യകത എല്ലാ വിഭാഗം കർഷകർക്കും ബോധ്യമായിക്കൊണ്ടിരി ക്കുന്നു. മാർച്ച് ഒന്നിന് നടന്ന ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദിയുടെയും സംയുക്ത കിസാൻ മോർച്ച യുടെയും സംയുക്ത മീറ്റിംഗ് ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണായക വഴിതിരിവിനു തുടക്കം കുറിക്കും. ഈ മീ റ്റിംഗിൽ കർഷകരും തൊഴിലാളികളും ഒന്നായി മാർച്ച് 15 നു ബാങ്ക് പണിമുടക്കിനു ഐക്യദാർഢ്യം പ്രഖ്യാപിച് 'സ്വകാര്യവത്കരണ കോർപറേറ്റ്വത്കരണ വിരുദ്ധദി നമായി ആചരിക്കാൻ തീരുമാനിച്ചു. തന്നെയുമല്ല, മൂന്നു കാർഷിക നിയമങ്ങളും നാല് ലേബർ കോഡുകളും പിൻവലിക്കണമെന്ന ആവശ്യം ഉന്നയിച്ചു വരും നാളുക ളിൽ സംയുക്ത സമരങ്ങൾ ഏറ്റെടുക്കാനും ധാരണയാ യി.

### ഭരണവർഗ്ഗങ്ങൾക്കിടയിൽ സംഘർഷങ്ങൾ (conflicts) രൂപം കൊള്ളുന്നു

മുതലാളിത്ത പ്രതിസന്ധിയും അത് മറികടക്കാൻ സ്വീകരിക്കുന്ന കർഷക തൊഴിലാളി ജനവിരുദ്ധ കുത്തക പ്രീണന നയങ്ങളും അതിനെതിരെ രൂപം കൊണ്ട വർഗസമരവും മൂലം വിവിധ ഭരണ വർഗ്ഗങ്ങൾ ക്കിടയിൽ സംഘർഷങ്ങൾ രൂപം കൊണ്ടിരിക്കുന്നു. വൻകിട ബൂർഷ്വാസിയും അന്താരാഷ്ട്രീയ പണമൂലധ നവും ഒരു ഭാഗത്തും ഏതാണ്ട് ധനിക കർഷകരാകെ തന്നെയും ഉൾപ്പെടെയുള്ള കർഷക വർഗ്ഗങ്ങൾ മറുഭാ ഗത്തുമായി ഒരു സംഘർഷം രൂപം കൊണ്ടിരിക്കുന്നു. അതുപോലെതന്നെ ചെറുകിട ഇടത്തരം വ്യവസാ യികളെ തകർക്കുന്ന നവലിബറൽ പരിഷ്കാരങ്ങൾ വൻകിട ബൂർഷ്വാസിയും വൻകിടേതര ബൂർഷ്വാസി യും തമ്മിലും ഒരു സംഘർഷം സൃഷ്ടിച്ചിരിക്കുന്നു. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന നയങ്ങൾ സംസ്ഥാന പാർട്ടികളെ ഭരണവർഗ്ഗ പാർട്ടി ക്കെതിരാക്കിക്കൊണ്ടിരിക്കുന്നു. ഈ സംഘർഷങ്ങൾ തൊഴിലാളി കർഷക വർഗ്ഗങ്ങളുടെ മുമ്പിൽ ഈ നയ ങ്ങൾക്കും ബൂർഷ്വാ ഭൂപ്രഭു ഭരണത്തിനുമെതിരായ സമരങ്ങൾ ശക്തിപ്പെടുത്താനുള്ള വൻ സാധ്യതയാണ് തുറന്നു തരുന്നത്. അതുകൊണ്ടുതന്നെ ഓരോ മേഖ ലയിലും ഒറ്റയ്ക്കും യോജിച്ചും നടക്കുന്ന പ്രക്ഷോഭങ്ങൾ വരും നാളുകളിൽ നിർണായകമാകും. ഇടതുപക്ഷ ബദൽ ഉയർത്തിപ്പിടിച്ചുകൊണ്ട് തൊഴിലാളി കർഷക ഐക്യവും സംയുക്ത സമരങ്ങളും ഈ ദിശയിൽ വിക സിപ്പിക്കുക എന്നതാണ് നമ്മുടെ കടമ. ●

**സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന നയങ്ങൾ സംസ്ഥാന പാർട്ടികളെ ഭരണവർഗ്ഗ പാർട്ടിക്കെതിരാക്കിക്കൊണ്ടിരിക്കുന്നു. ഈ സംഘർഷങ്ങൾ തൊഴിലാളി -കർഷക വർഗ്ഗങ്ങളുടെ മുമ്പിൽ ഈ നയങ്ങൾക്കും ബൂർഷ്വാ ഭൂപ്രഭു ഭരണത്തിനുമെതിരായ സമരങ്ങൾ ശക്തിപ്പെടുത്താനുള്ള വൻ സാധ്യതയാണ് തുറന്നു തരുന്നത്. ഇടതുപക്ഷ ബദൽ ഉയർത്തിപ്പിടിച്ചുകൊണ്ട് തൊഴിലാളി കർഷക ഐക്യവും സംയുക്ത സമരങ്ങളും ഈ ദിശയിൽ വികസിപ്പിക്കുക എന്നതാണ് നമ്മുടെ കടമ.**

# ബൈഡന്റെ ചൈനാ നയവും ക്വാഡും



ജോസ് ടി എബ്രഹാം

**ചൈനയെ ഇന്തോ പസഫിക് പ്രദേശത്തെ മറ്റു രാജ്യങ്ങളുടെ സഹായത്തോടെ വളഞ്ഞ് ഒറ്റപ്പെടുത്തി ക്ഷീണിപ്പിക്കുക എന്ന നയത്തിന്റെ ഒരു പ്രധാന ഘടകമാണ് ക്വാഡ്. ഇപ്പോൾ ചൈനയുടെ നേർക്ക് തിരിയാൻ പ്രധാന കാരണം ചൈന സൈനിക സാമ്പത്തികസാങ്കതിക രംഗങ്ങളിൽ നടത്തി കൊണ്ടിരിക്കുന്ന മുന്നേറ്റം അമേരിക്കൻ സാമാജ്യത്വത്തിന് ഭീഷണിയുയർത്തുന്നതുകൊണ്ടാണ്. മറ്റു രാജ്യങ്ങളുടെയെല്ലാം സാമ്പത്തികരംഗം കോവിഡ് ആഘാതത്തിൽ ചുരുങ്ങിയപ്പോൾ ചൈനീസ് സമ്പദ്‌വ്യവസ്ഥ വലിയ വളർച്ചയാണ് നേടിയത്.**

ക്വാഡ് എന്ന ചുരുക്കപേരിലറിയപ്പെടുന്ന "ക്വാഡ്രിലാറ്ററൽ സെക്യൂരിറ്റി ഡയലോഗ്" അമേരിക്ക, ഇന്ത്യ, ജപ്പാൻ, ആസ്ട്രേലിയ എന്നീ നാലു രാജ്യങ്ങൾ അമേരിക്കയുടെ നേതൃത്വത്തിൽ ട്രംപിന്റെ കാലത്ത് രൂപീകരിച്ച ചൈനക്കെതിരെയുള്ള സഖ്യമാണ്. ഈ സഖ്യത്തിന്റെ പ്രവർത്തനം അമേരിക്കൻ വിദേശ നയത്തിന്റെ ഒരു പ്രധാന ലക്ഷ്യമായിരിക്കുമെന്നാണ് പ്രസിഡന്റ് ബൈഡന്റെ സുരക്ഷ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻ പറഞ്ഞത്.

അമേരിക്കയുടെ ഈ തന്ത്രപരമായ സമീപനം ട്രംപിന്റെ കാലത്തെ ഒരു നീക്കത്തിന്റെ ഭാഗം മാത്രമല്ല പിന്നെയോ ചൈനയോട് അമേരിക്ക എടുക്കുന്ന ദീർഘകാല സമീപനത്തിന്റെ ഭാഗമാണ്. അമേരിക്കയുടെ സൈനികവും സാമ്പത്തികവുമായ അധീശത്വം ലോകത്ത് നിലനിർത്തുന്നതിന് ഇന്ന് ഏറ്റവും വലിയ ഭീഷണി ചൈനയാണ്. ചൈനയെ ഇന്തോ പസഫിക് പ്രദേശത്തെ മറ്റു രാജ്യങ്ങളുടെ സഹായത്തോടെ വളഞ്ഞ് ഒറ്റപ്പെടുത്തി ക്ഷീണിപ്പിക്കുക എന്ന നയത്തിന്റെ ഒരു പ്രധാന ഘടകമാണ് 'ക്വാഡ്'.

പ്രസിഡന്റായി അധികാരമേറ്റ ശേഷം ബൈഡൻ പങ്കെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആദ്യത്തെ ബഹുരാഷ്ട്ര മീറ്റിംഗ് ക്വാഡിന്റേതാണ് എന്നതും യാദൃശ്ചികമല്ല. അമേരിക്കയുടെ താല്പര്യ പ്രകാരം ക്വാഡിന്റെ യോഗം മാർച്ച് 12ാം തീയതി വെർച്വൽ പ്ലാറ്റ്ഫോമിൽ കൂടി. അമേരിക്കൻ പ്രസിഡന്റ് ബൈഡൻ, ഇന്ത്യൻ പ്രധാന മന്ത്രി നരേന്ദ്ര മോഡി, ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ, ജപ്പാൻ പ്രധാനമന്ത്രി യോഷിഹിഡെ സുഗ എന്നിവർ ക്വാഡ് യോഗത്തിൽ പങ്കെടുത്തു.

> **അമേരിക്ക ചൈനയെ ഒറ്റപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങളൊന്നും വിജയിക്കുന്നില്ല എന്നതാണ് വസ്തുത. ബൈഡൻ അധികാരത്തിൽ വരുന്നതിന് തൊട്ടുമുൻപ് യൂറോപ്യൻ യൂണിയൻ ചൈന സമഗ്ര നിക്ഷേപകരാർ ഒപ്പുവയ്ക്കുകയുണ്ടായി. സോവിയറ്റ് യൂണിയനും ചൈനയുമായും നിക്ഷേപകരാർ അടുത്തിടെ ഒപ്പുവച്ചു. പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങി വിവിധ അയൽരാജ്യങ്ങളുമായും ചൈന നല്ല ബന്ധത്തിലാ ണ്. ഇന്ത്യൻ ഭര ണാ ധി കാ രി കൾ ഇതൊന്നും കാണാതിരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യു കയാണ്. ഇന്ത്യയുടെ ദീർഘകാല പുരോഗതിക്ക് ഈ സമീപനം വിഘാതമാണ്.**

ചൈന ക്വാഡ് യോഗത്തെ കുറിച്ചു പറഞ്ഞത് 'ഏഷ്യ പസഫിക് പ്രദേശത്തെ സമാധാനത്തിനും സുസ്ഥിരതക്കും വേണ്ടി ഈ ഫോറം പ്രവർത്തി ക്കുമെന്നു പ്രതീക്ഷിക്കുന്നു. അല്ലാതെ ആരെയും എതിർക്കാനല്ല എന്നു വിശ്വസിക്കുന്നു' എന്നാണ്.

എന്നാൽ ക്വാഡ് യോഗത്തിനു മുമ്പ് അമേരി ക്കൻ വിദേശ കാര്യ സെക്രട്ടറി ആന്റണി ബ്ലിങ്കൻ പറഞ്ഞത് 21ാം നൂറ്റാണ്ടിലെ അമേരിക്കയുടെ വി ദേശകാര്യ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി ചൈനയുമായുള്ള ബന്ധമായിരിക്കുമെന്നാണ്. അന്തർദേശീയ വ്യവസ്ഥിതിക്ക് ഗൗരവതരമായ വെ ല്ലുവിളി സാമ്പത്തികവും സൈനികവും നയപരവും സാങ്കേതികവുമായ രംഗങ്ങളിൽ ഉയർത്താൻ കഴി യുന്ന ഒരേ ഒരു ശക്തി ചൈനയാണ്. ചൈനയെ ഏതു നിലയിലും ശക്തിയുടെ ഭാഷയിൽ തന്നെ ആവശ്യമെങ്കിൽ അമേരിക്ക നേരിടുമെന്നും ബ്ലിങ്കൻ പറഞ്ഞു.

അമേരിക്കയുടെ വിദേശനയത്തിന്റെയും ഭൂ രാഷ്ട്രതന്ത്രത്തിന്റെയും കേന്ദ്രബിന്ദു ഇപ്പോൾ ചൈനയാണ് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സോവിയറ്റ് യൂണിയന്റെ തകർച്ച വരെ അമേരി ക്കൻ വിദേശനയമാകെ ക്രമപ്പെടുത്തിയിരുന്നത് സോവിയറ്റ് യൂണിയനെ കേന്ദ്രീകരിച്ചാണ്. ഈ സമീപനത്തിന് രാഷ്ട്രീയവും സൈനികവും സാ മ്പത്തികവുമായ നാനാതരം കാരണങ്ങളുണ്ട്. അടിസ്ഥാനപരമായി കാരണം കമ്മ്യൂണിസ്റ്റ് ആശ യഗതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഭരണകൂടവും മുതലാളിത്ത ആശയഗതിയുടെ അടിസ്ഥാനത്തിൽ ചലിക്കുന്ന ഭരണകൂടവും തമ്മി ലുള്ള ഏറ്റുമുട്ടൽ തന്നെ. ഒരു കമ്മ്യൂണിസ്റ്റ് സോഷ്യ ലിസ്റ്റ് ആശയത്തിന്റെ അടിസ്ഥാനത്തിൽ വളരുന്ന ഒരു സമ്പദ്‌വ്യവസ്ഥയോടുള്ള അസഹിഷ്ണുതയാണ് അമേരിക്ക സോവിയറ്റ് യൂണിയിനോടും ഇപ്പോൾ ചൈനയോടും പ്രകടിപ്പിക്കുന്നത്.

അമേരിക്കൻ സൈനികതന്ത്രങ്ങളും വിദേശന യവും രൂപപ്പെടുത്തുന്നതിൽ ആശയപരമായ ഉപ ദേശങ്ങൾ നൽകുന്ന ഒരു സർക്കാരിതര സംഘട നയാണ് "അറ്റ്ലാന്റിക് കൗൺസിൽ." അടുത്തിടെ അറ്റ്ലാന്റിക് കൗൺസിൽ "ദ ലോങ്ങർ ടെലിഗ്രാം" എന്നൊരു രേഖ പുറത്തിറക്കുകയുണ്ടായി. അമേരി ക്ക ചൈനയുടെ നേരെ പ്രയോഗിക്കേണ്ട പുതിയ തന്ത്രമാണ് ഇതിൽ വിശദീകരിക്കുന്നത്. ചൈനീസ് പ്രസിഡന്റ് "സീ ജിൻ പിങ്ങിനെ'യും ചൈനീസ് രാഷ്ട്രീയ നേതൃത്വത്തെയും ലക്ഷ്യമാക്കി അതിനെ ക്ഷീണിപ്പിക്കുന്ന ഒരു സമീപനം ചൈനയ്ക്കകത്തും പുറത്തും സ്വീകരിക്കണം എന്നതാണ് അറ്റ്ലാന്റിക് കൗൺസിൽ രേഖയുടെ രത്നചുരുക്കം. അറ്റ്ലാന്റി ക് കൗൺസിൽ പ്രസിദ്ധീകരിച്ച രേഖയുടെ പേര് "ദ ലോങ്ങർ ടെലിഗ്രാം' എന്നാണെന്ന് പറഞ്ഞു. ആ പേരിന് ചരിത്രപരമായി വലിയ പ്രാധാന്യമു ണ്ട്. സോവിയറ്റ് യൂണിയനെ തകർക്കാൻ ജോർജ് കെന്നൻ 1946 ൽ അയച്ച തന്ത്രപരമായ ടെലിഗ്രാം രേഖയുടെ പേര് "ദ ലോങ്ങ് ടെലിഗ്രാം" എന്നായിരു ന്നു. ജോർജ് കെന്നൻ സോവിയറ്റ് യൂണിയനിലെ അമേരിക്കൻ എംബസിയിൽ ഉയർന്ന ഉദ്യോഗസ്ഥ നും തികഞ്ഞ കമ്മ്യൂണിസ്റ്റ് വിരോധിയുമായിരുന്നു. 1946 ഫെബ്രുവരിയിൽ അമേരിക്കൻ ട്രഷറി ഡിപ്പാർ ട്ട്മെന്റ് അമേരിക്കയുടെ സോവിയറ്റ് എംബസി യോട് എന്തുകൊണ്ടാണ് സോവിയറ്റ് യൂണിയൻ "ലോകബാങ്കും ഐ.എം.എഫും' ആയി സഹകരി ക്കാത്തത് എന്നൊരു ചോദ്യം അയച്ചു. അതിന്റെ മറുപടിയായി കെന്നൻ അയച്ച ദീർഘമായ ടെലി ഗ്രാമാണ് "ദ ലോങ്ങ് ടെലിഗ്രാം" എന്ന് ഇപ്പോഴറി യപ്പെടുന്നത്. അമേരിക്കയും സോവിയറ്റ് യൂണി യനുമായുള്ള ശീതയുദ്ധത്തിന് അടിസ്ഥാന രേഖ കെന്നന്റെ ലോങ്ങ് ടെലിഗ്രാമായിരുന്നു. ചൈന ക്കെതിരെയുള്ള തന്തപരമായ സമീപനരേഖയായ ലോങ്ങർ ടെലിഗ്രാമിന്റെ കർത്താവും അമേരിക്കൻ സർക്കാരിലെ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്ന ആളാണ്. പേര് വെളിപ്പെടുത്തിയിട്ടില്ല. കെന്നൽ

സോവിയറ്റ് യൂണിയനെ തകർക്കാൻ 'ദ ലോങ്ങ് ടെലിഗ്രാം" എഴുതിയത് 'ത' എന്ന ഊമ പേരിലാണ് എന്നതും സ്മരണീയം.

അമേരിക്കയുടെ പ്രതിരോധവകുപ്പിന്റെ 2018 ലെ 'ദേശീയ പ്രതിരോധ തന്ത്രം' എന്ന് രേഖയും ചൈന യെയാണ് പ്രധാന വെല്ലുവിളിയായി കാണുന്നത്. അമേരിക്കൻ പ്രതിരോധ തന്ത്രം ഈ രേഖയിൽ കൃത്യമായി പറയുന്നുണ്ട്. അമേരിക്കയുടെ പ്രതിരോധശേഷി മറ്റെല്ലാ രാജ്യങ്ങളെക്കാളും മേലെയായിരിക്കണം. മറ്റുള്ള രാജ്യങ്ങളെ ഭയപ്പെടുത്തി നിർത്താൻ കഴിയുന്നതായിരിക്കണം അമേരിക്കയുടെ സൈനികശക്തി. ഭയപ്പെടുത്തൽ ഫലപ്രദമാകാതെ വന്നാൽ യുദ്ധം ചെയ്ത് വിജയിക്കാനും കഴിയണം. അമേരിക്കൻ പ്രസിഡന്റിനും അമേരിക്കയുടെ നയതന്ത്ര ഉദ്യോഗസ്ഥർക്കും 'ശക്തി' യുടെ ഭാഷയിൽ മറ്റു രാജ്യങ്ങളോട് സംസാരിക്കാൻ കഴിയുന്നതുമായിരിക്കണം അമേരിക്കയുടെ സൈനികശക്തി. എന്നാൽ അമേരിക്കയുടെ സൈനിക ശക്തിയും മേൽക്കോയ്മയും അടുത്തകാലത്തായി ഇടിഞ്ഞു കൊണ്ടിരിക്കുകയാണെന്നും ഈ രേഖ തന്നെ സമ്മതിക്കുന്നുണ്ട്. അന്തർദേശീയരംഗം കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുകയാണ്. രാജ്യാന്തര സുരക്ഷിതത്വ അന്തരീക്ഷവും കലുഷിതമാണ്. അമേരിക്കൻ ദേശീയ സുരക്ഷിതത്വത്തിന് ഇപ്പോൾ ഏറ്റവും വലിയ ഭീഷണി ഭീകരവാദമല്ല ചില രാജ്യങ്ങളുമായുള്ള തന്ത്രപരമായ മത്സരമാണ്. തെക്കൻചൈന കടലിടുക്കിലെ സൈനികവൽക്കരണത്തിലൂടെയും മറ്റു രാജ്യങ്ങളെ ഭയപ്പെടുത്തിയും ചൈന അമേരിക്കയുടെ തന്ത്രപരമായ ഏറ്റവും പ്രധാന എതിരാളിയാണിപ്പോൾ. സാമ്പത്തികരംഗത്തും ചൈന വലിയ വെല്ലുവിളിയുയർത്തുകയാണെന്ന് പ്രതിരോധ തന്ത്രരേഖ പറയുന്നു.

ചൈനയോടുള്ള അമേരിക്കൻ വിരോധത്തിന്റെ അടിസ്ഥാനകാരണം ആശയപരമായ ഒന്നാണെന്ന് തുടക്കത്തിൽ സൂചിപ്പിച്ചു. അടുത്തകാലം വരെ ഭീകരവാദമാണ് ഏറ്റവും വലിയ സുരക്ഷിതത്വ ഭീഷണിയായി അമേരിക്ക ഉയർത്തിക്കാണിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ചൈനയുടെ നേർക്ക് തിരിയാൻ പ്രധാന കാരണം ചൈന സൈനികസാമ്പത്തിക സാങ്കതിക രംഗങ്ങളിൽ നടത്തി കൊണ്ടിരിക്കുന്ന മുന്നേറ്റം അമേരിക്കൻ സാമാജ്യത്വത്തിന് ഭീഷണി യുയർത്തുന്നതുകൊണ്ടാണ്. ചൈന ലോകത്തെ രണ്ടാമത്തെ സാമ്പത്തിക ശക്തിയാണിപ്പോൾ. മറ്റു രാജ്യങ്ങളുടെയെല്ലാം സാമ്പത്തികരംഗം കോവിഡ് ആഘാതത്തിൽ ചുരുങ്ങിയപ്പോൾ ചൈനീസ് സമ്പദ്‌വ്യവസ്ഥ വളർച്ച നേടി, റോബോട്ടിക് സാങ്കേതികവിദ്യയിൽ ചൈന മറ്റു രാജ്യങ്ങളെക്കാളെല്ലാം വളരെ മുന്നിലാണ്. ആഗോളതലത്തിൽ സെപ്റ്റംബർ 20 ന് വ്യവസായിക റോബോട്ടുകളുടെ എണ്ണം

**അമേരിക്ക് പ്രതിരോധ കാര്യങ്ങളിൽ ഉപദേശം നൽകുന്ന സംഘടനയാണ് അറ്റ്ലാന്റിക് കൗൺസിൽ. ചൈനീസ് പ്രസിഡന്റ് "സീ ജിൻ പിങ്ങിനെ'യും ചൈനീസ് രാഷ്ട്രീയ നേതൃത്വത്തെയും ലക്ഷ്യമാക്കി അതിനെ ക്ഷീണിപ്പിക്കുന്ന ഒരു സമീപനം ചൈനയ്ക്കകത്തും പുറത്തും സ്വീകരിക്കണം എന്ന് അറ്റ്ലാന്റിക് കൗൺസിൽ ദ ലോങ്ങർ ടെലിഗ്രാം എന്ന രേഖയിൽ ചൂണ്ടിക്കാണിക്കുന്നു.**

3,81,000 ആയിരുന്നു. അതിൽ 1,40,500 ഉം ചൈനയിലാണ്. ജപ്പാനിൽ 49,900 ഉം, അമേരിക്കയിൽ 33,300 ഉം മാത്രമാണുള്ളത്. നിർമ്മിത ബുദ്ധിയിലും ചൈന വളരെ മുന്നിലാണ്. ഏറ്റവും വളരുന്ന ഒരു മേഖലയാണ് വൈദ്യുതി വാഹനമേഖല, അതിലും ചൈന യാണ് മുന്നിൽ. ലിത്തിയം അടിസ്ഥാനപ്പെടുത്തിയ ബാറ്ററികൾ വൈദ്യുതി വാഹന വ്യവസായത്തിന്റെ ഏറ്റവും പ്രധാന ഘടകമാണ്. ചൈന ആ രംഗത്തും മുന്നിലാണ് . ചൈനക്കെതിരെ വ്യാപാര ഉപരോധം ഏർപ്പെ ടുത്താൻ പ്രാപിനെ പ്രേരിപ്പിച്ചത് ഈ വിഷയങ്ങളാണ്.

എന്നാൽ അമേരിക്ക ചൈനയെ ഒറ്റപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങളൊന്നും വിജയിക്കുന്നില്ല എന്നതാണ് വസ്തുത. ബൈഡൻ അധികാരത്തിൽ വരുന്നതിന് തൊട്ടുമുൻപ് യൂറോപ്യൻ യൂണിയൻ ചൈന സമഗ്ര നിക്ഷേപകരാർ ഒപ്പുവയ്ക്കുകയുണ്ടായി. സോവിയറ്റ് യൂണിയനും ചൈനയുമായും നിക്ഷേപകരാർ അടുത്തിടെ ഒപ്പുവച്ചു. പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങി വിവിധ അയൽരാജ്യങ്ങളുമായും ചൈന നല്ല ബന്ധത്തിലാണ്. ഇന്ത്യൻ ഭര ണാ ധി കാ രി കൾ ഇതൊന്നും കാണാതിരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുകയാണ്. ഇന്ത്യയുടെ ദീർഘകാല പുരോഗതിക്ക് ഈ സമീപനം വിഘാതമാണ്.

ഇതോടൊപ്പം ചേർത്തു വായിക്കേണ്ട ഒന്നാണ് അമേരിക്കൻ പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ മാർച്ച് 19 മുതൽ 21 വരെ നടത്തുന്ന ഇന്ത്യാ സന്ദർശനം അദ്ദേഹത്തിന്റെ ഇന്ത്യ സന്ദർശന വേളയിൽ ഇന്ത്യൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ഉൾപ്പെടെയുള്ള നേതാക്കളുമായും ചർച്ചകൾ നടത്തും. ജപ്പാൻ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളും ഇതോടൊപ്പം ഓസ്റ്റിൻ സന്ദർശിക്കുന്നുണ്ട്. ഓസ്റ്റിന്റെ ആദ്യ വിദേശ സന്ദർശനമാണിത്. ഇത് കാണിക്കുന്നത്. അമേരിക്കൻ വിദേശ നയത്തിന്റെ കേന്ദ്ര ബിന്ദു ഏഷ്യ പസഫിക് മേഖലയാണെന്നാണ്.

## കർഷക സമരം 100ാം ദിവസം




# രാജ്യവ്യാപക കരിദിനം

കർഷകസമരം നൂറുദിവസം പിന്നിട്ട മാർച്ച് 6 ന് കർഷകസംഘടനകൾ രാജ്യവ്യാപകമായി കരിദിനമാചരിച്ചു. കൈയിൽ കറുത്ത ബാൻഡ് ധരിച്ചും കറുത്ത തുണി കൊണ്ട് വായ്മൂടിക്കെട്ടിയും കർഷകർ പ്രതിഷേധിച്ചു. വീടുകൾക്ക് മുന്നിലും വിവിധ സ്ഥാപനങ്ങൾക്ക് മുന്നിലും കരിങ്കൊടികളുയർന്നു. ഡൽഹിയിൽ കുണ്ട്ലി മനേസർ പൽവൽ എക്സ്പ്രസ് പാത (കെഎംപി) കർഷകർ ഉപരോധിച്ചു. 136 കി.മീ നീളമുള്ള ആറുവരി പാതയിൽ പകൽ 11 മുതൽ നാലുവരെയായിരുന്നു ഉപരോധം. കടുത്ത പകൽച്ചൂട് കൂസാതെ ആയിരങ്ങൾ ഉപരോധത്തിൽ പങ്കാളികളായി.

നൂറുദിവസത്തിനിടെ കർഷക സംഘടനകൾ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന നാലാമത്തെ പ്രതിഷേധപരിപാടിയായിരുന്നു കരിദിനാചരണവും എക്സ്പ്രസ് പാത ഉപരോധവും. കിസാൻ പരേഡ്, റോഡ് ഉപരോധം, റെയിൽ ഉപരോധം എന്നിവയാണ് നേരത്തേ സംഘടിപ്പിച്ചത്. കിസാൻ സഭ അടക്കമുള്ള സംഘടനകൾ ഉറച്ചുനിന്നതോടെ സമരം കൂടുതൽ മേഖലകളിലേക്ക് പടർന്നു. തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സംസ്ഥാനങ്ങളിലേക്കുകൂടി കർഷകസമരം പടരുന്നതിൽ കേന്ദ്ര സർക്കാരും ബിജെപിയും ആശങ്കയിലാണ്.

കെഎംപി എക്സസ്പാതയിൽ ഗതാഗതം തടഞ്ഞുള്ള ഉപരോധം ചരിത്രത്തിലാദ്യമാണ്. പാതയിൽ പലയിടത്തായി കർഷകർ പ്രതിഷേധ യോഗങ്ങൾ ചേർന്നു. ചിലയിടങ്ങളിൽ പ്രകടനങ്ങളുമുണ്ടായി. ട്രാക്ടർ ഓടിച്ചും നിരവധി പേരെത്തി. കുണ്ടലിയിലെ പ്രതിഷേധ യോഗത്തിൽ സംയുക്ത കിസാൻ മോർച്ച നേതാക്കളായ ബൽബീർ സിങ് രജേവാൾ, ദർശൻപാൽ, പി. കൃഷ്ണപ്രസാദ്, കുൽവന്ത് സിങ് സന്ധു തുടങ്ങിയവർ സംസാ രിച്ചു. കാർഷിക നിയമങ്ങൾ പിൻവലിക്കാതെ സമരം അവസാനിപ്പിക്കില്ലെന്ന നിലപാട് നേതാക്കൾ ആവർത്തിച്ചു.

മാർച്ച് 8 വനിതാദിനത്തിൽ ഡൽഹിയിലെ കർഷക സമരകേന്ദ്രങ്ങളിൽ നിറഞ്ഞുനിന്നത് കർഷകസ്ത്രീകൾ. സിൻഘു, ടിക്രി, ഷാജഹാൻപുർ, ഗാസിപുർ, പൽവൽ സമരകേന്ദ്ര ങ്ങളെല്ലാം തിങ്കളാഴ്ച പൂർണമായും നിയന്ത്രിച്ചത് വനിതകളാണ്. കർഷകസ്ത്രീകളോടുള്ള ആദരസൂചകമായി തിങ്കളാഴ്ച 'മഹിളാ കർഷകദിനമായി ആചരിക്കാൻ സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്തിരുന്നു. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, യു പി, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽ നിന്നായി പതിനായിരക്കണക്കിന് കർഷകസ്ത്രീകൾ തിങ്കളാഴ്ച സമരകേന്ദ്രങ്ങളിലെത്തി.

നൂറുദിവസം പിന്നിട്ട കർഷക സമരത്തിന് നേതൃത്വം നൽകാൻ കവിത കുറുഗന്ധി, പ്രതിഭാ ഷിൻഡെ, രവീന്ദർ പാൽ കൗർ, മേധാപട്ക്കർ തുടങ്ങി നിരവധിപേർ വിവിധ കേന്ദ്രങ്ങളിൽ തുടക്കം മുതലുണ്ടായിരുന്നു.

സിൻഘുവിലും ടിക്രിയിലുമെല്ലാം വേദി നിയന്ത്രിച്ചതും പ്രസംഗിച്ചതുമെല്ലാം മഹിളാ കർഷകരാണ്. കാർഷികവൃത്തിയിൽ സ്ത്രീകളുടെ പങ്കാളിത്തവും മഹിളാ കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുമെല്ലാം സമര വേദികളിൽ ഉയർന്നുകേട്ടു. സമര കേന്ദ്രങ്ങളിലെ ഭക്ഷണവിതരണം, സുരക്ഷാ ചുമതല, ഗതാഗത നിയന്ത്രണം തുടങ്ങിയ കാര്യങ്ങളും അവരേറ്റെടുത്തു.

### 26 ന് ഭാരത് ബന്ദിന് ആഹ്വാനം

കർഷകരുടെ ജീവിത സമരത്തോട് മുഖം തിരിച്ച് കോർപറേറ്റ് പ്രീണനം തുടരുന്ന കേന്ദ്ര സർക്കാരിന് താക്കീതേകാൻ മാർച്ച് 26 ന് ഭാരത് ബന്ദിന് കർഷക സംഘടനകളുടെ കൂട്ടായ്മയായ സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്തു. അതേ സമയം കേന്ദ്ര സർക്കാരിന്റെ കാർഷിക നിയമങ്ങൾക്കെതിരായ പ്രക്ഷോഭങ്ങളുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ കിസാൻ മഹാപഞ്ചായത്തുകൾ തുടരുകയാണ്. ബുധനാഴ്ച ഹരിയാനയിലെ ജിണ്ടിൽ സംയുക്ത കിസാൻ മോർച്ച സംഘടിപ്പിച്ചു.

# കർഷക സമരം സർക്കാരിന് വിദേശത്തും രൂക്ഷ വിമർശം

കർഷകസമരത്തെ അടിച്ചമർത്തുകയെന്ന ലക്ഷ്യത്തോടെ മോഡി സർക്കാർ സ്വീകരിച്ച നടപടികൾ അന്തർ ദേശീയതലത്തിൽ കൂടുതൽ വിമർശനവിധേയമാകുന്നു. സമാധാനപ രമായി പ്രതിഷേധിക്കുന്ന കർഷകർക്കെതിരായ അടിച്ചമർത്തൽ നടപടികളെ യും മാധ്യ മപ്രവർത്തകരെ ലക്ഷ്യമിട്ടുള്ള നീക്കങ്ങളെയും ബ്രിട്ടീഷ് പാർലമെന്ററി ഗ്രൂപ്പ് നിശിതമായി വിമർശിച്ചു. ഒരു ലക്ഷത്തോളം പേർ ഒപ്പിട്ട് സമർപ്പിച്ച ഇ-പരാതിയിന്മേൽ നടന്ന ചർച്ചയിലാ ണ് കക്ഷിവ്യത്യാസമില്ലാതെ എംപിമാർ മോഡി സർക്കാരിന്റെ അടിച്ചമർത്തൽ നടപടികളെ വിമർശിച്ചത്. ഒരു ഡസനോളം എംപിമാരുൾപ്പെട്ട ഗ്രൂപ്പാണ് കേന്ദ്ര സർക്കാരിനെതിരെ രൂക്ഷവിമർശനമുയർത്തിയത്.




എന്നാൽ, ബ്രിട്ടനിലെ ഇന്ത്യൻ ഹൈക മീഷൻ പാർലമെന്ററി ഗ്രൂപ്പിലെ ചർച്ചയ്ക്കെ തിരെ രംഗത്തെത്തി. ഏകപക്ഷീയമായ ചർച്ചയെയും തെറ്റായ നിഗമനങ്ങളെയും അപലപിക്കുന്നതായി ഹൈകമീഷൻ പ്രസ്താവ നയിൽ അറിയിച്ചു.

## മോഡിയെ ബ്രിട്ടനിൽ വിലക്കണം

കർഷകരെ ദ്രോഹിക്കുകയും അവരുടെ സമരത്തെ അടിച്ചമർത്തുകയും ചെയ്യുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോഡിക്ക് ഉപരോധം ഏർപ്പെടുത്തണമെന്ന് ബ്രിട്ടീഷ് പാർല മെന്റിൽ ആവശ്യം. 'ഇന്ത്യൻ കർഷകരുടെ സുരക്ഷയും മാധ്യമസ്വാതന്ത്ര്യവും ചർച്ചയിലാണ് ആവശ്യം ഉയർന്നത്. മോഡി സർക്കാരുമായി ബന്ധപ്പെട്ട് എല്ലാവരുടെയും ബ്രിട്ടനിലു ള്ള വസ്തുക്കൾ കണ്ടുകെട്ടണമെന്ന ആവശ്യവും ഉയർന്നു. ഭരണപ്രതിപക്ഷ ഭേദമെന്യേ എംപിമാർ കർഷകർക്ക് പിന്തുണ പ്രഖ്യാപിച്ചു.

മുതിർന്ന ലേബർ പാർടി നേതാവ് ജെറെമി കോർബിൻ അതിരൂക്ഷമായാണ് മോഡിയെയും ബിജെപി സർക്കാരി നെയും വിമർശിച്ചത്. ഇന്ത്യയിൽ 22,000 ത്തിലധികം കർഷകർ അടുത്തകാലത്ത് ആത്മഹത്യ ചെയ്തു. കർഷകരെയും മാധ്യമപ്രവർത്തകരെയും മാത്രമല്ല, മതന്യൂനപക്ഷങ്ങളെയും മോഡി സർക്കാരും ബിജെപിയും വേട്ടയാടുന്നു. മോ ഡിക്കെതിരെയും സർക്കാരിനെതിരെയും ഉപരോധം ഏർപ്പെടുത്തണം. മോഡി ബ്രിട്ടനിൽ പ്രവേശിക്കുന്നത് വിലക്കണം. മോഡി സർക്കാർ ജനദ്രോഹ കൃത്യങ്ങൾ അവ സാനിപ്പി ക്കുംവരെ അദ്ദേഹത്തിന്റെയും സർക്കാരുമായി ബന്ധപ്പെട്ട എല്ലാവരുടെയും ബ്രിട്ടനിലുള്ള വസ്തുവകകൾ കണ്ടു കെട്ടണം, കോർബിൻ പറഞ്ഞു.

മാർട്ടിൻ ഡേയ്, താഹിർ അലി, നാദിയ വിറ്റോം എന്നിവർ ഉൾപ്പെടെ നിരവധി എംപിമാർ കർഷകസമരത്തെ പിന്തുണച്ച് സംസാരിച്ചു. ബോറിസ് ജോൺസൻ ഇന്ത്യ സന്ദർശിക്കു മ്പോൾ വിഷയം മാധ്യമപ്രവർത്തകരുമായി ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടു.



സിഐടിയു
ഡിവൈഎഫ്ഐ
എസ്എഫ്ഐ

## സംയുക്ത ദേശീയ കൺവെൻഷൻ, 2021 ഫെബ്രുവരി 2

## പ്രഖ്യാപനം

# തൊഴിലില്ലായ്മ, തൊഴിൽനഷ്ടം, തൊഴിൽ നിലവാരത്തിന്റെ അധഃപതനം

തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും വർധിക്കുന്നതിലും തൊഴിലിന്റെ നിലവാരം അധഃപതിക്കുകയും ചെയ്യുന്ന രാജ്യത്തെ ദുഃസ്ഥിതിയിൽ സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നീ സംഘടനകൾ സംയുക്തമായി സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ ഗുരുതരമായ ആശങ്ക രേഖപ്പെടുത്തി.

തൊഴിലില്ലായ്മയും തൊഴിൽനഷ്ടവും വർധിക്കുന്നതിലും തൊഴിലിന്റെ നിലവാരം അധഃപതിക്കുകയും ചെയ്യുന്ന രാജ്യത്തെ ദുഃസ്ഥിതിയിൽ സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നീ സംഘടനകൾ സംയുക്തമായി സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ ഗുരുതരമായ ആശങ്ക രേഖപ്പെടുത്തി. തൊഴിലാളികളും യുവാക്കളും വിദ്യാർഥികളും അടക്കം തൊഴിലെടുക്കുന്നവരും തൊഴിൽ തേടുന്നവരുമായ കോടിക്കണക്കിന് മനുഷ്യരുടെ ജീവനും ജീവനോപാധിക്കും ഈ അവസ്ഥ കനത്ത ആഘാതമാണ് സൃഷ്ടിക്കുന്നത്. ഈ പ്രശ്നങ്ങൾ നേരിടുന്നതിൽ മോഡി നയിക്കുന്ന ബിജെപി സർക്കാർ തുടരുന്ന ഉദാസീനമായ സമീപനത്തിൽ ദേശീയ കൺവെൻഷൻ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി.

കർഷകവിരുദ്ധമായ മൂന്നു നിയമങ്ങളും വൈദ്യുതി (ഭേദഗതി) ബിൽ 2020 ഉം പിൻവലിക്കണമെന്നാവശ്യപ്പെട്ട് രാജ്യത്തെ കർഷകർ നടത്തുന്ന പ്രക്ഷോഭത്തിന് കൺവെൻഷൻ പൂർണ പിന്തുണ പ്രഖ്യാപിച്ചു.

ഈ മൂന്ന് കാർഷിക നിയമങ്ങളും വൈദ്യുതി ബിൽ 2020ഉം കർഷകവിരുദ്ധം മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രത്യേകിച്ച് ദരിദ്രർക്കും തൊഴിലെടുക്കുന്നവർക്കും എതിരാണെന്ന് കൺവെൻഷൻ ശക്തമായി അഭിപ്രായപ്പെടുന്നു. കോവിഡ് 19 ഉം അതിന്റെ ഭാഗമായുള്ള ലോക്ഡൗണും കാരണം 40 കോടി ഇന്ത്യക്കാർ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെടുമെന്ന ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ

(ഐഎൽഒ) വ്യക്തമാക്കിയ സാഹചര്യത്തിലാണ് ഇത്തരം നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നത് എന്നുകൂടി ഓർക്കണം.

മനുഷ്യർക്ക് ഏറ്റവും അത്യന്താപേക്ഷിതമായ വൈദ്യുതിക്ക് ഇലക്ട്രിസിറ്റി ബിൽ 2020 നടപ്പാക്കുന്നതോടെ ജനങ്ങൾക്ക് അപ്രാപ്യമാംവിധം വില വർധിക്കും. ജനവിരുദ്ധമായ കാർഷിക നിയമങ്ങളും വൈദ്യുതി ബിൽ 2020 ഉം നടപ്പാക്കിയാൽ രാജ്യത്തെ തൊഴിലില്ലായ്മയുടെ സ്ഥിതി കൂടുതൽ ദയനീയമാകും.

പ്രക്ഷോഭകരുടെ ആവശ്യങ്ങളെ കൺവെൻഷൻ പിന്തുണയ്ക്കുന്നതോടൊപ്പം നാലു ലേബർ കോഡുകൾ റദ്ദാക്കണമെന്നും റെയിൽവെവൈദ്യുതി മേഖലകളുടെ സ്വകാര്യവൽക്കരണം പിൻവലിക്കണമെന്നും ആദായനികുതി അടയ്ക്കാത്ത വീടുകൾക്ക് ഭക്ഷണവും പണവും നൽകണമെന്നുമുള്ള ഐക്യ തൊഴിലാളി പ്രസ്ഥാനത്തിന്റെ ആവശ്യത്തിന് കൺവെൻഷൻ പൂർണമായ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

സാർവത്രിക വിദ്യാഭ്യാസം ഇല്ലാതാക്കാൻ ലക്ഷ്യമിട്ട് വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തിനും കേന്ദ്രീകരണത്തിനും വഴിതുറക്കുന്ന പുതിയ വിദ്യാഭ്യാസ നയം പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് നടക്കുന്ന എല്ലാവിധ പ്രക്ഷോഭങ്ങൾക്കും കൺവെൻഷൻ ശക്തമായ പിന്തുണ അർപ്പിക്കുന്നു.

## തൊഴിലില്ലായ്മ

2008 മുതൽ ലോകത്തെ ഗ്രസിച്ച സാമ്പത്തിക പ്രതിസന്ധി മൂലം തൊഴിലില്ലായ്മ ഇതിനകം ഏറ്റവും തീവ്രമായ അവസ്ഥയിലാണ്. വിവിധ റിപ്പോർട്ടുകൾ ഈ വാദത്തെ ശരിവയ്ക്കുന്നുണ്ട്. ലോക്ഡൗൺ ഈ അവസ്ഥയെ കൂടുതൽ തീവ്രതരമാക്കിയിരിക്കുന്നു.

തൊഴിൽ മന്ത്രാലയത്തിന്റെ 2019ലെ ലേബർ ഫോഴ്സ് സർവെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന നിലയിലാണ്. 2021 ജനുവരിയിൽ സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കണോമി (സിഎംഐഇ) തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നത് രാജ്യത്തെ തൊഴിൽരഹിതരുടെ എണ്ണം ഡിസംബറോടെ 38.7 ദശലക്ഷമായി എന്നാണ്.

## തൊഴിൽ നഷ്ടങ്ങൾ

സൃഷ്ടിക്കപ്പെട്ട തൊഴിലിന്റെ എണ്ണത്തെ ക്കാൾ കൂടുതൽ ആണ് നഷ്ടപ്പെട്ട തൊഴിലുകളുടെ എണ്ണം. തൊഴിലില്ലായ്മയും പരോക്ഷ തൊഴിലില്ലായ്മയും വീണ്ടും വർധിക്കാൻ ഇത് കാരണമായി. ആഗോള മാന്ദ്യം സൃഷ്ടിച്ച പ്രതിസന്ധിക്കൊപ്പം മോഡി സർക്കാർ നടപ്പാക്കിയ നോട്ട് നിരോധനവും ജി എസ് ടിയും അടക്കമുള്ള നയങ്ങളും ഒരു മുന്നറിയിപ്പുമില്ലാത്ത ലോക്ഡൗൺ പ്രഖ്യാപനം കൂടി ആയതോടെ തൊഴിലില്ലായ്മ വീണ്ടും വർദ്ധിച്ചു. രാജ്യത്തെ തൊഴിൽ ശക്തിയുടെ 90 ശതമാനവും തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് ചെറുകിട ഇടത്തരം സ്ഥാപനങ്ങൾ, ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ എന്നിവ നോട്ട് നിരോധനം, ജി എസ് ടി എന്നിവയുടെ ആഘാതത്തിൽ ഉലഞ്ഞു. നോട്ട് നിരോധനം കൊണ്ട് മാത്രം രാജ്യത്ത് 15 ലക്ഷം പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്.

## ലോക്ഡൗൺ പ്രത്യാഘാതങ്ങൾ

ഒരു മുന്നൊരുക്കവും ഇല്ലാതെ പൊടുന്നനെയാണ് ലോക് ഡൗൺ പ്രഖ്യാപിച്ചത്. ലോക്ഡൗൺ മൂലം ദരിദ്ര ജനവിഭാഗങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടാൻ ഒരു തയ്യാറെടുപ്പും ഉണ്ടായിരുന്നില്ല. കോടിക്കണക്കിന് മനുഷ്യർക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഉപജീവനമാർഗം നഷ്ടപ്പെട്ടതോടെ തൊഴിലില്ലായ്മ കൂടുതൽ തീവ്രമായി. തൊഴിലും വരുമാനവും നഷ്ടപ്പെട്ട യുവാക്കൾ അടക്കമുള്ള ലക്ഷക്കണക്കിന് കുടിയേറ്റ തൊഴിലാളികൾ ജന്മ നാട്ടിലെത്താനായി തെരുവുകളിലൂടെ കാൽനടയായി അലയുന്ന രംഗത്തിനാണ് രാജ്യം പിന്നെ സാക്ഷിയായത്. ഡിസാസ്റ്റർ മാനേജ്മെന്റ് നിയമ പ്രകാരം കുടിയേറ്റ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും വരുമാനവും ഉറപ്പു വരുത്തണ

മെന്നും, അവരെ താമസ സ്ഥലങ്ങളിൽ നിന്ന് കുടിയിറക്കരുതെന്നും സൗജന്യ യാത്ര അനുവദിക്കണമെന്നുമുള്ള ആവശ്യങ്ങൾ കേന്ദ്രസർക്കാർ പൂർണമായും അവഗണിച്ചു. ഇതും തൊഴിൽ നഷ്ടം തീവ്രമാക്കാൻ ഇടയാക്കി.

## തൊഴിൽ നിലവാരത്തിന്റെ അധഃപതനം

ഇപ്പോഴുള്ളത് തൊഴിലവസരങ്ങളുടെ ഇല്ലാതാവൽ മാത്രമല്ല, ഉള്ള തൊഴിലുകളുടെ നഷ്ടം കൂടിയാണ്. തൊഴിൽ നിലവാരം തുടർച്ചയായി ഗുരുതരമാംവിധം ഇടിഞ്ഞു ക്കൊണ്ടിരിക്കുന്നു. തൊഴിലുടമ വർഗത്തിന് ലാഭം കുന്നു കൂട്ടുന്നതിന് വേണ്ടി തൊഴി ലാളികളുടെ തൊഴിൽ സാഹചര്യങ്ങൾക്കും അടിസ്ഥാന അവകാശങ്ങൾക്കും നേരെ കടന്നാക്രമണം നടത്തുക എന്നത് നവ ലിബറൽ നയങ്ങളുടെ ഒരു പ്രധാന സവിശേ ഷതകളിൽ ഒന്നാണ്. സ്ഥിരം തൊഴിലുകൾ കുറഞ്ഞു കൊണ്ടിരിക്കുന്നു. മിക്കവാറും തൊഴിലുകൾ ഒരു തൊഴിൽ സുരക്ഷയും വരുമാന സുരക്ഷയും സാമൂഹ്യ സുരക്ഷയും ഇല്ലാത്ത അസ്ഥിര സ്വഭാവത്തോട് കൂടിയതാണ്. പരോക്ഷ തൊഴില്ലായ്മയുടെ തീവ്രത വർധിക്കുന്നതിന്റെ സൂചകമാണിത്. ആഭ്യന്തര വിദേശ കോർപ്പറേറ്റ് ഭീമന്മാർക്ക് ലാഭം ഉണ്ടാക്കാൻ വേണ്ടി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന പേരിൽ തൊഴിൽ സാഹ ചര്യം അയവുള്ളതാക്കുകയാണ് സർക്കാർ.

## തൊഴിലാളികളുടെ കരുതൽ സേന

തൊഴിൽരഹിതരും തൊഴിലിന് വേണ്ടി ശ്രമിച്ച് തൊഴിൽ കിട്ടാതിരിക്കുന്ന യുവാ ക്കളും തൊഴിൽ നഷ്ടപ്പെട്ടവരും ഉൾപ്പെടുന്ന തൊഴിലാളികളുടെ കരുതൽ സേന മുതലാളിത്ത ഉൽപ്പാദന രീതിയുടെ അവിഭാജ്യഘടകമാണ്. തൊഴിലില്ലാത്തവരുടെ ഈ കരുതൽ സേന കുറഞ്ഞ വിലയ്ക്ക് അനായാസേന തൊഴിലാളികളെ ലഭിക്കുകയും ഉൽപ്പാദന ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്ന ഒരു ഉറവിടമായി മാത്രമല്ല പ്രവർത്തി ക്കുന്നത്; തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സംഘടിക്കുകയോ പൊരുതുകയോ ചെയ്താൽ ജോലി നഷ്ടപ്പെടുമെന്ന അരക്ഷിത ബോധം തൊഴിലാളി കളിൽ വളർത്താനും അതിടയാക്കും. തൊഴിലാളി വർഗത്തിന്റെ വിശപേശൽ ശക്തി ഇല്ലാതാക്കുന്നതോടൊപ്പം ജനാധിപത്യ സംവിധാനത്തെ തന്നെ ഇത് ദുർബലമാക്കും. തൊഴിലുള്ളവരെയും തൊഴിലില്ലാത്തവരെയും രണ്ടു പക്ഷത്ത് നിർത്തി പരസ്പരം പോര ടിപ്പിച്ച് ഭരണവർഗം അവരുടെ ലാഭം പരമാവധിയാക്കുകയാണ്.

## തൊഴിലവകാശം മൗലികാവകാശം

മൂന്നു പതിറ്റാണ്ടു മുമ്പ് 1990 ഏപ്രിലിൽ ദുർഗാപുരിൽ നടന്ന തൊഴിലവകാശ കൺവെൻഷന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഇന്ത്യൻ തൊഴിലാളിവർഗത്തിന്റെ, ജനാ ധിപത്യ പ്രസ്ഥാനത്തിന്റെ മഹാനായ നേതാവ് സ. ബി ടി രണദിവെ ഇങ്ങനെ പറഞ്ഞു: "തൊഴിലെടുക്കാനുള്ള അവകാശമെന്നത് വെറും തൊഴിൽ സുരക്ഷ മാത്രമല്ല. എല്ലാ ജനാധിപത്യഅവകാശങ്ങളിലും വച്ച് എറ്റവും മൗലികവും പ്രധാനവുമായ അവകാശമാ ണത്. ആവിഷ്കാരത്തിനും സംഘടിക്കാനും വോട്ടുചെയ്യാനും ജനഹിതമനുസരിച്ചുള്ള സർക്കാർ രൂപീകരിക്കാനുമുള്ള അവകാശങ്ങൾ അടക്കുള്ള മറ്റ് അവകാശങ്ങൾ തൊ ഴിലവകാശ ത്തിന്റെ അഭാവത്തിൽ തികച്ചും ഔപചാരിക അവകാശങ്ങളായി മാറും. ഈ നിയമങ്ങളൊന്നും തൊഴിലാളികളുടെ പരാശ്രിതത്വയോ ഫാക്ടറികളും ഖനികളും റെയിൽവെയും ഭൂമിയും അടക്കമുള്ള ഉൽപ്പാദനോപാധികളുടെ അധീശത്വമുള്ള തൊഴി ലുടമകളുടെ മധുരോദാരമായ ഇച്ഛയെ ആശ്രയിക്കുന്ന സ്ഥിതിക്കോ അന്ത്യം കുറിക്കി ല്ല." ഭരണകൂടം ഒരു വ്യക്തിയുടെ തൊഴിലവകാശത്തെ അംഗീകരിക്കുകയാണെങ്കിലും ജീവനോപാധിയും തൊഴിലും വച്ച് തൊഴിലുടമ കളിക്കില്ലെന്ന് ഉറപ്പുകിട്ടുകയാണെങ്കി ലും മാത്രമേ ആ വ്യക്തി സ്വതന്ത്ര/സ്വതന്ത്രൻ ആകുകയുള്ളൂ.

## സംയുക്ത പ്രവർത്തനങ്ങൾ

തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും സ്ഫോടനാത്മകമായ തലത്തിലേക്ക് വളർന്ന സാഹചര്യത്തിൽ സമൂഹത്തിന്റെ എല്ലാ വിഭാഗത്തെയും തൊഴിലുള്ളവർ, തൊഴിലില്ലാത്തവർ, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ജനങ്ങൾ, സ്ത്രീപുരുഷന്മാർ, യുവാക്കളും വിദ്യാർഥികളും ഉൾക്കൊള്ളിച്ചുകൊണ്ട് തൊഴിലില്ലായ്മക്കെതിരെ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി അതിശക്തമായ പോരാട്ടം വളർത്തിക്കൊണ്ടുവരേണ്ടതുണ്ടെന്ന് ഈ കൺവെൻഷൻ മനസ്സിലാക്കുന്നു.

ഈ ധാരണയുടെ അടിസ്ഥാനത്തിലാണ് ഇനി പറയുന്ന ആവശ്യങ്ങൾ മുൻനിർത്തി എല്ലാ വിഭാഗം തൊഴിലാളികളെയും യുവാക്കളെയും വിദ്യാർഥികളെയും അണിനിരത്തി നിരന്തരവും രാജ്യവ്യാപകവുമായ പ്രക്ഷോഭങ്ങൾക്ക് സിഐടിയു, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നീ സംഘടനകളുടെ കമ്മിറ്റികളെയും പ്രവർത്തകരെയും ഈ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നത്.

## ആവശ്യങ്ങൾ

1. മാന്യമായ സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിന് ആവശ്യമായ നയങ്ങൾക്ക് രൂപം നൽകുക.
2. കരാർ, കാഷ്വൽ തൊഴിലാളികളെയും ക്ഷേമം, വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട സർക്കാരിന്റെ സ്കീമുകളിൽ സന്നദ്ധ പ്രവർത്തനം എന്ന പേരിൽ തൊഴിലെടുക്കുന്നവരെയും സ്ഥിരപ്പെടുത്തണം.

ഭരണഘടനയിൽ ഉചിതമായ ഭേദഗതികൾ വരുത്തി തൊഴിലവകാശം മൗലികാവകാശമാക്കണം. തുടങ്ങി 14 ആവശ്യങ്ങൾ കൺവെൻഷൻ മുന്നോട്ടു വച്ചു.

## സംസ്ഥാന പരിപാടികൾ

ഡൽഹി കൺവെൻഷൻ പ്രഖ്യാപന തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ആലോചനാ യോഗം ഫെബ്രുവരി 11 ന് തിരുവനന്തപുരത്ത് ചേർന്നു. യോഗത്തിൽ സിഐടിയുവിനെ പ്രതിനിധീകരിച്ച് സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, പി നന്ദകുമാർ, കെ ചന്ദ്രൻപിള്ള, ജോസ് ടി എബ്രഹാം എന്നിവരും, ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് എസ് സതീഷ്, സെക്രട്ടറി എ എ റഹീം, എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി കെ എം സച്ചിൻ ദേവ് എന്നിവർ പങ്കെടുത്തു. മാർച്ച് 1 ന് രാവിലെ 10 മണിക്ക് എറണാകുളത്ത് (ടൗൺ ഹാൾ) വച്ച് സംയുക്ത സംസ്ഥാന കൺവെൻഷൻ നടന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഉത്ഘാടനം ചെയ്തു. കെ ചന്ദ്രൻപിള്ള അധ്യക്ഷത വഹിച്ചു. ഭാവി പരിപാടികൾ പി നന്ദകുമാർ അവതരിപ്പിച്ചു. ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി എ എ റഹീം, എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി കെ എം സച്ചിൻദേവ് എന്നിവർ സംസാരിച്ചു. ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് എസ് സതീഷ് നന്ദി രേഖപ്പെടുത്തി. മൂന്ന് സംഘടനകളെ പ്രതിനിധീകരിച്ച് 450 പേർ പങ്കെടുത്തു.

## കൺവെൻഷൻ തീരുമാനങ്ങൾ

1. സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റി ഏപ്രിൽ 10 നു ചേരും.
2. ഏപ്രിൽ 12 നകം സംയുക്ത ജില്ലാ കമ്മിറ്റികൾ ചേരണം. മൂന്ന് സംഘടനകളുടെയും ഭാരവാഹികൾ യോഗം ചേർന്ന് ജില്ലകളിൽ ഒരു കൺവീനറെ നിശ്ചയിക്കണം.
3. ഏപ്രിൽ 25 നകം ജില്ലാ കൺവെൻഷൻ തീരുമാന പ്രകാരമുള്ളതും സംസ്ഥാനത്തെ പ്രത്യേക സാഹചര്യം വച്ചും വിപുലമായ പ്രചരണ പ്രക്ഷോഭ പരിപാടികൾ നടത്താൻ തീരുമാനിച്ചു.

# ഒക്യൂപേഷണൽ ഹെൽത്ത് സേഫ്റ്റി ആൻഡ് വർക്കിങ് കണ്ടീഷൻ കോഡ് (OSHWC) 2020ന്റെ

# കരടു ചട്ടങ്ങളെക്കുറിച്ചുള്ള കുറിപ്പ്

ആർ കരുമലയൻ



**ഏറ്റവും അപകടകരമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾക്കു വേണ്ടി തൊഴിലാളിവർഗം ഐക്യത്തോടെ നടത്തിയ സമരങ്ങളുടെ നേട്ടങ്ങളെ നിരാകരിക്കുന്ന പിന്തിരിപ്പനും പ്രാകൃതവുമായ നീക്കമാണ് പുതിയ കരട് ചട്ടങ്ങൾ. നേരത്തെയുള്ള നിയമങ്ങളും ചട്ടങ്ങളും ഈ കോഡും കരട് ചട്ടങ്ങളും വഴി റദ്ദാക്കപ്പെടുകയും അതുവഴി തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവുംകൊണ്ട് പന്താടാൻ തൊഴിലുടമകൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു. മോദി സർക്കാരിന്റെ ഓരോ നിയമനിർമ്മാണവും തൊഴിലാളികളെയും അവരുടെ ജീവിതത്തെയും കച്ചവടമാക്കി മാറ്റുന്നതാണ്.**

ഒക്യൂപേഷണൽ സേഫ്റ്റി, ഹെൽത്ത് ആൻഡ് വർകിങ് കണ്ടീഷൻസ് (സെൻട്രൽ) (ഡ്രാഫ്റ്റ്) ചട്ടങ്ങൾ, 2020 ആണ് ഈ കുറിപ്പിൽ പരിശോധിക്കുന്നത്. ഇങ്ങനെ പരിശോധിക്കുമ്പോൾ ഛടഒണഇ കോഡിലൂടെ പതിമൂന്ന് നിയമങ്ങളും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും റദ്ദാക്കപ്പെടുകയാണെന്നും ബോധ്യം നമുക്ക് വേണം. റദ്ദാക്കപ്പെട്ട നിയമങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ഛടഒണഇ കോഡിൽ ഉൾച്ചേർത്തിട്ടുണ്ടെന്ന വ്യാജപ്രചാരണമാണ് നടക്കുന്നതെന്നും നമ്മൾ മനസ്സിലാക്കണം.

മുമ്പത്തെ രണ്ടു സെറ്റ് കരട് ചട്ടങ്ങൾ OSHWC കോഡ് സംബന്ധിച്ച ചട്ടങ്ങളും പൂർണമായും തള്ളിക്കളയണം. ഏറ്റവും അപകടകരമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾക്കു വേണ്ടി തൊഴിലാളിവർഗം ഐക്യത്തോടെ നടത്തിയ സമരങ്ങളുടെ നേട്ടങ്ങളെ നിരാകരിക്കുന്ന പിന്തിരിപ്പനും പ്രാകൃതവുമായ നീക്കമാണ് പുതിയ കരട് ചട്ടങ്ങൾ. നേരത്തെയുള്ള നിയമങ്ങളും ചട്ടങ്ങളും ഈ കോഡും കരട് ചട്ടങ്ങളും വഴി റദ്ദാക്കപ്പെടുകയും അതുവഴി തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവുംകൊണ്ട് പന്താടാൻ തൊഴിലുടമകൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു.

OSHWC കോഡ് നിലവിൽ വരുന്നതോടെ തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം എന്നിവയുമായി നേരിട്ട് ബന്ധപ്പെടുന്ന നിയമങ്ങൾ കോഡിന്റെ ഭാഗമായി മാറും.

വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് അപകടങ്ങളിൽ പരിക്കേൽക്കുകയും അവർ മരണപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ തൊഴിൽസംബന്ധമായ സുരക്ഷയും ആരോഗ്യവുമായി ബന്ധപ്പെട്ട നിയമങ്ങളെ അതീവ ഗൗരവത്തോടെയാണ് സമീപിക്കേണ്ടത്. OSHWC കോഡും കരടു ചട്ടങ്ങളും രൂപം നൽകിയത് തൊഴിലെടുക്കുന്ന മനുഷ്യരെയാകെ ചതിക്കുന്നതിനാണ്. അവരെ കൂടുതൽ അപകടകരമായ തൊഴിൽ സാഹചര്യത്തിലേക്കാണിത് തള്ളിവിടുന്നത്. ഉദാഹരണത്തിന് ന്യൂഡൽഹിക്ക് സമീപമുള്ള ഗുഡ്ഗാവ് മനേസർ മേഖലയിലെ വാഹനവ്യവസായ യൂണിറ്റുകളിൽ 80000 തൊഴിലാളികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ആയിരം പേരെങ്കിലും പ്രതിവർഷം വ്യാവസായിക അപകടങ്ങൾക്ക് ഇരയാകുന്നുണ്ട്. ഇന്ത്യയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ അങ്ങേയറ്റം ദയനീയവും കൃത്യമായി പുതുക്കാത്തതും അങ്ങേയറ്റം റിപ്പോർട്ട് ചെയ്യപ്പെടാത്തതുമാണ്. സ്വകാര്യ ഉൽപ്പന്ന നിർമാണക്കമ്പനികളിലാണ് ഈ അവസ്ഥ ഏറ്റവുമധികം.സ്ഥിതിവിവരക്കണക്കുകളുടെ പരിമിതിയിലും കേന്ദ്ര തൊഴിൽ മന്ത്രാലയം വെളിപ്പെടുത്തിയത് 2014നും 2016നും ഇടയിൽ ഫാക്ടറികളിൽ ഉണ്ടായ അപകടങ്ങളിൽ 3,562 തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും 51,124 തൊഴിലാളികൾക്ക് പരിക്കേറ്റുവെന്നുമാണ്. ലേബർ ബ്യൂറോയുടെ ഔദ്യോഗിക കണക്കനുസരിച്ച് ഫാക്ടറി നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളിൽ മരണത്തിന് കാരണമായ അപകടങ്ങളുടെ നിരക്ക് 2013ൽ 1000 തൊഴിലാളികൾക്ക് 0.53 ശതമാനം ആണെങ്കിൽ 2014ൽ അത് 0.63 ശതമാനത്തിലേക്ക് ഉയർന്നു എന്നാണ്. ലോക്ഡൗണിനു ശേഷം ഉണ്ടായ വ്യവസായ അപകടങ്ങൾ കൂടുതൽ ഗുരുതരവും മാരകവുമായിരുന്നു. ഇത്തരം ഗുരുതരമായ അപകടങ്ങൾ തടയാനോ മുൻകൂട്ടി മനസ്സിലാക്കാനോ ഒരു കോഡും ഒരു ചട്ടവും ശ്രദ്ധിക്കുന്നില്ല.

> “വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് അപകടങ്ങളിൽ പരിക്കേൽക്കുകയും അവർ മരണപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ തൊഴിൽ സംബന്ധമായ സുരക്ഷയും ആരോഗ്യവുമായി ബന്ധപ്പെട്ട നിയമങ്ങളെ അതീവ ഗൗരവത്തോടെയാണ് സമീപിക്കേണ്ടത്. OSHWC കോഡും കരടു ചട്ടങ്ങളും രൂപം നൽകിയത് തൊഴിലെടുക്കുന്ന മനുഷ്യരെയാകെ ചതിക്കുന്നതിനാണ്. ലോക്ഡൗ ണിനു ശേഷം ഉണ്ടായ വ്യവസായ അപകടങ്ങൾ കൂടുതൽ ഗുരുതരവും മാരകവുമായിരുന്നു. ഇത്തരം ഗുരുതരമായ അപകടങ്ങൾ തടയാനോ മുൻകൂട്ടി മനസ്സിലാക്കാനോ ഒരു കോഡും ഒരു ചട്ടവും ശ്രദ്ധിക്കുന്നില്ല.”

പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ മാത്രമേ OSHWC കോഡിന്റെ പരിധിയിൽ വരുന്നുള്ളൂ. അതുകൊണ്ടു തന്നെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ തൊഴിലാ



ളികൾ അടക്കം രാജ്യത്തെ ബഹുഭൂരിപക്ഷം തൊഴിലാളികളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. അവരുടെ സുരക്ഷയും ആരോഗ്യവും ഒരു പരിഗണനയിലും വരുന്നില്ല. 2016ലെ സാമ്പത്തിക സെൻസസ് പ്രകാരം പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ പ്രവർത്തിക്കുന്ന യൂണിറ്റുകൾ കാർഷികേതര മേഖലയിൽ 1.66 ശതമാനം മാത്രമേ വരുന്നുള്ളൂ. പുതിയ കോഡും അതിനൊപ്പമുള്ള ചട്ടങ്ങളും തൊഴിലിടങ്ങളിലെ ആരോഗ്യപ്രശ്നവും സുരക്ഷവും പാലിക്കുന്നതിൽനിന്ന് ലാഭക്കൊതിയന്മാരായ തൊഴിലുടമകളെ പിന്മാറ്റാനും തൊഴിലാളികൾക്ക് പരിരക്ഷ നഷ്ടപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണ്.

കൽക്കരി വ്യവസായത്തിലൊഴികെ എല്ലാ മേഖലകളിലും മുൻ നിയമപ്രകാരം നിലവിൽ വന്ന ത്രികക്ഷി ഒഎസ്എച്ച് ബോഡുകളും ഉപദേശക സമിതികളും പുതിയ കോഡ് വരുന്നതോടെ ഇല്ലാതാക്കപ്പെടും. 'നാഷണൽ ബോർഡ് എന്ന സംവിധാനത്തിന് എങ്ങനെയാണ് ആരോഗ്യ സുരക്ഷാ കാര്യങ്ങളിൽ പ്രത്യേകമായി ശ്രദ്ധിക്കാനാകുക? തൊഴിലാളികളുടെയാകെ ആരോഗ്യ സുരക്ഷാ കാര്യങ്ങളിൽ തൊഴിലുടമകൾക്കുള്ള ഉത്തരവാദിത്തം ഒഴിവാക്കുന്നതിനുള്ള മനസ്സാക്ഷിയില്ലാത്ത നടപടിയാണിത്. ഓരോ വ്യവസായത്തിനും പ്രത്യേകമായ തൊഴിൽ അപകട സാധ്യതകളാണ് എന്നതുകൊണ്ട് പ്രത്യേകമായ ഒഎസ്എച്ച് കമ്മിറ്റികളാണ് ഉണ്ടായിരുന്നത്. കോഡ് നിലവിൽ വരുന്നതോടെ ഈ സംരക്ഷണമാണ് നഷ്ടപ്പെടുന്നത്.

വിവിധ മേഖലകളെ പ്രത്യേകമായി പരിഗണിക്കുന്ന, പ്രത്യേക വ്യവസ്ഥകളോടു കൂടിയ ഈ നിയമങ്ങളാണ് OSHWC കോഡ് നിലവിൽവരുന്നതോടെ റദ്ദാക്കപ്പെടുന്നത്. OSHWC കോഡിന്റെ കരടു ചട്ടങ്ങൾ ഇത്തരം വ്യവസ്ഥകളുടെ 90 ശതമാനവും ഒഴിവാക്കുകയും വ്യാഖ്യാനത്തിനും ദുർവ്യാഖ്യാനത്തിനും സാധ്യതകളുള്ള പുതിയ കാര്യങ്ങളാണ് ബോധപൂർവം ഉൾപ്പെടുത്തിയത്. അതു വഴി തൊഴിലുടമകൾക്കും ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കുമേൽ എങ്ങനെയും കുതിര കയറാവുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

## തൊഴിൽ സമയവും സ്പ്രെഡ്ഓവറും

തൊഴിൽ നിയമങ്ങൾ കോഡുകളാക്കി മാറ്റുന്ന പ്രക്രിയ മോഡിസർക്കാർ അതിശക്തമായി ആരംഭിച്ച സമയത്തു തന്നെ പ്രതിദിന തൊഴിൽ സമയത്തെക്കുറിച്ച് വ്യക്തമായ നിർവചനങ്ങൾ നിർദേശിച്ചിരുന്നില്ല. പകരം നേരത്തെ വിതരണം ചെയ്ത OSHWC കോഡിന്റെ ആദ്യ രൂപങ്ങളിൽ ഇതടക്കമുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കോഡ് 2019 ജൂലായ്23ന് പാർലമെന്റിന്റെ മേശപ്പുറത്തുവച്ചു. പ്രതിദിന തൊഴിൽ സമയം എന്ന വിഷയത്തിൽ ഉചിതമായ സമയത്ത് ചട്ടങ്ങൾക്ക് രൂപം നൽകുമ്പോൾ തീരുമാനമെടുക്കുമെന്നായിരുന്നു അതിൽ പറഞ്ഞത്. എട്ടുമണിക്കൂർ തൊഴിൽ എന്ന സാർവദേശീയമായി അംഗീകരിക്കപ്പെട്ട വ്യവസ്ഥ ലംഘിക്കാനുള്ള ഗൂഢ പദ്ധതിയായിരുന്നു. വിവിധ സംസ്ഥാന

സർക്കാരുകൾ, പ്രത്യേകിച്ച് ബിജെപി ഭരിക്കുന്നവ ഇതു സംബന്ധിച്ച് എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചതോടെ ഈ ഗൂഢപദ്ധതി കുറേക്കൂടി പ്രകടമായി. ഏറ്റവും ഒടുവിൽ സർക്കാർ നിലപാട് മാറ്റുകയും എട്ടു മണിക്കൂർ തൊഴിൽ എന്ന വ്യവസ്ഥ പുതിയ രേഖയിൽ ഉൾപ്പെടുത്തി 2020ൽ പാർലമെന്റിൽ അവതരിപ്പിച്ചു. ആ ബിൽ തിടുക്കത്തിൽ കഴിഞ്ഞ വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്തു. തീർച്ചയായും എട്ടു മണിക്കൂർ ജോലി എന്ന വ്യവസ്ഥ നിലനിർത്താനായി എന്നത് തൊഴിലാളി വർഗത്തിന്റെ വിജയമാണ്.

OSHWC കോഡ് 2020 ന്റെ 25 (1) (മ) സെക്ഷൻ പ്രകാരം എട്ടുമണിക്കൂർ തൊഴിലിനെ ഇങ്ങനെ നിർവചിക്കുന്നു: 'ഒരു തൊഴിലാളിയും ഒരു സ്ഥാപനത്തിലും ഒരു ദിവസം എട്ടു മണിക്കൂറിൽ കൂടുതൽ തൊഴിൽ ചെയ്യേണ്ടതില്ല.' എന്നാൽ കോഡിന്റെ തൊട്ടടുത്ത വ്യവസ്ഥയിൽ തൊഴിലിന്റെ സമയക്രമം, ആഴ്ചയിലെ തൊഴിൽ സമയം, സ്പ്രെഡ്ഓവർ, തൊഴിലിനിടിയിലെ ഇടവേള, മൊത്തം തൊഴിൽ സമയം എന്നിവ നിർവചിക്കാത്തത് നേരത്തെയുള്ള വ്യവസ്ഥയെ ദുർബലമാക്കാൻ വേണ്ടിയുള്ളതാണ്. അതുവഴി ഉദ്യോഗസ്ഥർക്കും മാറിമാറി വരുന്ന സർക്കാരുകൾക്കും സ്വേച്ഛ പ്രകാരം തീരുമാനമെടുക്കാനാവും.

### അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി

ലോക് ഡൗണിൽ കുടിയേറ്റ തൊഴിലാളികളുടെ ജീവിതം ദുരിതപൂർണമായപ്പോഴാണ് OSHWC കോഡിന്റെ നിയമ നിർമാണ പ്രക്രിയ കൂടുതൽ പരിശോധിക്കപ്പെട്ടത്. ലോക് ഡൗണിൽ തന്റെ തൊഴിലിടങ്ങളിൽ നിന്ന് ജന്മനാട്ടിലേക്ക് നഗ്നപാദരായി കാൽനടയാത്ര ചെയ്ത തൊഴിലാളികളുടെ ദുരവസ്ഥ ഉള്ളുലയ്ക്കുന്നതായിരുന്നു. ഇതിന്റെ ഫലമായി ആഭ്യന്തര കുടിയേറ്റത്തെക്കുറിച്ചുള്ള ചർച്ചകൾ കുറച്ചു കൂടി ഗൗരവതരമായി. അവരുടെ കഷ്ടതകൾ വർധിച്ചപ്പോൾ എല്ലാ കേന്ദ്ര തൊഴിലാളി യൂണിയനുകളും നിലവിലുള്ള അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം 1979 നിലനിർത്തണമെന്നും ഇത് ഒഎസ്എച്ച്ഡബ്ല്യുസി കോഡുമായി ബന്ധിപ്പിക്കണമെന്നും നിയമം കർശനമായി നടപ്പാക്കാനും ആവശ്യപ്പെട്ടു. എന്നാൽ ഭരണവർഗത്തെ അവർ ക്രൂരമായി നേടുന്ന ലാഭത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ആർക്കുമാവില്ല. ഈ തൊഴിലാളികളുടെ അധ്വാനത്തിന് കുറഞ്ഞ തൊഴിൽ ചെലവ് നൽകി മുതലാളിമാർ വൻമിച്ചം സ്വരൂപിച്ചതിനാൽ ഈ നിയമം ഇല്ലാതാക്കാൻ അവരും മോഡി സർക്കാരും ശ്രമിച്ചു. അവർ അതിൽ വിജയിച്ചു.

അതിനാൽ, ലേബർ നിയമത്തിന്റെ ക്രമീകരണത്തിൽ 1979 ലെ അന്തർസംസ്ഥാന കുടിയേറ്റ നിയമം, ഒഎസ് എച്ച് ഡബ്ല്യു സി കോഡ് വഴി ഒഴിവാക്കി. ഇത് കുടിയേറ്റ തൊഴിലാളികളുടെ നിലവിലുള്ള അവകാശങ്ങൾ കവർന്നെടുക്കുന്നതിനുള്ള അവരുടെ അടിമത്വം നിയമ വിധേയമാക്കുന്നതിനുള്ള തന്ത്രമാണ്.

> **“ മോദിസർക്കാർ മുതലാളികളുടെ നേട്ടങ്ങൾക്ക് അനുസൃതമായാണ് നിയമങ്ങൾ രൂപീകരിക്കുന്നത്. പുതിയ കോഡും അതിനൊപ്പമുള്ള ചട്ടങ്ങളും തൊഴിലിടങ്ങളിലെ ആരോഗ്യപ്രശ്നവും സുരക്ഷവും പാലിക്കുന്നതിൽനിന്ന് ലാഭക്കൊതിയന്മാരായ തൊഴിലുടമകളെ പിന്മാറ്റാനും തൊഴിലാളികൾക്ക് പരിരക്ഷ നഷ്ടപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണ്. തൊഴിലിടങ്ങളിലെ സുരക്ഷ സംബന്ധിച്ച ഹെൽത്ത് സേഫ്റ്റി വർക്കിംഗ് കണ്ടീഷൻ കോഡ് 2020 ലെ കരട് നിയമങ്ങൾ തൊഴിലാളി ദ്രോഹപരമായാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ”**

തൊഴിലിടങ്ങളിലെ സുരക്ഷ സംബന്ധിച്ച ഹെൽത്ത് സേഫ്റ്റി വർക്കിംഗ് കണ്ടീഷൻ കോഡ് 2020 ലെ കരട് നിയമങ്ങൾ തൊഴിലാളി ദ്രോഹപരമായാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ആക്ട് ഫലപ്രദമായി നടപ്പാക്കാനാണ് നിയമങ്ങൾ നിർമിക്കുന്നത്. എന്നാൽ മോദിസർക്കാർ മുതലാളികളുടെ നേട്ടങ്ങൾക്ക് അനുസൃതമായാണ് നിയമങ്ങൾ രൂപീകരിക്കുന്നത്. സർക്കാർ മുന്നോട്ടുവയ്ക്കുന്ന ഇന്ന് എട്ടുമണിക്കൂർ ജോലി, പ്രതിവാര അവധി ഇവ തൊഴിലുടമകളുടെ പ്രയോജനത്തിന് പ്രാബല്യത്തിൽ വരുത്താതിരിക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്.

മോദി സർക്കാരിന്റെ ഓരോ നിയമനിർമ്മാണവും തൊഴിലാളികളെയും അവരുടെ ജീവിതത്തെയും കച്ചവടമാക്കി മാറ്റുന്നതാണ്. സർക്കാരിന്റെ മനുഷ്യത്വരഹിതമായ ഈ മുഖം ജനങ്ങൾക്കുമുന്നിൽ തുറന്നുകാട്ടണം .

തൊഴിലിടങ്ങളിലും പുറത്തും ഒന്നിച്ചു നിന്ന് പോരാടുക മാത്രമാണ് ഇതിനുള്ള പോംവഴി. പാർലമെന്റ് പാസാക്കിയ പുതിയ നാല് തൊഴിൽ കോഡുകളുടെയും കരട് ചട്ടങ്ങൾ തൊഴിൽ മന്ത്രാലയം പുറത്തിറക്കിയിട്ടുണ്ട്. അത് സംബന്ധിച്ച് സിഐടിയുവിന്റെ അഭിപ്രായങ്ങൾ തൊഴിൽ മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. ●




# എണ്ണവിലയും ജിഎസ്ടിയും

**പെട്രോളിന്റെ ഡീസലിന്റെയും വിലയിലെ കുതിച്ചുചാട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം എണ്ണ വില നിയന്ത്രണം കേന്ദ്ര സർക്കാർ കൈവിട്ടു എന്നതാണ്. എല്ലാം കമ്പോളത്തിനു വിടുന്നതിന്റെ ഭാഗമായി എണ്ണവില നിയന്ത്രണം പെട്രോളും ഡീസലും ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന കമ്പനികളുടെ കൈകളിലായി എന്നതാണ് വിഷയം. പെട്രോൾ വില നിയന്ത്രണം എടുത്തു കളഞ്ഞത് കോൺഗ്രസ് നേതൃത്വത്തിലുണ്ടായിരുന്ന കേന്ദ്ര സർക്കാരും ഡീസൽ വില നിയന്ത്രണം എടുത്തു കളഞ്ഞത് ബിജെപി സർക്കാരുമാണ്.**

പെട്രോളിലും ഡീസലിനും ഇപ്പോൾ നികുതി ഈടാക്കുന്ന രീതിക്കു പകരം ജിഎസ്ടി രീതിയിലാക്കിയാൽ വിലകുറക്കാം എന്നാണ് പൊതുവെ പറയപ്പെടുന്നത്.

ഇവിടെ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം പെട്രോളിന്റെ ഡീസലിന്റെയും വിലയിലെ കുതിച്ചുചാട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം എണ്ണ വില നിയന്ത്രണം കേന്ദ്ര സർക്കാർ കൈവിട്ടു എന്നതാണ്. എല്ലാം കമ്പോളത്തിനു വിടുന്നതിന്റെ ഭാഗമായി എണ്ണവില നിയന്ത്രണം പെട്രോളും ഡീസലും ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന കമ്പനികളുടെ കൈകളിലായി എന്നതാണ് വിഷയം. പെട്രോൾ വില നിയന്ത്രണം എടുത്തു കളഞ്ഞത് കോൺഗ്രസ് നേതൃത്വത്തിലുണ്ടായിരുന്ന കേന്ദ്ര സർക്കാരും ഡീസൽ വില നിയന്ത്രണം എടുത്തു കളഞ്ഞത് ബിജെപി സർക്കാരുമാണ്. ഇത്തരം ഒരവസ്ഥ സൃഷ്ടിച്ച ശേഷം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്ന പരിദേവനം നടത്തുകയാണ്. എണ്ണ വില കുതിച്ചു കയറാൻ മറ്റൊരു കാരണം കേന്ദ്ര സർക്കാർ നിരന്തരം വർധിപ്പിക്കുന്ന എക്സൈസ് തീരുവകളും അടിച്ചേൽപിക്കുന്ന സെസുകളുമാണ്. ജിഎസ്ടി നടപ്പാക്കിയാൽ ഇതിനൊരു മാറ്റം വരും. ഇപ്പോൾ എണ്ണവിലയിൽ ചെറിയ കുറവും ഉണ്ടാകും, എന്നാൽ അന്തർദേശീയ കമ്പോളത്തിൽ എണ്ണ വില ഉയരുകയും രൂപയുടെ വിലയിടിഞ്ഞ് ഇറക്കുമതി ചിലവു വർധിക്കുകയും ചെയ്താൽ കമ്പനികൾ അടിസ്ഥാന വില നിരന്തരം ഉയർത്തും വില വീണ്ടും ഉയരുകയും ചെയ്യും.

ഇപ്പോഴത്തെ സ്ഥിതിയിൽ ജിഎസ്ടി നടപ്പാക്കിയാൽ എന്താണ് സംഭവിക്കുക എന്ന് നോക്കാം. ജിഎസ്ടി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് നാല് അടിസ്ഥാന സ്ലാബുകളിലായാണ്. 5%, 12%, 18%, 28% എന്നിങ്ങനെ. പെട്രോളിനെയും സീസലിനെയും 28% സ്ലാബിൽ പെടുത്തിയാൽ ശരാശരി ഡീസൽവില 68 രൂപയും പെട്രോൾ വില 75 രൂപയും ആയി കുറയാം എന്നാണ് എസ്ബിഐ സാമ്പത്തിക ശാസ്ത്രജ്ഞരുടെ അനുമാനം. ക്രൂഡ് ഓയിൽ വില ഒരു ബാരലിന് 60 ഡോളറും രൂപയും ഡോളറുമായുള്ള വിനിമയ നിരക്ക് 73 രൂപയുമായി കണക്കാക്കിയാണ് അവർ ഈ അനുമാനത്തിലെത്തിയത്. ഈ രൂപത്തിൽ

**എണ്ണ വില കുതിച്ചു കയറാൻ മറ്റൊരു കാരണം കേന്ദ്ര സർക്കാർ നിരന്തരം വർധിപ്പിക്കുന്ന എക്സൈസ് തീരുവകളും അടിച്ചേൽപിക്കുന്ന സെസുകളുമാണ്. ജിഎസ്ടി നടപ്പാക്കിയാൽ ഇതിനൊരു മാറ്റം വരും. ഇപ്പോൾ എണ്ണവിലയിൽ ചെറിയ കുറവും ഉണ്ടാകും, എന്നാൽ അന്തർദേശീയ കമ്പോളത്തിൽ എണ്ണ വില ഉയരുകയും രൂപയുടെ വിലയിടിഞ്ഞ് ഇറക്കുമതി ചിലവു വർധിക്കുകയും ചെയ്താൽ കമ്പനികൾ അടിസ്ഥാന വില നിരന്തരം ഉയർത്തും വില വീണ്ടും ഉയരുകയും ചെയ്യും.**

## ഇന്ധന നികുതി വരുമാനം 459% കൂടി

കഴിഞ്ഞ 7 വർഷത്തിനിടെ പെട്രോളിന് 18 രൂപയും ഡീസലിന് 25.99 രൂപയും കൂടിയതായി കേന്ദ്ര സർക്കാർ ലോക്സഭയെ അറിയിച്ചു. വിവിധ എംപിമാരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ മന്ത്രി ധർമേന്ദ്ര പ്രധാനാണ് ഇക്കാര്യം അറിയിച്ചത്. പാചക വാതകത്തിന് ഇക്കാലയളവിൽ 408.500 രൂപ കൂടി. ഏഴു വർഷത്തിനിടെ ഇന്ധന നികുതി വരുമാനത്തിലുണ്ടായ വർധന 459%

2016 -17 കാലത്ത് ബാരലിന് 47.58 ഡോളർ ആയിരുന്നു ക്രൂഡോയിലിന് ഇന്ത്യ നൽകിയിരുന്നത്. കഴിഞ്ഞ വർഷം അത് 60.47 ഡോളർ ആയി. ഈ വർഷം ഫെബ്രുവരി 28 ന് ബാരലിന് 42.78 ഡോളറിനാണ് ഇന്ത്യക്ക് ലഭിച്ചത്.

2010 ൽ യുപിഎ സർക്കാരിന്റെ കാലത്ത് പെട്രോളിന് 14.78 രൂപയും ഡീസലിന് 4.74 രൂപയുമായിരുന്നു കേന്ദ്ര നികുതിയെന്ന് ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. ഇപ്പോൾ യഥാക്രമം 32.90 രൂപയും 31.83 രൂപയുമാണ് നികുതി.

ജിഎസ്ടി നടപ്പാക്കിയാൽ കേന്ദ്രത്തിന് ഒരു ലക്ഷം കോടിയുടെ കുറവാണ് നികുതി ഇനത്തിൽ ഉണ്ടാവുക. അത് ജിഡിപിയുടെ 0.4% ആണ്.

എന്നാൽ അന്തർദേശീയ കമ്പോളത്തിൽ ഒരു ബാരൽ ക്രൂഡിന് ഒരു ഡോളർ ഉയർന്നാൽ ഇന്ത്യൻ കമ്പോളത്തിൽ പെട്രോളിന്റെ വില 50 പൈസയും ഡീസലിന്റെ വില 1.50 രൂപയും ഉയരും. രൂപയുടെ വിലയിടിഞ്ഞാലും പെട്രോൾ വില ഉയരും. ക്രൂഡിന്റെ വില ഒരു സമയത്ത് അന്തർദേശീയ കമ്പോളത്തിൽ 130 ഡോളറായിരുന്നു അതായത് ഇപ്പോഴത്തെ വിലയെക്കാൾ 70 ഡോളർ അധികം. അപ്പോൾ ജിഎസ്ടി നടപ്പാക്കുന്നതുവഴി പ്രശ്നം പരിഹരിക്കപ്പെടുകയില്ല എന്നു ചുരുക്കം.

കേന്ദ്ര സർക്കാർ ജിഎസ്ടി നടപ്പാക്കുന്നതു സംബന്ധിച്ച് വ്യക്തമായ ഒരു സമിപനവും ഇതുവരെ എടുത്തിട്ടില്ല. സംസ്ഥാനങ്ങളോടാലോചിക്കാം എന്നൊക്കെ ധനമന്ത്രി പറയുന്നു എന്നു മാത്രം.

കേരളം ജിഎസ്ടിയോട് എടുത്തിരിക്കുന്ന സമീപനം വ്യക്തമാണ്. ജിഎസ്ടി നടപ്പാക്കുന്നതിൽ കേരള സർക്കാരിന് എതിർപ്പില്ല. എന്നാൽ ഇതു മൂലം ഉണ്ടാകുന്ന വരുമാന നഷ്ടം അടുത്ത 5 വർഷത്തേക്ക് കേന്ദ്രം നികത്തണം. ജിഎസ്ടി നടപ്പാക്കിയപ്പോൾ മറ്റു വസ്തുക്കളുടെയും സേവനങ്ങളുടെയും കാര്യത്തിൽ പൊതുവായി എടുത്ത സമീപനമാണിത്. കേന്ദ്രം ആ ധാരണ തന്നെ കൃത്യമായി നടപ്പാക്കുന്നില്ല എന്നത് മറ്റൊരു വിഷയം.

## പെട്രോൾ, ഡീസൽ, മണ്ണെണ്ണ വില

| | 2014 മാർച്ച് 1 | 2021 മാർച്ച് 1 |
|---|---|---|
| പെട്രോൾ | 73.16 | 91.17 |
| ഡീസൽ | 55.48 | 81.47 |
| മണ്ണെണ്ണ | 14.96 | 35.35 |
| ഗ്യാസ് | 410.50 | 819 |
| ക്രൂഡ് ഓയിൽ | 105.30 | 64.56 |

# പെട്രോൾ വില കുറയ്ക്കാൻ പ്രയാസമില്ല

പെട്രോളിന്റെയും ഡീസലിന്റെയും #ക്സൈസ് തീരുവ ലിറ്ററിന് 8.5 രൂപ വരെ കുറച്ചാലും അടുത്ത സാമ്പത്തിക വർഷം സർക്കാർ ലക്ഷ്യമിടുന്ന എക്സൈസ് വരുമാനം നേടാനാകുമെന്ന് വിദഗ്ധർ.

ഇപ്പോഴത്തെ നിരക്ക് തുടർന്നാൽ, ഇക്കൊല്ലം ഏപ്രിൽ മുതൽ അടുത്ത വർഷം മാർച്ച് വരെ എക്സൈസ് നികുതി വരുമാനം 4.35 ലക്ഷം കോടി രൂപയായിരിക്കുമെന്നും എന്നാൽ ബജറ്റിൽ ലക്ഷ്യമിട്ടത് 3.2 ലക്ഷം കോടി മാത്രമാണെന്നും ഐസിഐസിഐ സെക്യൂരിറ്റീസ് റിപ്പോർട്ടിൽ പറയുന്നു. അതിനാൽ ലിറ്ററിന് 8.5 രൂപ വീതം നികുതി കുറച്ചാലും ബജറ്റ് ലക്ഷ്യം നേടാനാകും.

ലോക്ഡൗൺ കാലത്ത് ആഗോള ഇന്ധന വില കുത്തനെ കുറഞ്ഞപ്പോൾ എക്സൈസ് നികുതി പെട്രോൾ ലിറ്ററിന് 13 രൂപയും ഡീസൽ ലിററിന് 16 രൂപയും കൂട്ടിയിരുന്നു.

2018 ൽ സമാന രീതിയിൽ ഇന്ധന വില ഉയർന്നപ്പോൾ 1.50 രൂപ എക്സൈസ് നികുതി കുറച്ചതിനു ശേഷം പിന്നീട് നികുതി കുറച്ചിട്ടില്ല. ഇലക്ഷൻ വന്നു; വില വർധന നിന്നു.

രാജ്യാന്തര വിപണിയിൽ വിലക്കയറ്റമുണ്ടായിട്ടും മാർച്ച് ഒന്നു മുതൽ രാജ്യത്ത് പെട്രോൾ, ഡീസൽ വില കൂടിയില്ല. 5 സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചതിനാൽ വില കൂട്ടാതിരിക്കാൻ എണ്ണക്കമ്പനികൾക്കു നിർദേശം നൽകി. കഴിഞ്ഞ ദിവസം രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിലിന് ബാരലിന് 71.38 ഡോളർ വരെ വില ഉയർന്നെങ്കിലും രാജ്യത്തെ എണ്ണക്കമ്പനികൾ വിലയിൽ മാറ്റം വരുത്തിയിട്ടില്ല. നേരത്തെ കർണാടക തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചപ്പോഴും ആഴ്ചകളോളം വിലയിൽ മാറ്റമില്ലാതെ തുടർന്നിരുന്നു. ഫെബ്രുവരി 26 നാണ് തിരഞ്ഞെടുപ്പു കമ്മിഷൻ 5 സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചത്. അടുത്ത ദിവസം ഡീസലിന് 16 പൈസയും പെട്രോളിന് 24 പൈസയും വർധിച്ചിരുന്നു. പാചക വാതകത്തിന് മാർച്ച് ഒന്നിന് വില കൂട്ടിയിരുന്നു. അതിനു ശേഷം ഇന്ധന വില മാറ്റമില്ലാതെ തുടരുകയാണ്.

## പെട്രോൾ, ഡീസൽ എക്സൈസ് തീരുവയിലൂടെ കേന്ദ്രം സമാഹരിച്ച തുക

| വർഷം | തുക |
|---|---|
| 2013-14 | 88600 കോടി |
| 2014-15 | 1.26 ലക്ഷം കോടി |
| 2015-16 | 2.09 ലക്ഷം കോടി |
| 2016-17 | 2.73 ലക്ഷം കോടി |
| 2017-18 | 2.85 ലക്ഷം കോടി |
| 2018-19 | 2.94 ലക്ഷം കോടി |
| 2019-20 | 2.40 ലക്ഷം കോടി |
| 2020-21 | 4 ലക്ഷം കോടി (പ്രതീക്ഷിതം) |
| 2021-22 | 4.3 ലക്ഷം കോടി (പ്രതീക്ഷിതം) |




മാർച്ച് 15, 16
ബാങ്ക് പണിമുടക്ക്

## ബാങ്ക് - ഇൻഷുറൻസ്

# സ്വകാര്യവത്കരണത്തിന്റെ കാണാപ്പുറങ്ങൾ

**സി. ജെ. നന്ദകുമാർ**

പൊതുമേഖലാ ബാങ്കുകളെ വിൽക്കരുത് എന്ന ഒറ്റ ആവശ്യത്തിന്മേൽ മാർച്ച് 15, 16 തീയതികളിലെ ബാങ്ക് പണിമുടക്ക് വൻ വിജയമായിരുന്നു. ചരിത്രത്തിലാദ്യമായി ബാങ്കിംഗ് മേഖലയിൽ അക്ഷരാർത്ഥത്തിൽ നൂറുശതമാനം പണിമുടക്കായി മാറിക്കഴിഞ്ഞു. മാർച്ച് 15 സ്വകാര്യവൽക്കരണ വിരുദ്ധ കുത്തക വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത് എന്നത് വളർന്നു വരുന്ന സമര രൂപത്തിന്റെ മാറ്റു വർധിപ്പിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഒരു കേന്ദ്ര ഭരണകൂടവും ഇത്ര നഗ്നമായ കോർപറേറ്റ് പ്രീണന നയം കൈക്കൊണ്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നരേന്ദ്രമോഡി സർക്കാരിന്റെ സ്വകാര്യവൽക്കരണ നയങ്ങൾക്കെതിരെ രാജ്യമൊട്ടാകെ ഉയർന്നു വരാൻ പോകുന്ന മഹാപ്രതിരോധത്തിന് നാന്ദി കുറിച്ചിരിക്കുകയാണ് ഈ പണിമുടക്ക്.

മാർച്ച് 15, 16 തീയതികളിലെ ബാങ്ക് പണിമുടക്ക് നരേന്ദ്രമോഡി സർക്കാരിന്റെ സ്വകാര്യവൽക്കരണ നയങ്ങൾക്കെതിരെ രാജ്യമൊട്ടാകെ ഉയർന്നുവരാൻ പോകുന്ന മഹാപ്രതിരോധത്തിന് നാന്ദി കുറിച്ചിരിക്കുകയാണ്. പൊതുമേഖലാ ബാങ്കുകളെ വിൽക്കരുത് എന്ന ഒറ്റ ആവശ്യത്തിന്മേൽ നടന്ന പണിമുടക്കിൽ ബാങ്ക് ജീവനക്കാരുടെയും ഓഫീസർമാരുടെയും ഐക്യവേദിയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസിനെ (യുഎഫ്സിയു) കൂടാതെ മഹാരാഷ്ട്രാ സംസ്ഥാനത്ത് ഗണ്യമായ സ്വാധീനമുള്ള കർമ്മചാരി മഹാസംഘ് എന്ന ശിവസേനാ ആഭിമുഖ്യമുള്ള തൊഴിലാളികൾ കൂടി അണിചേർന്നപ്പോൾ ചരിത്രത്തിലാദ്യമായി ബാങ്കിംഗ് മേഖലയിൽ അക്ഷരാർത്ഥത്തിൽ നൂറുശതമാനം പണിമുടക്കായി മാറിക്കഴിഞ്ഞു. ട്രേഡ് യൂണിയനുകളുടെ ദേശീയ പ്ലാറ്റ് ഫോറത്തിൽ നിന്നും ബിഎംഎസ് മാറി നിൽക്കുമ്പോൾ ബിഎംഎസുമായി ബന്ധപ്പെട്ട രണ്ടു സംഘടനകൾ യുഎഫ്ബിയുവിന്റെ ഘടകമായി ഈ പണിമുടക്കിൽ അണിചേർന്നു എന്നതാണ് മറ്റൊരു പ്രത്യേകത. ദ്വിദിന ബാങ്ക് പണിമുടക്കിന് ശേഷം മാർച്ച് 17 ന് ജനറൽ ഇൻഷുറൻസ് മേഖലയിലും മാർച്ച് 18 ന് ലൈഫ് ഇൻഷുറൻസ് കോർപറേഷനിലും ഇതേ ആവശ്യമുയർത്തിക്കൊണ്ട് ദേശീയ പണിമുടക്കു നടന്നപ്പോൾ അത് ധനകാര്യ മേഖലയിലെ ആകെ ചെറുത്തുനില്പായി രൂപാന്തരപ്പെടുകയാണ്. റിസർവ് ബാങ്കിലേയും നബാർഡിലേയും സംഘടനകൾ ഈ പണിമുടക്കങ്ങൾക്കെല്ലാം ശക്തമായ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഒരു കേന്ദ്ര ഭരണകൂടവും ഇത്ര നഗ്നമായ കോർപറേറ്റ് പ്രീണന നയം കൈക്കൊണ്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അതു കൊണ്ടു തന്നെ ധനകാര്യ മേഖലയിൽ തുടക്കം കുറിച്ച ഈ സ്വകാര്യവൽക്കരണ വിരുദ്ധ സമരത്തിന്റെ ആദ്യ ദിവസമായ മാർച്ച് 15 സ്വകാര്യവൽക്കരണ വിരുദ്ധ ദേശീയദിനമായി ആചരിക്കാൻ പത്ത് ദേശീയ ട്രേഡ് യൂണിയനുകളുടെയും കേന്ദ്ര സംസ്ഥാന ജീവനക്കാർ, മറ്റു വ്യവസായി ഫെഡറേഷനുകളും ഉൾപ്പെട്ട ദേശീയ പ്ലാറ്റ്ഫോറത്തിന്റെ ആഹ്വാനമുണ്ടായി. അഞ്ഞൂറിലധികം വരുന്ന കർഷക സംഘടനകളുടെ സംയുക്ത വേദിയായ സംയുക്ത കിസാൻ മോർച്ചയുമായി കൂടി ചേർന്നാണ്.

മാർച്ച് 15 സ്വകാര്യവൽക്കരണ വിരുദ്ധ കുത്തക വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത് എന്നത് വളർന്നു വരുന്ന സമര രൂപത്തിന്റെ മാറ്റു വർധിപ്പിക്കുകയാണ്. 1991 ൽ കോൺഗ്രസിന്റെ നരസിംഹറാവു സർക്കാർ തുടക്കം കുറിച്ച നവ ഉദാരവൽക്കരണ നയങ്ങൾ ശക്തമായി നടപ്പാക്കുക മാത്രമാണ് തങ്ങൾ

> ദ്വിദിന ബാങ്ക് പണിമുടക്കിന് ശേഷം മാർച്ച് 17 ന് ജനറൽ ഇൻഷുറൻസ് മേഖലയിലും മാർച്ച് 18 ന് ലൈഫ് ഇൻഷുറൻസ് കോർപറേഷനിലും ഇതേ ആവശ്യമുയർത്തിക്കൊണ്ട് ദേശീയ പണിമുടക്കു നടന്നപ്പോൾ അത് ധനകാര്യ മേഖലയിലെ ആകെ ചെറുത്തുനില്പായി രൂപാന്തരപ്പെടുകയാണ്. റിസർവ് ബാങ്കിലേയും നബാർഡിലേയും സംഘടനകൾ ഈ പണിമുടക്കങ്ങൾക്കെല്ലാം ശക്തമായ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ചെയ്യുന്നത് എന്ന് നരേന്ദ്ര മോഡി സർക്കാർ പ്രഖ്യാപിക്കുമ്പോൾ ആ നയങ്ങൾക്കെതിരായ പോരാട്ടത്തിൽ രാജ്യത്തെ തൊഴിലാളികളും കൃഷിക്കാരും (യഥാർത്ഥ സമ്പത്തുല്പാദകർ) ഐക്യത്തോടെ മുന്നോട്ടു വരുന്നു എന്നുള്ളത് വരാൻ പോകുന്ന പ്രക്ഷോഭങ്ങളുടെ മാറ്റു കൂട്ടുക തന്നെ ചെയ്യും.

## ഔദ്യോഗിക കള്ള പ്രചാര വേലയും യാഥാർത്ഥ്യങ്ങളും

നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വരുമ്പോൾ രാജ്യത്ത് 27 പൊതു മേഖലാ ബാങ്കുകൾ നിലവിലുണ്ടായിരുന്നു. അപ്പോഴാണ് പൊതുമേഖലാ ബാങ്കുകളെ തമ്മിൽ ലയിപ്പിച്ച് വലിയ ബാങ്കുകളാക്കി പൊതു മേഖലാ ബാങ്കുകളെ ശക്തിപ്പെടുത്താനെന്ന വ്യാജ അവകാശവാദവുമായി കേന്ദ്ര സർക്കാർ പണി തുടങ്ങിയത്. ആദ്യം അസോസിയേറ്റ് ബാങ്കുകളായ സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്രയേയും പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോറിനേയും ഒറ്റക്കൊറ്റക്ക് എസ്ബിഐയിൽ ലയിപ്പിച്ച് തുടക്കം കുറിച്ച അസോസിയേറ്റ് ബാങ്കുകളും പൂർണ ലയനം 2017 ൽ പൂർത്തിയാക്കി. തുടർന്ന് വിജയാ ബാങ്ക്, ദേനാ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകളെ ബാങ്ക് ഓഫ് ബറോഡയിൽ ലയിപ്പിച്ചു. രാജ്യമാകെ കോവിഡ് 19 മഹാമാരിയിൽ സ്തംഭിച്ചു നിന്ന തക്കം നോക്കി അവശേഷിക്കുന്ന പത്തു ബാങ്കുകളെ ലയിപ്പിച്ച് 2020 ഏപ്രിൽ മുതൽ നാലാക്കി മാറ്റിയതോടെ മൊത്തം പൊതു




**പൊതുമേഖലാ ബാങ്കുകളുടെ കാര്യക്ഷമതയില്ലായ്മയെ കുറിച്ച് അധരവ്യായാമം ചെയ്യുന്ന വരുടെ യഥാർത്ഥ ലക്ഷ്യം തുറന്നു കാണിക്കപ്പെടുക തന്നെ വേണം. പൊതുമേഖലാ ബാങ്കുകളിൽ തട്ടിപ്പ് നടത്തി കിട്ടാക്കടം വരുത്തിവച്ച് രാജ്യം വിട്ട് പോയ മല്ല്യമാരും മോഡിമാരും ചോസ്കിമാരും വിദേശ വിമാനം കയറിയത് നരേന്ദ്ര മോഡി സർക്കാർ രാജ്യം ഭരിക്കുമ്പോഴാണ് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.**

മേഖലാ ബാങ്കുകളുടെ എണ്ണം 12 ആയി ചുരുക്കി. യഥാർത്ഥത്തിൽ ബാങ്കു ലയനങ്ങൾ സ്വകാര്യവൽക്കരണത്തിന്റെ മുന്നോടി മാത്രമാണെന്ന ട്രേഡ് യൂണിയനുകളുടെ വാദം ശരിവയ്ക്കുന്ന രീതിയിലാണ് പിന്നീട് കോവിഡ് പാക്കേജിന്റെ ഭാഗമായി വമ്പിച്ച വില്പന പ്രഖ്യാപനം ഉണ്ടാവുന്നത്. രാജ്യത്ത് തന്ത്ര പ്രധാന മേഖലകളിൽ മാത്രമേ ഇനി പൊതുമേഖല ആവശ്യമുള്ളൂ. മറ്റെല്ലാം സ്വകാര്യമുതലാളിമാർക്കു വിൽക്കും. തന്ത്ര പ്രധാന മേഖലയിൽ തന്നെ ഒരെണ്ണമോ പരമാവധി നാലോ മാത്രം. ഈ പ്രഖ്യാപനത്തെ പിന്തുടർന്നാണ് ഫെബ്രുവരി ഒന്നിന്റെ ബജറ്റിൽ സ്വകാര്യവൽക്കരണ പ്രഖ്യാപനമുണ്ടായത്. ഈ വർഷം തന്നെ രണ്ടു പൊതുമേഖലാ ബാങ്കുകളും ഒരു പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനിയും വിൽക്കും. എൽഐസിയുടെ ഓഹരി വിൽക്കുകയും വിദേശ മൂലധന പരിധി 74 ശതമാനമായി ഉയർത്തുകയും ചെയ്യും. എന്താണ് കാരണം? ബിസിനസ് നടത്താൻ സർക്കാർ ബസിനസ്സല്ല എന്നാണ് പ്രധാനമന്ത്രി തന്നെ പറയുന്നത്. മുൻപ് ഭരണത്തിലിരുന്നവരുടെ അരുമ സന്തതികളെ പൊതു ഖജനാവിൽ നിന്ന് പണം മുടക്കി സംരക്ഷിച്ചു നിർത്താൻ തങ്ങൾ ഉദ്ദേശിക്കുന്നില്ല എന്നാണ് നരേന്ദ്ര മോഡിയുടെ ഭാഷ്യം. പ്രധാനമന്ത്രിയെങ്കിലും സത്യം പറയണ്ടേ? രാജ്യത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തന റിപ്പോർട്ട് പരിശോധിച്ചാൽ ആകെ ഉണ്ടാക്കിയ വരുമാനം, ലാഭം, കേന്ദ്ര സർക്കാരിനു നൽകിയ ലാഭവിഹിതം എന്നീ ഇനങ്ങളിൽ ക്രമാനുഗതമായ വളർച്ചയാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് ഔദ്യോഗിക കണക്കുകൾ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുമ്പോഴാണ് പ്രധാനമന്ത്രി തന്നെ കള്ളം പ്രചരിപ്പിക്കുന്നത് എന്നത് എത്ര പരിതാപകരമാണ്. പ്രധാനമന്ത്രി അങ്ങിനെയെങ്കിൽ ധനമന്ത്രി എങ്ങിനെയാ .... പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടങ്ങളുടെ ഉത്തരവാദിത്വം മുഴുവൻ മുൻ യുപിഎ സർക്കാരിൽ ചാരിക്കൊണ്ടു കൈകഴുകാനാണ് നിർമലാ സീതാരാമൻ പരിശ്രമിക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലാ ബാങ്കുകളുടെ പുറത്ത് ഒരു നിർദേശവും അടിച്ചേൽപിക്കാറില്ല എന്നാണ് ധനമന്ത്രിയുടെ വീരവാദം. മോഡി സർക്കാരിന്റെ കൊടിയടയാള പദ്ധതിയായി ഘോഷിക്കുന്ന ജൻധൻയോജന 50 കോടി അക്കൗണ്ടുകൾ 97 ശതമാനവും തുറന്നത് സർക്കാർ നിർദേശ പ്രകാരം പൊതുമേഖലാ ബാങ്കുകളല്ലേ? മുദ്രാ ലോൺ ഏതു സ്വകാര്യബാങ്കുകളാണ് കൊടുത്തിരിക്കുന്നത്? ഇപ്പോൾ പ്രധാനമന്ത്രിയുടെ തെരുവു കച്ചവടക്കാർക്കുള്ള ലോൺ അതിന്റെ ലക്ഷ്യം പൂർത്തിയാക്കിയില്ല എന്ന് ആലോചിച്ച് ബിജെപി ഭരിക്കുന്ന മധ്യപ്രദേശിലെ എസ്ബിഐ ശാഖ ഡെപ്യൂട്ടി കളക്ടർ നേരിട്ടു വന്നു താഴിട്ടു പൂട്ടിയത് സർക്കാർ ഇടപെടലല്ലേ? ഓരോ ഉത്തേജക പാക്കേജ് പ്രഖ്യാപനത്തിലും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും റിയർ എസ്റ്റേറ്റിനും ഇടത്തരം ചെറുകിട സംരംഭകർക്കും ഈടില്ലാ വായ്പക്ക് നിർദേശം കൊടുക്കുന്നത് സർക്കാർ ഇടപെടലല്ലാതെ മറ്റെന്താ

ണ്? സർക്കാർ ഉടമസ്ഥതയിലുള്ള ബാങ്കുകളോട് സർക്കാർ വിവിധ ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് പ്രഖ്യാപിക്കുന്ന പദ്ധതികൾ ഏറ്റെടുക്കാൻ നിർദേശിക്കുന്നതിൽ ഒരപാകതയും ട്രേഡ് യൂണിയനുകൾ കാണുന്നില്ല. പക്ഷേ അത്തരം ഉത്തരവാദിത്വങ്ങൾ നിർവഹിക്കുമ്പോൾ സംഭവിക്കുന്ന സ്വാഭാവിക നഷ്ടങ്ങൾ കിട്ടാക്കടങ്ങൾ എന്നിവയിൽ നിന്നും പൊതുമേഖലാ ബാങ്കുകളെ ഉയർത്താനുള്ള ബാധ്യതയും സർക്കാർ തന്നെ ഏറ്റെടുക്കേണ്ടതുണ്ട്. അതിനു പകരം സർക്കാർ പദ്ധതികളൊന്നും നടപ്പാക്കാതെ, എന്നാൽ സർക്കാരിന്റേയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ട് യഥേഷ്ടം ലഭ്യമാക്കി തീർത്തും സുതാര്യമല്ലാത്ത വിധം പ്രവർത്തിക്കുന്ന നവ സ്വകാര്യബാങ്കുകളുടെ ബാലൻസി ഷീറ്റ് അക്കങ്ങളുമായി പൊതുമേഖലാ ബാങ്കുകളെ ബാലൻസ്ഷീറ്റ് താരതമ്യം ചെയ്യു പൊതുമേഖലാ ബാങ്കുകളുടെ കാര്യക്ഷമതയില്ലായ്മയെ കുറിച്ച് അധരവ്യായാനം ചെയ്യുന്നവരുടെ യഥാർത്ഥ ലക്ഷ്യം തുറന്നു കാണിക്കപ്പെടുക തന്നെ വേണം. പൊതുമേഖലാ ബാങ്കുകളിൽ തട്ടിപ്പ് നടത്തി കിട്ടാക്കടം വരുത്തിവച്ച് രാജ്യം വിട്ട് പോയ മല്ല്യമാരും മോഡി മാരും ചോസ്കിമാരും വിദേശ വിമാനം കയറിയത് നരേന്ദ്ര മോഡി സർക്കാർ രാജ്യം ഭരിക്കുമ്പോഴാണ് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. അത്തരം ആളുകളുമായി ഈ സർക്കാരിനുള്ള ചങ്ങാത്തം സൂചിപ്പിക്കുന്ന സംസാരിക്കുന്ന തെളിവുകളും ഇവിടെ അവശേഷിക്കുന്നുണ്ട്. അതിൽ ഒരാളെയെങ്കിലും രാജ്യം വിടുന്നതിനു മുമ്പ് രണ്ടാഴ്ച കയ്യാമം വെച്ച് ജയിലിൽ പാർപിച്ചിരുന്നെങ്കിൽ ബാങ്ക് കിട്ടാക്കടങ്ങളുടെ 75 ശതമാനവും തിരിച്ചു വരുമായിരുന്നു എന്നത് ഉറപ്പാണ്. ഏറ്റവും പുതിയ വിവരാവകാശ നിയമ പ്രകാരം ലഭിച്ച കണക്കുകളിൽ വ്യക്തമാവുന്നത് പോയ മൂന്നു വർഷം എഴുതി തള്ളിയ കിട്ടാക്കടം 5.85 ലക്ഷം കോടി രൂപയാണെന്നും പ്രസ്തുത കാലയളവിൽ സർക്കാർ ബാങ്കുകൾക്ക് നൽകിയ മൂലധനം 2.6 ലക്ഷം കോടി രൂപയാണെന്നുമാണ്. അതിനർത്ഥം ബാക്കി തുക ബാങ്കുകൾ ഉണ്ടാക്കിയ ലാഭത്തിൽ നിന്നെഴുതി തള്ളി എന്നാണ്. ഈയിനത്തിൽ പിരിഞ്ഞു കിട്ടിയതാകട്ടെ കേവലം 68000 / കോടി രൂപയും. അതായത് 18 ശതമാനത്തിനു മുകളിൽ. ഇതിനെയാണ് ബാങ്കുകളുടെ ശേഷിക്കുറവായി പ്രഖ്യാപിച്ച് വിൽക്കാനുള്ള കാരണമായി പറയുന്നത്. ചുരുക്കത്തിൽ സിംഹഭാഗം കിട്ടാക്കടക്കാർക്കും ഉത്തരവാദികളായ കോർപറേറ്റുകളുടെ കൈകളിലേക്ക് പൊതുമേഖലാ ബാങ്കുകളുടെ ഉടമസ്ഥാവകാശം കൈമാറാനുള്ള പദ്ധതിയാണ് കേന്ദ്ര ബജറ്റ് വിഭാവനം ചെയ്യുന്നത്. നിക്ഷേപകർ വഞ്ചിക്കപ്പെടുന്നു.

> **“സുസ്ഥിരമായ ഇന്ത്യൻ ബാങ്കിംഗ് മേഖലയുടെ സ്ഥിരത തകർത്തായാലും തങ്ങളുടെ ചങ്ങാത്ത മുതലാളിമാർക്ക് കുഴലൂതുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ മുഴുവൻ ബാങ്കു നിക്ഷേപകരും രംഗത്തു വരണം. മാർച്ച് 15 ന് തുടക്കം കുറിച്ച് ബാങ്ക് പണിമുടക്കം അതിനോട് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു. തൊഴിലാളി - കർഷക കൂട്ടു കെട്ടും വിഭാവനം ചെയ്യുന്നത് ഇത് തന്നെയാണ്.”**

ബാങ്കിംഗ് മേഖല തുറന്നു കൊടുത്തിട്ട് മൂന്നു പതിറ്റാണ്ടു കഴിയുമ്പോഴും മൊത്തം ആസ്തിയുടെ 65 ശതമനവും നിക്ഷേപത്തിന്റെ 75 ശതമാനവും പൊതുമേഖലാ ബാങ്കുകൾ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. ബാങ്കുകളുടെ യഥാർത്ഥ മൂലധനം എന്നു പറയുന്നത് സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും നിക്ഷേപമായ 150 ലക്ഷം കോടി രൂപയാണ്. പൊതുമേഖലാ ബാങ്കുകളിൽ പരിഷ്കാരങ്ങൾ ആരംഭിച്ചത് ഓഹരി വില്പനക്ക് തുടക്കമിട്ടുകൊണ്ടാണ്. അന്നുമുതൽ ഓഹരിയുടമകളുടെ ലാഭവിഹിതം വർധിപ്പിക്കുന്നതിലായി ഊന്നൽ. നിക്ഷേപകരുടെ പലിശ നിരക്ക് ഗണ്യമായി കുറഞ്ഞു. എന്നിട്ടും പൊതു മേഖലാ ബാങ്കുകളിൽ നിക്ഷേപം സൂക്ഷിക്കുന്നത് സർക്കാർ ഉടമസ്ഥത എന്ന വിശ്വാസത്തിലാണ്. ആ വിശ്വാസം തകർക്കാതെ സ്വകാര്യ മൂലധനത്തിന് മുന്നോട്ടു പോകുക അസാധ്യമാണ്. ഇത് സാധിച്ചു കൊടുക്കുന്ന പണിയാണ് ധനമന്ത്രിയുടെ സ്വകാര്യവൽക്കരണ പ്രഖ്യാപനം. ബാങ്ക് തകർന്നാൽ നിക്ഷേപക ഇൻഷുറൻസ് പരിധി 5 ലക്ഷമായി ഉയർത്തി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതുമാത്രമായിരിക്കും ഭാവിയിൽ നിക്ഷേപകർക്കുള്ള ഉറപ്പ്. നവ സ്വകാര്യ ബാങ്കുകൾ ഗ്ലോബൽ ട്രസ്റ്റ് മുതൽ ഒടുവിൽ യെസ് ബാങ്കുവരെ പരിശോധിച്ചാൽ ക്രമം വിട്ട പ്രവർത്തന ശൈലിയാണ് വ്യക്തമാക്കുന്നത്. സുസ്ഥിരമായ ഇന്ത്യൻ ബാങ്കിംഗ് മേഖലയുടെ സ്ഥിരത തകർത്തായാലും തങ്ങളുടെ ചങ്ങാത്ത മുതലാളിമാർക്ക് കുഴലൂതുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ മുഴുവൻ ബാങ്കു നിക്ഷേപകരും രംഗത്തു വരണം. മാർച്ച് 15 ന് തുടക്കം കുറിച്ച് ബാങ്ക് പണിമുടക്കം അതിനോടൈക്യദാർഢ്യം പ്രഖ്യാപിച്ചു. തൊഴിലാളി കർഷക കൂട്ടു കെട്ടും വിഭാവനം ചെയ്യുന്നത് ഇത് തന്നെയാണ്. ●




# കിഫ്ബിയെ അംഗീകരിച്ചത് ആർബിഐയും സെബിയും

> **സംസ്ഥാന നിയമസഭ പാസാക്കിയ നിയമപ്രകാരം കിഫ്ബി കോർപറേറ്റ് സ്ഥാപനമാണ്. കേരള അടിസ്ഥാന സൗകര്യനിക്ഷേപ നിധി നിയമത്തിന്റെ നാലാം വകുപ്പിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. തീർത്തും നിയമവിധേയമായി പുറപ്പെടുവിച്ച മസാലബോണ്ടിൽ അക്കൗണ്ടന്റ് ജനറലിന്റെ പരാമർശവും ഹൈക്കോടതി ഹർജിയും ഇപ്പോഴത്തെ ഇഡി നീക്കവുമൊക്കെ നിയമപരമായ പിൻബലമില്ലാതെ, മറ്റു താൽപ്പര്യങ്ങൾ മുൻനിർത്തിയാണെന്ന് വ്യക്തം.**

കിഫ്ബി ധനസമാഹരണങ്ങളെല്ലാം നടന്നത് നിയതമായ വ്യവസ്ഥകളുടെയും അനുമതികളുടെയും അടിസ്ഥാനത്തിൽ. പാർലമെന്റ് അംഗീകരിച്ച വിദേശനാണ്യ വിനിമയ നിയമം (ഫെമ) അനുസരിച്ചാണ് മസാല ബോണ്ടിറക്കിയത്. ആർബിഐ, സെബി എന്നിവയുടെ മാർഗനിർദേശങ്ങളനുസരിച്ചാണ് കിഫ്ബി ധനസമാഹരണം. ഈ ഭരണഘടനാ സ്ഥാപനങ്ങളാണ് രാജ്യത്തെ സാമ്പത്തിക ക്രയവിക്രയങ്ങളെയും ധനസമാഹരണങ്ങളെയും നിയന്ത്രിക്കുന്നത്. ഇവയുടെ അനുമതിയോടെയുള്ള ബോണ്ടുകളാണ് കിഫ്ബിയുടെ വിദേശ വാണിജ്യ വായ്പകളുടെയടക്കം ഉറവിടം. കിഫ്ബി വ്യക്തിഗത നിക്ഷേപം സ്വീകരിക്കുന്നില്ല. കള്ളപ്പണം വെളുപ്പിക്കാൻ ഉപയോഗിക്കാനുമാകില്ല. ഇതെല്ലാം മറച്ചുവച്ചാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അടക്കം കള്ളക്കഥ പ്രചരിപ്പിക്കുന്നത്.

വിദേശവായ്പ സംബന്ധിച്ച് ഭരണഘടന നൽകുന്ന നിയമനിർമാണാധികാരം ഉപയോഗിച്ചാണ് പാർലമെന്റ് ഫെമ പാസാക്കിയത്. ഇതനുസരിച്ച് 2150 കോടി രൂപയുടെ മസാല ബോണ്ടുകൾ ഇറക്കാൻ 2018 ജൂൺ 1 ന് ആർബിഐ കിഫ്ബിക്ക് അനുമതി നൽകി, ലോൺ രജിസ്ട്രേഷൻ നമ്പരും അനുവദിച്ചു. കിഫ്ബിയുടെ ഏജന്റുമാരായി സ്റ്റാൻഡർഡ് ചാർട്ടേഡ് ബാങ്കിനെയും ആക്സിസ് ബാങ്കിനെയും നിയമിച്ചതും അംഗീകരിച്ചു. വിദേശ വാണിജ്യ വായ്പാ ഗണത്തിലാണ് മസാല ബോണ്ടിന്റെ സ്ഥാനം, ഫെമയിലെ 6(3)(ഡി) പ്രകാരം ഇത്തരം വായ്പ നിയന്ത്രിക്കേണ്ടത് ആർബിഐയാണ്. ഇതനുസരിച്ച് ആർബിഐ പ്രധാന മാർഗരേഖ (മാസ്റ്റർ സർക്കുലർ) പുറത്തിറക്കി. ഇതിന്റെ മൂന്നാംവകു

പ്പിൽ കോർപറേറ്റ്, ബോഡി കോർപറേറ്റുകൾക്ക് മസാല ബോണ്ടിറക്കാമെന്ന് വ്യക്തമാക്കുന്നു.

സംസ്ഥാന നിയമസഭ പാസാക്കിയ നിയമപ്രകാരം കിഫ്ബി കോർപറേറ്റ് സ്ഥാപനമാണ്. കേരള അടിസ്ഥാന സൗകര്യനിക്ഷേപ നിധി നിയമത്തിന്റെ നാലാം വകുപ്പിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. തീർത്തും നിയമവിധേയമായി പുറപ്പെടുവിച്ച മസാലബോണ്ടിൽ അക്കൗണ്ടന്റ് ജനറലിന്റെ പരാമർശവും ഹൈക്കോടതി ഹർജിയും ഇപ്പോഴത്തെ ഇഡി നീക്കവുമൊക്കെ നിയമപരമായ പിൻബലമില്ലാതെ, മറ്റു താൽപ്പര്യങ്ങൾ മുൻനിർത്തിയാണെന്ന് വ്യക്തം.

കിഫ്ബി വായ്പ്പ ഭരണഘടനയുടെ 293ാം അനുച്ഛേദത്തിന്റെ ലംഘനമാണെന്നാണ് ഇഡി സ്ഥാപിക്കാൻ ശ്രമിക്കുന്നത്. അനുച്ഛേദം 293 സംസ്ഥാനങ്ങളുടെ വായ്പാ അധികാരത്തെയും പരിധിയെയും വിവരിക്കുന്നു. സംസ്ഥാനത്തിന്റെ കടമെടുപ്പ് എന്നതാണ് ഇതിലെ വിഷയം. കിഫ്ബി സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്; സംസ്ഥാന സർക്കാരല്ല. ഇത്തരം ബോഡി കോർപറേറ്റുകളെ കുറിച്ചല്ല അനുച്ഛേദം 293ലെ പ്രതിപാദ്യം. അതിനാൽതന്നെ ഈ അനുച്ഛേദം ഉയർത്തിക്കാട്ടിയുള്ള ഒരു നടപടിയും നിലനിൽക്കില്ല.

ആറു ബാങ്ക് ഇതിനകം കിഫ്ബിക്ക് 3015 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. എല്ലാ നിയമവശവും കിഫ്ബിയുടെ സാധുതയും പരിശോധിച്ച ശേഷമാണ് കിഫ്ബി ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ളത്. വിവിധ ബാങ്കുകൾ കിഫ്ബിയുടെ ഏജന്റായി പ്രവർത്തിക്കുന്നു.

## ചട്ടമ്പിത്തരമെങ്കിൽ ഇഡിക്ക് ചുട്ട മറുപടി : ഐസക്

മറ്റു സംസ്ഥാനത്ത് പയറ്റിയ ചട്ടമ്പിത്തരം കേരളത്തിൽ കാണിക്കാനാണ് ഭാവമെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് ചുട്ടമറുപടി നേരിടേണ്ടിവരുമെന്ന് ധനമന്ത്രി ടി എം തോമസ് ഐസക്. തുടലഴിച്ചു വിട്ട കേന്ദ്ര ഏജൻസികളെ കണ്ട് ഭയന്നോടുന്നവരല്ല കേരളം ഭരിക്കുന്നതെന്ന് പറഞ്ഞതിൽ കേന്ദ്രമന്ത്രി വി മുരളീധരൻ രോഷാകുലനാണ്. എന്നാൽ, തുടലു പിടിക്കുന്ന കരങ്ങളെയും സർക്കാരിന് ഭയമില്ല. കിഫ്ബിയെ തകർത്ത് കേരള വികസനം സ്തംഭിപ്പിക്കാനുള്ള ബിജെപി ശ്രമത്തിന് ശക്തമായ തിരിച്ചടി ജനം നൽകും.

മസാല ബോണ്ടുവഴി പണം സമാഹരിച്ചതിനെ വിദേശത്തുനിന്നും പണം കൈപ്പറ്റിയെന്ന് കേന്ദ്ര മന്ത്രി പ്രചരിപ്പിക്കുന്നു. ചരിത്രത്തിലില്ലാത്ത രീതിയിൽ കമീഷനും അഴിമതിയും പാർടി ഫണ്ട് സമാഹരണവും നടത്തിയിട്ടുള്ള ബിജെപിയുടെ മന്ത്രിക്ക് അങ്ങനെ തോന്നിയതിൽ അത്ഭുതപ്പെടേണ്ടതില്ല. തങ്ങളെപ്പോലെയാണ് ബാക്കിയുള്ളവരെല്ലാമെന്നാണ് ധാരണ.

മസാല ബോണ്ടിൽ കിഫ്ബി ഏതു ചട്ടമാണ് ലംഘിച്ചതെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കുന്നില്ല, മസാല ബോണ്ടുവഴി പണം സമാഹരിക്കാൻ എൻടിപിസിയും എൻഎഎഐയും പിന്തുടർന്ന ചട്ടങ്ങളെല്ലാം കിഫ്ബിയും പാലിച്ചിട്ടുണ്ട്,

# കിഫ്ബി മോഡൽ വികസന സ്ഥാപനവുമായി കേന്ദ്ര സർക്കാർ

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് പണം ഉറപ്പാക്കാനായി കേരളം ആവിഷ്കരിച്ച ‘കിഫ്ബി’ മോഡൽ വികസന ഫണ്ടുമായി കേന്ദ്ര സർക്കാരും. ഫെബ്രുവരി ഒന്നിന് ധനമന്ത്രി നിർമല സീതാരാമൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ (ഡിഎഫ്ഐ) രൂപീകരിക്കുന്നത് സംബന്ധിച്ച ബില്ലിന് കേന്ദ്ര കാബിനറ്റ് അനുമതി നൽകി.

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബജറ്റിന് പുറത്ത് പണം സമാഹരിക്കാനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചതാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. കിഫ്ബി ഭരണഘടനാ വിരുദ്ധമാണെന്നും സുതാര്യമല്ലെന്നും പറഞ്ഞവർ തന്നെ ഇപ്പോൾ അതിന് സമാനമായ ഒരു സ്ഥാപനവും ഫണ്ടും രൂപീകരിച്ചു.



## കിഫ്ബിക്ക് വായ്പ നൽകിയ ബാങ്കുകൾ (തുക കോടിയിൽ)

| | |
|---|---|
| നബാർഡ് | 565 |
| എസ്ബിഐ | 1000 |
| ഇന്ത്യൻ ബാങ്ക് | 500 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 500 |
| സിൻഡിക്കേറ്റ് ബാങ്ക് | 200 |
| കോർപറേഷൻ ബാങ്ക് | 250 |
| ആകെ | 3015 |

## കിഫ്ബി ചെലവ്

(പൂർത്തിയാക്കിയ പണം, തുക കോടിയിൽ)

| | |
|---|---|
| 2017 -18 | 442.67 |
| 2018 -19 | 1069.0 |
| 2019 -20 | 3502.5 |
| 2020 -21 | 3291.32 |
| ആകെ | 8305.4 |

## കിഫ്ബി നിക്ഷേപം

(തുക കോടിയിൽ)

| | |
|---|---|
| സംസ്ഥാന ട്രഷറി | 2626.92 |
| ബാങ്ക് നിക്ഷേപങ്ങൾ | 5148.07 |
| മറ്റു നിക്ഷേപങ്ങൾ | 600 |
| ആകെ | 8274.99 |

## കിഫ്ബി ഫണ്ട് ഒറ്റനോട്ടത്തിൽ

(തുക കോടിയിൽ)

| | |
|---|---|
| ബാങ്കുകൾ | 3015 |
| മൂലധനമായും മറ്റും സർക്കാർ നൽകിയത് | 2498.42 |
| മോട്ടോർ വാഹന നികുതിയും സെസും | 7756.71 |
| മറ്റു വക | 2473.99 |
| ആകെ സമാഹരിച്ചത് | 15744 |



## 1.76 ലക്ഷം വീടുകളിൽ പട്ടയം

- വിതരണം ചെയ്തത് 1,76,711 പട്ടയം
- 17 ജില്ലകളിലായി 56 പട്ടയ മേളകൾ
- വൻകിട കൈയേറ്റക്കാർക്കെതിരെ കർശന നടപടി
- ഭൂമി ഈടുവച്ച് വായ്പ എടുക്കാൻ ചട്ടങ്ങളിൽ ഭേദഗതി
- 32,000 കാണം കുടിയാന്മാർക്ക് ഭൂമി
- 14 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തു
- 656 പേർക്ക് 103.33 ഏക്കർ ഭൂമി വിതരണം ചെയ്തു.
- പരിധിയിൽ കവിഞ്ഞ ഭൂമി വാങ്ങിക്കൂട്ടിയ 365 വൻകിട ഭൂഉടമകൾക്കെതിരെ മിച്ചഭൂമി കേസ്.



# പാലാരിവട്ടം പാലം തുറന്നു; ഉറപ്പ് നൂറു കൊല്ലം

നൂറു കൊല്ലം നിലനിൽക്കും എന്ന ഉറപ്പോടെ എൽഡിഎഫ് സർക്കാർ പുതുക്കി പണിത പാലാരിവട്ടം പാലത്തിലൂടെ ഗതാഗതം പുനരാരംഭിച്ചു. യുഡിഎഫ് അഴിമതിയിൽ കൊട്ടിപ്പൊക്കി തകർന്നു വീണ പാലമാണിത്. പറഞ്ഞതിലും രണ്ടു മാസം മുമ്പേ പുതുക്കി പണിത പാലം നിശ്ചയിച്ചതിലും 15 മിനിറ്റു നേരത്തേ ഗതാഗതത്തിന് തുറന്നു കൊടുത്തു. രണ്ടു വർഷത്തെ ഇടവേളക്കു ശേഷമാണ് പാലത്തിലൂടെ വാഹനങ്ങൾ കടന്നു പോയത്. പുർനിർമാണം ആരംഭിച്ചത്. ഡിഎംആർസി നിർമാണ ചുമതലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ടെൻഡറിലൂടെ കരാർ നേടി. 22.86 കോടിക്ക് പാലം പൂർത്തിയായി.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 47.70 കോടി രൂപ എസ്റ്റിമേറ്റിലാണ് പാലം പണിതത്. ആർഡിഎസ് പ്രോജക്ട്സിനാണ് നിർമാണ കരാർ നൽകിയത്. 2014 സെപ്തംബറിൽ പണി തുടങ്ങി. 2016 ഒക്ടോബർ ഒന്നിന് ഉത്ഘാടനം ചെയ്തു. പക്ഷേ, 2017 ജൂലൈയിൽ പാലം പൊളിഞ്ഞ് സഞ്ചാര യോഗ്യമല്ലാതായി. 2019 മെയ് ഒന്നിന് പാലം അടച്ചു. പാലാരിവട്ടം പാലം അഴിമതി കേസിൽ മുൻ പൊതുമരാമത്ത് മന്ത്രിയും മുസ്ലീം ലീഗ് നേതാവുമായ വി കെ ഇബ്രാഹിം കുഞ്ഞ് ഉൾപ്പെടെയുള്ളവർ അറസ്റ്റിലായി. കേസിൽ അഞ്ചാം പ്രതിയാണ് ഇബ്രാഹിം കുഞ്ഞ്. മുൻ പൊതുമരാമത്ത് സെക്രട്ടറി ടി ഒ സൂരജ് ഉൾപ്പെടെ നാലു പ്രതികൾ ജയിലിലായി. വ്യവസ്ഥക്കു വിരുദ്ധമായി കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസായി 8.25 കോടി രൂപ അനുവദിച്ചത് ഇബ്രാഹിം കുഞ്ഞിന്റെ നിർദേശ പ്രകാരമാണെന്ന സൂരജിന്റെ വെളിപ്പെടുത്തലാണ് തെളിവായത്. പുനർ നിർമാണത്തിനുള്ള 24.52 കോടി രൂപ ആർഡിഎസ് പ്രോജക്ട്സ് നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ നിയമ നടപടി തുടരുകയാണ്.

മദ്രാസ് ഐഐടിയുടെ റിപ്പോർട്ടു കൂടി പരിഗണിച്ചാണ് പൊളിച്ചുപണിയല്ലാതെ വേറെ വഴിയില്ലെന്ന് വിദഗ്ധർ വിധിയെഴുതിയത്. യുഡിഎഫ് അഴിമതിയിൽ കെട്ടിപൊക്കിയ പാലത്തിന്റെ 70 ശതമാനവും പൊളിച്ചു നീക്കി പുതിയ പാലമുയർത്തിയത് 158 ദിവസം കൊണ്ട്.

### തൂണുകളൊഴികെ എല്ലാം വീഴ്ത്തി

ആകെയുള്ള 19 തൂണുകളുടെയും പിയർ ക്യാപ് പൊളിച്ചു ബലപ്പെടുത്താനും 19 സ്പാനുകളിൽ 17 എണ്ണവും 102 ഗർഡജറുകളും സ്ലാബുകളും പൊളിച്ച് പുതിയത് സ്ഥാപിക്കാനും തീരുമാനം. മേൽ നോട്ടച്ചുമതല ഡിഎംആർസിക്ക്. കരാർ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക്. 2021 മെയിൽ നിർമാണ പൂർത്തീകരണ ലക്ഷ്യത്തോടെ 2020 സെപ്തംബർ 28 ന് പാലം പൊളിക്കൽ ആരംഭിച്ചു. കോൺക്രീറ്റ് അവശിഷ്ടം തൃശൂരിൽ ആർബിഡിസികെ നിർമിക്കുന്ന പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനും കളമശേരിയിലെ ഡിഎംആർസി കാസ്റ്റിംഗ് യാർഡിലെ ഫില്ലിംഗിനും.

### കൃത്യമായ ആസൂത്രണം, നിർവഹണം

നിർമാണം പൂർത്തിയായപ്പോൾ 25 കോടിയോളം ചെലവായി. 750 ടൺ സ്റ്റീലും 1900 ടൺ സിമന്റും ഉപയോഗിച്ചു. അഞ്ഞൂറോളം തൊഴിലാളികൾക്ക് പ്രതിദിനം ജോലി. പൊളിക്കൽ രണ്ടു മാസത്തിനുള്ളിൽ പൂർത്തിയായി.



# എൽഡിഎഫ് ഭരണ തുടർച്ചക്കായി ഒരുമിച്ച് പോരാടാം



എൻ. പത്മലോചനൻ

### എൽഡിഎഫ് ഭരണകാലത്ത് പിഎസ്സി നിയമനം 1,51513 പേർക്ക്

നിയമന അഴിമതി ആരോപണങ്ങൾക്കെതിരെ മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടി: ആരോഗ്യ സാമൂഹ്യ മേഖലയിൽ ഇതുവരെ പുതിയ തസ്തിക സൃഷ്ടിച്ച് നടത്തിയ നിയമനം 5985. നീതിന്യായ വ്യവസ്ഥയുടെ ശാക്തീകരണത്തിന്റെ ഭാഗമായി പുതുതായി 1990 തസ്തികകളിൽ നിയമനം നടത്തി. പോലീസിൽ 4933 തസ്തികകളിലും ഹയർ സെക്കൻഡറി തലത്തിൽ 3540 തസ്തികകളും സൃഷ്ടിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 721 തസ്തിക സൃഷ്ടിച്ചു. ഇങ്ങനെ 27000 സ്ഥിര തസ്തിക എൽഡിഎഫ് സർക്കാർ സൃഷ്ടിച്ചു. താൽക്കാലിക തസ്തിക കൂടി ഉൾപ്പെടുത്തിയാൽ ഇത് 44000 വരും.

സർക്കാർ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂളുകൾ തയാറാക്കാനും നിയമനങ്ങൾ പിഎസ്സിക്കു വിടാനുമുള്ള പ്രക്രിയ നടക്കുന്നു. കമ്പനി, ബോർഡ്, കോർപറേഷൻ തുടങ്ങിയ 52 സ്ഥാപനങ്ങളിൽ നിയമനം പിഎസ്സിക്കു വിട്ടു.

2020 സെപ്തംബർ ഒന്നിനും ഡിസംബർ ഒമ്പതിനുമിടയിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച ആദ്യഘട്ട 100 ദിന പരിപാടിയുടെ ഭാഗമായി 5000 തൊഴിലവസരം സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം നേടി എന്നു മാത്രമല്ല 1,16440 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. ഐടി മേഖലയിൽ 52,44 ലക്ഷം ചതുര

ശ്രയടിയിൽ തൊഴിലിടം സൃഷ്ടിച്ചു. അതോടൊപ്പം 53.5 ലക്ഷം ചതുരശ്ര അടി തൊഴിലിടത്തിന്റെ പ്രവർത്തി നടക്കുന്നു.

കേന്ദ്ര സർക്കാർ ചെലവ് ചുരുക്കലിന്റെ മറവിൽ പുതിയ നിയമന നിരോധന ഉത്തരവ് പുറപ്പെടുവിച്ചു. 8 ലക്ഷം ഒഴിവുകൾ കേന്ദ്ര സർവീസിൽ നികത്താതെ കിടക്കുമ്പോഴാണിത്. യുപിഎ കാലം മുതലുള്ള നിയമന നിരോധത്തിന്റെ ഫലമായാണിത്. കേന്ദ്ര സർക്കാരിന്റെ ഈ നിയമന നിരോധനത്തിനെതിരെ ഒരക്ഷരം കേരളത്തിലെ പ്രതിപക്ഷം ശബ്ദിക്കുന്നില്ലെന്ന വസ്തുത മുഖ്യമന്ത്രി നിയമസഭയിൽ പ്രതികരിച്ചു.

## സിവിൽ സർവീസ് ഓഫീസർമാർ

എൽഡിഎഫ് സർക്കാർ രണ്ട് ഘട്ടമായി നിയമിച്ചത് 13,825 പേർ യുഡിഎഫ് സർക്കാരിന്റെ കാലത്ത് 5 വർഷത്തിനിടെ 4796 സിവിൽ പോലീസ് ആഫീസർമാർക്കു മാത്രമാണ്. നിയമനം നൽകിയത്. എൽഡിഎഫിന്റെ കാലത്ത് രണ്ട് ഘട്ടമായി വനിതകൾ നിയമിതരായത് 1610. ആദിവാസി മേഖല പ്രത്യേക നിയമനം രണ്ട് ഘട്ടമായി 56.

## 198 പൊതു വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ

**(കേരളം വിദ്യാഭ്യാസ ഹബ്ബാക്കും എന്ന് മുഖ്യമന്ത്രി)**

സർവകലാശാലകളെയും കോളേജുകളെയും മികവിന്റെ കേന്ദ്രമാക്കാൻ ശ്രമം ആരംഭിച്ചു. സ്കൂളുകളുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിന് വലിയ തുക സർക്കാർ നിക്ഷേപിച്ചു. 972 വിദ്യാലയങ്ങൾക്ക് 2309 കോടി രൂപ കിഫ്ബി നൽകി. പദ്ധതി തുകയിൽ 1072 വിദ്യാലയങ്ങൾക്ക് 1375 കോടി രൂപ അനുവദിച്ചു. സ്കൂളുകളുടെ ആധുനികവൽക്കരണത്തിന് കിഫ്ബി 793 കോടി രൂപ അനുവദിച്ചു. വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകി. പാഠപുസ്തകം യഥാസമയം വിതരണം ചെയ്തു. 10 എയ്ഡഡ് സ്കൂളുകൾ ഫെബ്രുവരി 21 ന് ഗവൺമെന്റ് ഏറ്റെടുത്തു. പൂട്ടാൻ തീരുമാനിച്ച 4 സ്കൂൾ നേരത്തേ ഏറ്റെടുത്തിരുന്നു. പുതിയ 89 സ്കൂൾ കെട്ടിടം നവീകരിച്ചു. 41 ഹയർ സെക്കൻഡറി ലാബിന്റെ ഉത്ഘാടനം 18220 ൽ മുഖ്യമന്ത്രി നിർവഹിച്ചു.

## കശുവണ്ടി മേഖല 6000 പേർക്ക് പുതിയതായി ജോലി

പൊതുമേഖലാ സ്ഥാപനങ്ങളായ കശുവിണ്ടി വികസന കോർപറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽ കഴിഞ്ഞ 5 വർഷത്തിൽ 6000 പേർക്ക് പുതിയതായി ജോലി നൽകി. കോർപറേഷനിൽ 4000 പേർക്കും കാപ്പക്സ് ൽ 2000 പേർക്കും അടഞ്ഞു കിടക്കുന്ന സ്വകാര്യ ഫാക്ടറികളിലെ തൊഴിൽ ലഭ്യമാക്കും വിധം ഉള്ള പദ്ധതിക്കു രൂപം നൽകി കഴിഞ്ഞു. 500 പേരുടെ നിയമനം ഉടൻ നൽകും.

## കഴിഞ്ഞ 5 വർഷത്തിൽ 74 കോടി രൂപ ഗ്രാറ്റുവിറ്റി നൽകി

യുഡിഎഫ് സർക്കാരിന്റെ കാലത്തേത് ഉൾപ്പെടെ 10 വർഷത്തെ ഗ്രാറ്റുവിറ്റിയാണ് കോർപറേഷനിലും കാപ്പക്സിലുമായി എൽഡിഎഫ് സർക്കാർ കൊടുത്തു തീർത്തത്. കോർപറേഷനിൽ പിരിഞ്ഞു പോയ 6000 പേർക്കും കാപ്പക്സിൽ പിരിഞ്ഞു പോയ 1000 പേർക്കും ആണ് ഗ്രാറ്റുവിറ്റിയായി 74 കോടി രൂപ നൽകിയത്. 2020 വരെ വിരമിച്ചവർക്കുള്ള ഗ്രാറ്റുവിറ്റിയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കശുവണ്ടി പോലെ തന്നെ കേരളത്തിന്റെ പ്രമുഖ പരമ്പരാഗത വ്യവസായമാണ് കയർ

എൽഡിഎഫ് സർക്കാർ കയർമേഖലയിൽ ചിലവഴിച്ചത് വ്യവസായ വികസനത്തിനായി 1225 കോടി രൂപയാണ്. പെൻഷനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുമായി 550 കോടി രൂപ ചിലവഴിച്ചു. ഉയർന്ന മുതൽമുടക്കിന്റെയും ആസൂത്രിതമായ ആധുനീകരണ നടപടികളുടെയും അടിസ്ഥാനത്തിൽ കയർ വ്യവസായം പുതിയ മാനങ്ങൾ കൈവരിക്കുകയാണ്.

എൽഡിഎഫ് സർക്കാർ ആവിഷ്കരിച്ച രണ്ടാം കയർ പുനസംഘടനാ ദൗത്യം എല്ലാ പ്രതിസന്ധികൾക്കിടയിലും ഫലപ്രാപ്തിയിൽ എത്തുകയാണ്. ഇതൊരു കയർ വ്യവസായ നവീകരണ പരിപാടി ആണ്. ഇപ്പോഴും ആയിരക്കണക്കിനു തൊഴിലാളികൾ ഈ വ്യവസായത്തിൽ പണിഎടുത്താണ് ജീവിതം കരുപ്പിടിപ്പിക്കുന്നത്. എൽഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ കയർഫെഡിന്റെ ചകിരി സംഭരണം പൂർണമായും തമിഴ്നാട്ടിലെ ചകിരി ഉൽപാദനത്തെ ആശ്രയിച്ചായിരുന്നു. ഇന്ന് കയർഫെഡിന്റെ ഉൽപാദനം 45% കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ചകിരി കൊണ്ടാണ്.

കയർ ഉൽപന്നങ്ങൾ സംഭരിക്കുന്നത് കയർ കോർപറേഷനാണ്. 2016 ൽ 85 കോടി രൂപ ആയിരുന്നു സംഭരണ മൂല്യം. ഇന്നത് 200 കോടി രൂപയിലേക്കടുത്തു. തൊഴിലാളികളുടെ ശരാശരി കൂലി 12493 രൂപയിൽ നിന്നും 2019-20 ൽ 26907 രൂപയായി ഉയർന്നു. ഈ സർക്കാരിന്റെ കാലത്ത് 120 ചകിരി മില്ലുകൾ സ്ഥാപിച്ച്. ഇത് ഇനിയും ഗണ്യമായി ഉയരേണ്ടതുണ്ട്. ചകിരിചോറ് ഒരു മലിന വസ്തുവായിരുന്നു. ചകിരിചോറെന്ന മാലിന്യ വസ്തു ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് ഒരു മുഖ്യ തടസ

മായിരുന്നു. എന്നാൽ നമ്മുടെ നാട്ടിൽ ചകിരി ചോറിന് കിലോ ഗ്രാമിന് ശരാശരി 6 രൂപ വരെ കിട്ടുന്ന സ്ഥിതിയുണ്ട്.

100 സൊസൈറ്റികളിൽ ഓട്ടോമാറ്റിക് സ്പി ന്നിംഗ് മിന്നുകൾ സ്ഥാപിച്ചുകഴിഞ്ഞു. 1000 ത്തി ലധികം ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകളാണ് വി ന്യസിച്ചിട്ടുള്ളത്. 20000 ഇലക്ട്രോണിക് റാട്ടുകൾ ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തു കഴിഞ്ഞു. കയർ ഉൽപാദനവും ആധുനിക യന്ത്ര ങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ മുഖം കൈവ രിച്ചു കഴിഞ്ഞു. ഓട്ടോമാറ്റിക് ലൂമുകളും ഫാക്ടറി അന്തരീക്ഷവും പുതിയ തൊഴിൽ രീതികളുമായി രിക്കും ആധുനീകരിച്ച കയർ വ്യവസായത്തിന്റെ മുഖമുദ്ര.

## പ്രതിസന്ധികൾക്കിടയിലും കടൽത്തീരമേഖലക്ക് എൽഡിഎഫ് സർക്കാർ നൽകിയത് 4950 കോടി രൂപ.

തീരമേഖലയിൽ 5 വർഷത്തിൽ 4950 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധ തികൾ. മത്സ്യ വകുപ്പ് ഏറ്റെടുത്തത് 2884.3 കോടി രൂപയുടെ തീര പശ്ചാത്തല വികസന പദ്ധതി കൾ. 587.32 കോടി രൂപയുടെ പദ്ധതികൾക്ക് 'കിഫ്ബി' സഹായകരമായി.

മത്സ്യ ബന്ധന തുറമുഖങ്ങൾക്കും തീര റോ ഡുകൾക്കുമായി 1478.37 കോടി രൂപ നീക്കി വച്ചു. ഓഖി, പ്രളയം, കോവിഡ് പ്രതിസന്ധികൾക്കി ടയിലാണ് മത്സ്യ ബന്ധന മേഖലയിൽ ചരിത്ര ത്തിൽ ഇതുവരെ ഇല്ലാത്ത വികസനം.

തീവവാസികൾക്കായി 39501 വീടിന്റെ നിർമാണം ഏറ്റെടുത്തു. 18867 എണ്ണം പൂർത്തി യായി. പുനർഗേഹം പദ്ധതിയിൽ 18685 വീട് നിർമിക്കുന്നു. 2997 എണ്ണം പൂർത്തിയായി. ആറു ജില്ലകളിൽ 1140 അപ്പാർട്ട്മെന്റ് അടങ്ങിയ ഫ്ളാറ്റ് സമുച്ചയങ്ങളുടെ നിർമാണവും വിവിധ ഘട്ട ങ്ങളിലാണ്. ഇതിന് പുറമെ 5477 കുടുംബത്തിന് കക്കൂസ് നിർമാണത്തിന് 20,000 രൂപ വീതം അനു വദിച്ചു.

മത്സ്യ ബന്ധന തുറമുഖങ്ങൾക്കും മത്സ്യ കര ക്കടിപ്പിക്കൽ കേന്ദ്രങ്ങൾക്കുമായി 813.90 കോടി രൂപ നീക്കിവച്ചു. 25 തുറമുഖത്തിന്റെ വികസനം ഏറ്റെടുത്തു. 209 കോടിയിൽ മുതലപ്പൊഴി, ചേറ്റുവ, തലായി, കൊയിലാണ്ടി, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പുതിയ തുറമുഖം നിർമിച്ചു. തങ്കശേരി, താനൂർ, വെള്ളയിൽ, പുതിയാപ്പ, ചെല്ലാനം, ബേപ്പൂർ, അർത്തുങ്കൽ തുറമുഖങ്ങളു ടെ നിർമാണം പൂർത്തിയാക്കി. കിഫ്ബിയുടെ 209 കോടിയിൽ പരപ്പനങ്ങാടി, ചെത്തി ഹാർബറുക ളുടെ നിർമാണം പുരോഗമിക്കുന്നു.

## കേരളതീരം കുത്തകകൾക്കില്ല. മത്സ്യ തൊഴിലാളികൾക്കെതിരായ ഒരു നടപടിയും ഉണ്ടാകില്ലെന്ന് മുഖ്യമന്ത്രി

പിണറായി വിജയൻ മത്സ്യ തൊഴിലാളിക ളെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും ഉണ്ടാകില്ല. എൽഡിഎഫ് സർക്കാരിന്റെ സുവ്യ ക്ത നയമാണിത്. ഒരിഞ്ച് പിന്നോട്ട് പോകില്ല. സംസ്ഥാന ഫിഷറീസ് നയത്തിൽ നിന്നും വ്യതി ചലിച്ച് ഒരു പദ്ധതിയും അനുവദിക്കില്ല. ഇല്ലാത്ത കഥകൾ പ്രചരിപ്പിച്ച പുകമറ സൃഷ്ടിച്ച് വോട്ട് നേടാമെന്ന വ്യാമോഹം ആർക്കും വേണ്ടെന്നും പത്ര സമ്മേളനത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി. ഒരു വെറും നിവേദനത്തിന്റെ പുറത്താണ് പ്രതി പക്ഷ നേതാവിന്റെ ഇളക്കം. അർഹത ഇല്ലാത്ത ആ നിവേദനത്തിന്റെ സ്ഥാനം ചവറ്റുകുട്ടയാ ണ്. എന്നും അദ്ദേഹം പറഞ്ഞു.

ഏതെങ്കിലും സർക്കാർ പൊതു മേഖലാ സ്ഥാപനം ധാരണാ പത്രമുണ്ടാക്കിയാൽ അതു പിന്നീടാണ് സർക്കാരിന്റെ പരിഗണനയിൽ വരു ന്നത്. നീതിന്യായ വ്യതിയാന മോ സംസ്ഥാന താല്പര്യങ്ങൾക്കു വിരുദ്ധമോ ആയ കാര്യങ്ങൾ ഉണ്ടെങ്കിൽ ആ ധാരണ പത്രം നിരാകരിക്കുക യാണ് പതിവ്. മത്സ്യ മേഖലയിൽ കൃത്യമായ നയം രൂപീകരിച്ചിട്ടുണ്ട്. വിദേശ ട്രോളറുകൾ ക്കോ ദേശീയ കുത്തകയാനങ്ങൾക്കോ ആഴ ക്കടൽ മത്സ്യ ബന്ധനം നടത്താൻ അനുവാദം നൽകില്ലെന്നത് 2019 ജനുവരിയിൽ നടപ്പാക്കിയ ഫിഷറീസ് നയത്തിലെ സുപ്രധാന പ്രഖ്യാപന മാണെന്നും മുഖ്യമന്ത്രി ശക്തമായി പ്രഖ്യാപിച്ചു. അതിൽ ഒരു മാറ്റവും ആരും സ്വപ്നം കാണേ ണ്ടെന്നും അദ്ദേഹം പറഞ്ഞു. പരമ്പരാഗത മത്സ്യ തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കാനും സ്വതന്ത്രമായി വില്ലാനുമു ള്ള അവകാശം അവർക്ക് ഉറപ്പു വരുത്തുമെന്നും പ്രഖ്യാപിച്ചു. നിവേദനം കരാറാക്കി രാഷ്ട്രീയ ബ്ലാക്ക്മെയിലിംഗ് നടത്താമെന്നും. തിരഞ്ഞെ ടുപ്പിന് മുതൽകൂട്ടാമെന്നും ആരും സ്വപ്നം കാ ണേണ്ടെന്നും മുഖ്യമന്ത്രി ഓർമപ്പെടുത്തി.

കുത്തകകൾക്ക് മത്സ്യ തൊഴിലാളികളെ തീറെഴുതി നയം കൊണ്ടുവന്നത് കോൺഗ്ര സിന്റെ നരസിംഹറാവും പ്രധാനമന്ത്രിയായ പ്പോഴാണ്. മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ വ്യ ക്തമാക്കി. അതിനെതിരെ പോരാടിയവരാണ് എൽഡിഎഫ് എന്നോർക്കണമെന്നും അദ്ദേഹം പറഞ്ഞു.

# ഇന്ത്യൻ ജനാധിപത്യം വിൽപനക്ക്

- 2016‾20 നുമിടയിൽ 177 കോൺഗ്രസ് എംഎൽഎമാരും എംപിമാരുമായ ജനപ്രതിനിധികൾ കാലുമാറി മറ്റ് പാർടികളിൽ ചേർന്നു. ഇതേ കാലത്ത് മൊത്തം 433 എംഎൽഎ മാരോ എംപിമാരോ ആയ ജനപ്രതിനിധികൾ മറ്റ് പാർടികളിലേക്ക് കാലുമാറി. ഇതിൽ 45% വും കാലുമാറി എത്തിയത് ബിജെപിയിലാണ്. കാലുമാറിയതിൽ 40% വും കോൺഗ്രസുകാരാണ്.
- 2017 ലെ യുപി ഇലക്ഷനിൽ മത്സരിച്ചവരിൽ 35 പേർ കാലുമാറി എത്തിയവരാണ്.
- കോൺഗ്രസ് വിട്ട ജനപ്രതിനിധികളിൽ 66% വും ചേർന്നത് ബിജെപിയിൽ
- 2018 തെലുങ്കാന തെരഞ്ഞെടുപ്പിൽ മത്സരിച്ചവരിൽ 30 പേർ കാലുമാറി എത്തിയവരാണ്.

**ഈ കണ്ടെത്തലുകൾ നടത്തിയത് അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോം എന്ന സംഘടനയാണ്.**

- 2017 തിരഞ്ഞെടുപ്പ് കഴിഞ്ഞ് മണിപ്പൂരിൽ ആകെ സീറ്റ് 60, കോൺഗ്രസ് 28, ബിജെപി 21 ജയിച്ചവരിൽ 11 എംഎൽഎമാർ ബിജെപിയിൽ ചേർന്നു. അങ്ങിനെ അധികാരം ബിജെപിക്ക് ലഭിച്ചു.
- 2019 ലെ തെരഞ്ഞെടുപ്പ് ഗോവ ആകെ സീറ്റ് 40, ജയിച്ചത് കോൺഗ്രസ് 17, ബിജെപി 13, 3 കോൺഗ്രസ് എംഎൽഎമാർ കൂറുമാറി. ബിജെപി അധികാരത്തിൽ വന്നു.
- മധ്യപ്രദേശ് ആകെ സീറ്റ് 230, കോൺഗ്രസ് ജയിച്ചത് 114, ബിജെപി ജയിച്ചത് 109. കോൺഗ്രസ് അധികാരത്തിൽ വന്നു. കമൽനാഥ് മുഖ്യമന്ത്രിയായി. 25 കോൺഗ്രസ് എംഎൽഎമാർ പലപ്പോഴായി ജ്യോതിരാദിത്യസിന്ധ്യയുടെ നേതൃത്വത്തിൽ കാലുമാറി. ബിജെപി അധികാരത്തിൽ വന്നു.
- 2014 അരുണാചൽ പ്രദേശ് തിരഞ്ഞെടുപ്പ് ആകെ സീറ്റ് 60. കോൺഗ്രസ് 44, ബിജെപി 11. 2016 ൽ 43 എംഎൽഎമാർ ബിജെപിയിൽ ചേർന്നു. തുടർന്ന് 2019 ൽ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് 41 സീറ്റ് കിട്ടി. കോൺഗ്രസിന് 4 സീറ്റ്. അധികാരം ബിജെപിക്ക്.
- 2018 ലെ തിരഞ്ഞെടുപ്പ് കർണാടക ആകെ സീറ്റ് 224, കോൺഗ്രസ് ദൾ സഖ്യം 115 സീറ്റ് ജയിച്ചു. ബിജെപി 104 സീറ്റ് ജയിച്ചു. 17 കോൺഗ്രസ് എംഎൽഎ മാർ കൂറുമാറി ബിജെപിയിൽ ചേർന്നു. ബിജെപി അധികാരത്തിൽ വന്നു. ഇപ്പോൾ ബിജെപി 119, കോൺഗ്രസ് 67.
- പുതുച്ചേരിയിൽ കോൺഗ്രസ് ഭരണം തകർന്നു. രണ്ട് കോൺഗ്രസ് എംഎൽഎമാർ കൂടി രാജിവച്ചതോടുകൂടി പുതുച്ചേരിയിലെ കോൺഗ്രസ് സർക്കാരിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടു.

## സ്വത്ത് വർധനവ്

- **കാലുമാറി എത്തിയവരുടെ സ്വത്തിൽ വലിയ വർധനവ് ഉണ്ടായി.**
- **ലോകസഭാംഗമായിരുന്ന കോണ്ട വിശ്വേശ്വര റെഡ്ഡി** ടിആർഎസ് വിട്ട് കോൺഗ്രസിൽ ചേർന്നു. സ്വത്ത് വർധിച്ചത് 367 കോടി വരും.
- **കർണാടക എം പി എൻ നാഗരാജു** ഐഎൻസി വിട്ട് ബിജെപിയിൽ ചേർന്നു. സ്വത്ത് വർധിച്ചത് 180 കോടി.
- ***സഞ്ജയ് പാഠക്*** ലോകസഭാംഗം കോൺഗ്രസ് വിട്ട് ബിജെപിയിൽ സ്വത്ത് വർധിച്ചത് 104 കോടി.

## ചിലരുടെ സ്വത്ത് വർധന ശതമാന കണക്കിൽ

- ***ദീപാചന്ദ് ഹ്രങ്കാൾ*** ത്രിപുര എംഎൽഎ കോൺഗ്രസ് വിട്ട് ബിജെപിയിൽ. സ്വത്തിലെ വർധനവ് ഞെട്ടിക്കുന്നതാണ്. 61,165%
- **സോന ദേവി രാജസ്ഥാൻ എംഎൽഎ,** നാഷണലിസ്റ്റ് യൂണിയനിസ്റ്റ് സെമിന്ദാർ പാർട്ടി കോൺഗ്രസിൽ ചേർന്നു. സ്വത്ത് വർധിച്ചത് 11,010%

ഇങ്ങനെ പോകുന്നു കാലുമാറിയവരുടെ സ്വത്ത് വർധന.

ഇന്ത്യൻ ജനാധിപത്യം വിൽപന ചരക്കായി മാറിയിരിക്കുന്നു എന്ന് ചുരുക്കം.

# കടലോളം നന്മയ്ക്കായി വരണം വീണ്ടും ഇടതുപക്ഷം

## മത്സ്യ തൊഴിലാളി ജാഥ വൻ വിജയം



**എൽഡിഎഫ് ഭരണത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്. തൊഴിൽ സംരക്ഷിക്കാനും, മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കാനും സർക്കാർ കൈക്കൊണ്ട നടപടികൾ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസം നൽകി.**

‘കടലോളം നന്മയ്ക്കായി വരണം വീണ്ടും ഇടതുപക്ഷം” എന്ന മുദ്രാവാക്യമുയർത്തി മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംഘടിപ്പിച്ച പ്രചരണജാഥ സിഐടിയു സംസ്ഥാന സെക്രട്ടറിയും, മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറിയുമായ പി പി ചിത്തരഞ്ജൻ നേതൃത്വം നൽകി. ജാഥ ഫെബ്രുവരി 20 മുതൽ മാർച്ച് 4 വരെയാണ് പര്യടനം നടത്തിയത്.

എൽഡിഎഫ് ഭരണത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്. തൊഴിൽ സംരക്ഷിക്കാനും, മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കാനും സർക്കാർ കൈക്കൊണ്ട നടപടികൾ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസം നൽകി. ഓഖി ദുരന്ത കാലത്തും, കോവിഡ് ഉയർത്തിയ ഭീഷണി കാലത്തും തൊഴിലാളികളെ സംരക്ഷിച്ചത് സർക്കാർ നടപടികളാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈത്താങ്ങായി

സർക്കാർ പ്രവർത്തിച്ചു. സംസ്ഥാനത്തിന്റെ തീര പ്രദേശത്താകെ സമാധാനവും, ജീവിത സുരക്ഷയും ഉറപ്പാക്കാൻ എൽഡിഎഫ് സർക്കാരിന് കഴിഞ്ഞു. കോൺഗ്രസിന്റെ കേന്ദ്ര സർക്കാരിന്റെ കാലത്തും, ബിജെപി ഭരണകാലത്തും ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി ആഴക്കടൽ മത്സ്യബന്ധനം വിദേശ കുത്തകകൾക്ക് തീറെഴുതിയിരുന്നു. എന്നാൽ മത്സ്യസമ്പത്ത് വൻതോതിൽ ചൂഷണം ചെയ്യുന്ന വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്നതല്ല എന്ന നയം കേരള സർക്കാർ സ്വീകരിച്ചു. രാജ്യത്തിന്റെ സമ്പത്ത് കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ ഉറച്ചുനിന്ന് പോരാടുന്ന എൽഡിഎഫ് സർക്കാർ മത്സ്യ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പാക്കി. മത്സ്യത്തൊഴിലാളികൾക്ക് എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ലഭിച്ച നേട്ടങ്ങളെ മറച്ചുവയ്ക്കാൻ രാഷ്ട്രീയ വൈര്യനിര്യാതന ബുദ്ധിയോടെ യുഡിഎഫ് നേതാക്കൾ ഉയർത്തുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി ഉറച്ച നിലപാട് സ്വീകരിക്കുന്ന മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ യെയും, വ്യവസായ വികസനത്തിനായി ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ച വ്യവസായ വകുപ്പ് മന്ത്രി ഇ പി ജയരാജനെയും അപകീർത്തിപ്പെടുത്താനുള്ള യുഡിഎഫിന്റെ ശ്രമങ്ങളെ തുറന്നു കാണിക്കാൻ ഈ ജാഥക്ക് കഴിഞ്ഞു.

സംസ്ഥാന ജാഥ ഫെബ്രുവരി 20 ന് സിഐടിയു ജനറൽ സെക്രട്ടറി സ.എളമരം കരീം ഉത്ഘാടനം ചെയ്തു. സംസ്ഥാനത്തെ കടലോര മേഖലയിലൂടെ സഞ്ചരിച്ച ജാഥ പൂന്തുറയിൽ മാർച്ച് 4 ന് സമാപിച്ചു. സിപിഐ(എം) ആക്ടിംഗ് സെക്രട്ടറി സ: എ വിജയരാഘവൻ സമാപന സമ്മേളനം ഉത്ഘാടനം ചെയ്തു. ഫിഷറീസ് മന്ത്രി ജെ മെഴ്സികുട്ടിഅമ്മ, പുല്ലുവിള സ്റ്റാൻലി, കൂട്ടായി ബഷീർ തുടങ്ങിയ സഖാക്കൾ അഭിസംബോധന ചെയ്തു.

# കേന്ദ്ര സാമൂഹ്യ പെൻഷൻ തുച്ഛം പാർലമെന്റ് സമിതിക്ക് അതൃപ്തി

അവശവിഭാഗങ്ങൾക്ക് സാമൂഹ്യ പെൻഷൻ ഇനത്തിൽ ചെറിയ തുക അനുവദിച്ചാൽ മതിയെന്ന കേന്ദ്ര സർക്കാർ നിലപാടിൽ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിക്ക് കടുത്ത അതൃപ്തി. ദേശീയ സാമൂഹ്യ സഹായ പദ്ധതിക്ക് കീഴിൽ മുതിർന്ന പൗരർക്കും വിധവകൾക്കും ഭിന്നശേഷിക്കാർക്കും തുച്ഛമായ തുകയാണ് പെൻഷൻ അനുവദിക്കുന്നത്.

200 മുതൽ 500 രൂപവരെയാണ് പ്രതിമാസ പെൻഷൻ. തുക ഉയർത്തണമെന്ന് രണ്ട് തവണ ശുപാർശ ചെയ്തിട്ടും സർക്കാർ ചെവിക്കൊണ്ടില്ലെന്നും പരാതിയുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് 200 മുതൽ 500 രൂപയും 40 വയസിന് മുകളിലുള്ള വിധവകൾക്ക് 300 മുതൽ 500 രൂപയും 18 മുതൽ 79 വയസുവരെയുള്ള ഭിന്നശേഷിക്കാർക്ക് 300 രൂപയുമാണ് അനുവദിക്കുന്നത്.

"സമൂഹത്തിലെ അവശ വിഭാഗങ്ങൾക്ക് ദേശീയ സാമൂഹ്യ സഹായ പദ്ധതി വഴി വളരെ തുച്ഛമായ തുക നൽകുന്നത് സമിതിയെ ഞെട്ടിപ്പിച്ചു. 200 മുതൽ 500 രൂപ വരെയാണ് സഹായം. 2019-2020, 2020- 2021 വർഷത്തെ റിപ്പോർട്ടുകളിൽ പെൻഷൻ തുക ഉയർത്താൻ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ, ഗ്രാമ വികസന മന്ത്രാലയം അവ ഗൗരവത്തോടെ കണ്ടില്ല. ഈ സാഹചര്യത്തിൽ പെൻഷൻ ഉയർത്താൻ വീണ്ടും ശുപാർശ ചെയ്യുന്നു." ഗ്രാമ വികസന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ലോകസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞു.

കേരളത്തിൽ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഇപ്പോൾ 1600 രൂപയാണ്. അത് കൃത്യമായി വിതരണം ചെയ്യുന്നുമുണ്ട്. ഇതാണ് കേരളത്തിന്റെ ബദൽ.




## സിഐടിയു സന്ദേശം

# കേരളാ നിയമസഭാ തിരഞ്ഞെടുപ്പ് 2021 സ്പെഷ്യൽ പതിപ്പ്

സിഐടിയു സന്ദേശം “കേരളാ നിയമസഭാ തിരഞ്ഞെടുപ്പ് 2021” സ്പെഷ്യൽ പതിപ്പ് സ: വൈക്കം വിശ്വൻ സ: കോടിയേരി ബാലകൃഷ്ണന് കൈമാറി പ്രകാശനം ചെയ്തു. സഖാക്കൾ എ വിജയരാഘവൻ, എളമരം കരീം, എ കെ ബാലൻ, കെ രാധാകൃഷ്ണൻ, കെ ജെ തോമസ്, പി രാജീവ്, കെ എൻ ബാലഗോപാൽ, എം എം മണി, ജോസ് ടി എബ്രഹാം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

2011 16 ലെ യുഡിഎഫ് സർക്കാരിന്റെ കാലവും 2016 21 ലെ എൽഡിഎഫ് സർക്കാരിന്റെ പ്രവർത്തനങ്ങളും താരതമ്യം ചെയ്തുകൊണ്ട് ആ വ്യത്യാസം ജനജീവിതത്തിൽ വരുത്തിയ മാറ്റം സന്ദേശം സ്പെഷ്യൽ വ്യക്തമാക്കുന്നുണ്ട്. വെള്ളപൊക്കം, കോവിഡ് 19 തുടങ്ങി നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രതിസന്ധികൾക്ക് നടുവിൽ നിന്ന് പിണറായി സർക്കാർ ഓരോ മേഖലയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ സ്പെഷ്യൽ പതിപ്പിൽ വിവരിക്കുന്നുണ്ട്. ഭാവി കേരളത്തിനായി 2021 22 ലെ കേരള ബഡ്ജറ്റും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളെകുറിച്ചും ഇലക്ഷൻ സ്പെഷ്യൽ വിശദമാകുന്നുണ്ട്. ബിജെപി സർക്കാരിന്റെ ജനദ്രോഹ നയങ്ങളും സന്ദേശം സ്പെഷ്യൽ കൃത്യമായി പറയുന്നുണ്ട്. എൽഡിഎഫിന്റെ ഇലക്ഷൻ പ്രവർത്തനത്തിന് സിഐടിയു സന്ദേശത്തിന്റെ ഈ പതിപ്പ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

# മോട്ടോർ വാഹന പണിമുടക്ക് വൻ വിജയം

പെട്രോൾഡീസൽ വിലവർദ്ധനവിനെതിരെ മാർച്ച് 2 ന് നടക്കുന്ന മോട്ടോർ വാഹന പണിമുടക്ക് വൻ വിജയമായിരുന്നു. പെട്രോളിയം ഉൽപന്നങ്ങൾക്ക് ദിവസേന വില വർദ്ധിക്കുന്ന സ്ഥിതിയാണുള്ളത്. ബസ്സ്, ലോറി, ചെറുകിട വാഹനങ്ങൾ, ഓട്ടോറിക്ഷ, ടാക്സി തുടങ്ങിയ വാഹനങ്ങൾ ഓടിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് താങ്ങാനാവാത്ത ഭാരമാണ് ഈ വിലക്കയറ്റം.

റിലയൻസ് ഉൾപ്പെടെയുള്ള കുത്തക കമ്പനികളെ സഹായിക്കാനാണ് കേന്ദ്രസർക്കാർ പെട്രോൾഡീസൽ വില നിയന്ത്രണം എടുത്ത് കളഞ്ഞത്. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിലിന് വില കുറയുമ്പോഴും ഇന്ത്യയിൽ പെട്രോൾഡീസൽപാചകവാതക വില്പനയുടെമേൽ കേന്ദ്രനികുതി വർദ്ധിപ്പിച്ച് ബിജെപി സർക്കാർ ജനങ്ങളെ കൊള്ളയടിക്കുകയാണ്. തങ്ങൾ അധികാരത്തിൽ വന്നാൽ ഒരു ലിറ്റർ പെട്രോൾ 50 രൂപക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്ത ബിജെപി സർക്കാർ ജനങ്ങളെ വഞ്ചിച്ചു. കോവിഡ് കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട ജനങ്ങളുടെ ജീവിതഭാരം അടിക്കടി വർദ്ധിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നയം തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് വിവിധ ട്രേഡ് യൂണിയനുകളും, ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷനും മാർച്ച് 2 ന് പണിമുടക്കിനാഹ്വാനം ചെയ്തത്. പണിമുടക്ക് വിജയിപ്പിക്കാൻ സംസ്ഥാനത്തെ എല്ലാ തൊഴിലാളികളും രംഗത്തിറങ്ങി.

# വർധിപ്പിച്ച ആനുകൂല്യങ്ങൾ ഏപ്രിൽ മുതൽ കൈകളിലേക്ക്

**വിവിധ ആനുകൂല്യങ്ങൾക്കായുള്ള ബജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കി എൽഡിഎഫ് സർക്കാർ. ആനുകൂല്യങ്ങൾ വർധിപ്പിച്ച് ധനവകുപ്പ് ഉത്തരവിറക്കി. ഏപ്രിൽ മുതൽ ഇവ ജനങ്ങളുടെ കൈകളിലെത്തും.**

- ഏപ്രിൽ മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപ ലഭിക്കും. വിഷു പ്രമാണിച്ച് മാസം ആദ്യം തന്നെ വിതരണം ചെയ്യും.
- റബ്ബറിന്റെ താങ്ങുവില 150 രൂപയിൽ നിന്നും 170 രൂപയാക്കി. നെല്ലിന്റെ സംഭരണ വില 28 രൂപയാക്കി. തേങ്ങയുടെ സംഭരണവില 32 രൂപ.
- ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത വിദേശ മലയാളികളുടെ വിവിധ പെൻഷനുകൾ 3000, 3500 എന്നീ നിരക്കിൽ നൽകും.
- തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ ആയിരം രൂപ വർധന.
- സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം 24000 രൂപയാക്കി.
- പത്തുവർഷത്തിൽ കൂടുതൽ പരിചയമുള്ള പ്രീ പ്രൈമറി അധ്യാപകർക്കും ആയമാർക്കും ആയിരം രൂപയുടെ ശമ്പള വർധന, പത്തുവർഷത്തിൽ താഴെ വർധന 500 രൂപ.
- 2012ന് ശേഷം ആരംഭിച്ച സർക്കാർതല പ്രീ പ്രൈമറികളിലെ അധ്യാപകർക്കും ആയമാർക്കും 1000 രൂപ വീതം.
- ലൈബ്രറി കൗൺസിലിന് കീഴിലെ ലൈബ്രേറിയൻമാരുടെ ഓണറേറിയം വർധന 1000 രൂപ.
- ജേർണലിസ്റ്റ് - നോൺ ജേർണലിസ്റ്റ് പെൻഷൻ വർധന 1000 രൂപ.
- സിഡിഎസ് ചെയർപെഴ്സൺമാരുടെ ഓണറേറിയം 8000 രൂപയാക്കി.
- അങ്കണവാടി അധ്യാപകരുടെ പെൻഷൻ 2500 രൂപ, ഹെൽപ്പർമാരുടെ പെൻഷൻ 1500 രൂപ. ഇരുവിഭാഗത്തിലും മാസ അലവൻസ് വർധന 500 മുതൽ 1000 രൂപ വരെ.
- 100 രൂപയുടെ സമ്മാനങ്ങൾക്ക് ലോട്ടറി ഏജന്റ്സ് പ്രൈസ് 10 രൂപയിൽ നിന്ന് 20 രൂപയാക്കി. മറ്റെല്ലാ സമ്മാനങ്ങളിലും ഏജന്റ്സ് പ്രൈസ് 12 ശതമാനം. എല്ലാ സ്ലാബിലുമുള്ള ഡിസ്കൗണ്ട് അര ശതമാനം ഉയർത്തി.
- ലോട്ടറി തൊഴിലാളി ക്ഷേമ ആനുകൂല്യങ്ങളിലും വലിയ വർധന. വിവാഹ ധന സഹായം 5000ൽ നിന്നും 25000 രൂപയാക്കി. പ്രസവാനുകൂല്യം അയ്യായിരത്തിൽ നിന്ന് 10000 രൂപയാക്കി. പ്രത്യേക ചികിത്സാ സഹായം 20000 ൽനിന്നും 50,000 രൂപയാക്കി. ചികിത്സാ ധനസഹായം 3000ൽനിന്നും അയ്യായിരം രൂപയാക്കി.
- ഹയർ സെക്കണ്ടറി മുതൽ ബിരുദ ബിരുദാനന്തര തലം വരെയും പ്രൊഷണൽ കോഴ്സുകൾക്കും പ്രതിവർഷം 1500 മുതൽ 7000 രൂപ വരെ സ്കോളർഷിപ്പ്.










# സ. എം. കൃഷ്ണന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു : സിഐടിയു



കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആന്റ് വർക്കേഴ്സിന്റെയും എൻഎഫ്പിഇ യുടെയും മുൻ ജനറൽ സെക്രട്ടറി സ. എം. കൃഷ്ണൻ ഫെബ്രുവരി 28 ന് രാത്രി തിരുവനന്തപുരത്ത് വച്ച് നമ്മെ വിട്ടു പിരിഞ്ഞു. കോവിഡ് 19 ന്റെ ചികിത്സയിൽ ആശുപത്രിയിലായിരിക്കുമ്പോഴായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

1974 ലാണ് പോസ്റ്റൽ സർവീസിൽ അദ്ദേഹം പ്രവേശിച്ചത്. പടിപടിയായി പോസ്റ്റൽ ജീവനക്കാരുടെയും കേന്ദ്ര സർക്കാർ ജീവനക്കാരുടെയും സംഘടനകളുടെ ഉയർന്ന തലം വരെയെത്തി. പോസ്റ്റൽ തൊഴിലാളികൾ നടത്തിയ പല ദേശീയ സമരങ്ങളിലും അദ്ദേഹം മുൻനിന്ന് പ്രവർത്തിച്ചു. കേരളത്തിലെ പല ട്രേഡ് യൂണിയൻ സമരങ്ങളിലും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. പൊതുമേഖലാ കമ്മിറ്റിയെ പ്രതിനിധീകരിച്ച് ഡബ്ല്യൂഎഫ്ടിയുവിന്റെ പല ഇന്റർനാഷണൽ കോൺഫറൻസുകളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് കനത്ത നഷ്ടമാണ് സ. എം. കൃഷ്ണന്റെ വിയോഗം വരുത്തിയിരിക്കുന്നത്. ഇടതുപക്ഷ പ്രസ്ഥാനത്തിനും നല്ലൊരു പ്രവർത്തകനെയാണ് നഷ്ടപെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ വേർപാടിൽ സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അഗാധ ദുഃഖം രേഖപ്പെടുത്തി.

# സ. കെ ബാലകൃഷ്ണന് ആദരാഞ്ജലികൾ



സിഐടിയു സംസ്ഥാന കമ്മിറ്റി അംഗവും കാസർഗോഡ് സിഐടിയു ജില്ലാ വൈസ് പ്രസിഡന്റും കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷററും കേരള സിഗാർ ആന്റ് ബീഡി വർക്കേഴ്സ് ക്ഷേമനിധി ബോർഡ് ചെയർമാനുമായ സ: കെ ബാലകൃഷ്ണൻ മാർച്ച് 17 ന് നമ്മെ വിട്ടുപിരിഞ്ഞു. കോവിഡ് 19 ന്റെ ചികിത്സയിൽ ആശുപത്രിയിലായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ അന്ത്യം. സിപിഐ(എം)ന്റെ കാസർഗോഡ് ജില്ലാ കമ്മിറ്റി അംഗവുമായിരുന്നു സഖാവ്. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ കനത്ത നഷ്ടമാണ് വരുത്തിയിരിക്കുന്നത്. ഉത്തമനായ ട്രേഡ് യൂണിയൻ നേതാവിന്റെ വേർപാടിൽ സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അഗാധമായ ദുഖം രേഖപ്പെടുത്തുന്നു.